# ക്രിസ്തീയ നാടകങ്ങൾ



ജോൺസൺ ചാലയ്ക്കൽ

# മുന്തിരിത്തോപ്പുകൾ

malankaralibrary.com

# മുന്തിരിപ്പൂക്കൾ

ജോൺസൺ ചാലയ്ക്കൽ

malankaralibrary.com

(Malayalam)
**Munthirippukkal**
**Johnson Chalackal**

First Published : August 2012
Cover design : Dn. Aljo Kuttikadan
Printed at : Bethany Offset Printers, Kottayam-686 010
Ph: 0481 - 2571355
Published by : Bethany Publication, Kottayam
e-mail: bethanyktm@gmail.com
Price : ₹ 60/-
Available at : St. Joseph Books Stall, Changanacherry

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

# മുന്തിരിപ്പൂക്കൾ വിരിയട്ടെ

വേദപുസ്തകത്തിൽ തെളിയുന്ന സുവിശേഷമായ ഈശോമിശിഹായും അവിടുന്ന് പകർന്നു നൽകിയ സുവിശേഷമൂല്യങ്ങളും ഇന്നും മനുഷ്യമനസ്സുകളിൽ പ്രഘോഷിക്കപ്പെടുന്നു. അവ മനസ്സുകളിൽ പകരുന്ന ആനന്ദവും ആശ്വാസവും അനിർവ്വചനീയമാണ്. കുഞ്ഞുന്നാളിൽ വേദപാഠക്ലാസ്സിൽ പഴയനിയമപ്പുസ്തകം തുടർക്കഥയായി പറഞ്ഞുതന്ന ദേവസ്യാസാറും ബൈബിൾ നാടകങ്ങൾ പഠിപ്പിച്ച സിജോ സാറും പുതിയനിയമകഥകൾ പറഞ്ഞുതന്ന് രാവുകൾക്കു മധുരം പകർന്ന മമ്മിയും മനസ്സിൽ വിരിയിച്ചത് മുന്തിരിപ്പൂക്കളാണ്; വചനത്തിന്റെ മുന്തിരിപ്പൂക്കൾ.

ഈ നാടകങ്ങൾ പുസ്തകരൂപത്തിലാക്കാൻ പ്രേരണ നൽകിയ ഏവർക്കും നന്ദി. അനുഗ്രഹ വചസ്സുകളേകി എന്നും പ്രോത്സാഹിപ്പിക്കുന്ന അഭിവന്ദ്യ പെരുന്തോട്ടം പിതാവിനും അവതാരിക നൽകിയനുഗ്രഹിച്ച അഭിവന്ദ്യ പവ്വത്തിൽ പിതാവിനും നന്ദി. പിന്തുണയും പ്രോത്സാഹനവുമേകിയ സെമിനാരി റെക്ടർ ബഹുമാനപ്പെട്ട അലക്സ് താരാമംഗലം അച്ചനും സ്കറിയാ കന്യാകോണിലച്ചനും ആനിമേറ്റർ ഡൊമിനിക് വെച്ചൂരച്ചനും സെമിനാരി സമൂഹം മുഴുവനും നന്ദി. കുട്ടികളുടെ നാടകവേദിയിൽ ഈ നാടകങ്ങൾ മനോഹരമായി സംവിധാനം ചെയ്തവതരിപ്പിച്ച മീഡിയാ വില്ലേജിലെ സ്റ്റാൻസൺ സാറിനും നന്ദി. മുഖചിത്രം മനോഹരമാക്കിയ ഡീക്കൻ അൽജോ കുറ്റിക്കാടനും പ്രൂഫ് റീഡിംഗ് നിർവഹിച്ച ഡീക്കൻ സെബാൻ വെള്ളാമത്തറ, ജോമോൻ കാക്കനാട്, ജോജിൻ കൂനാനിക്കൽ അക്ഷരക്കൂട്ടുകളണിയിച്ചൊരുക്കി ഭംഗിയായി മുദ്രണം നിർവ്വഹിച്ച ബഥനി പ്രസ്സിനും നന്ദി.

ക്രിസ്തീയ മൂല്യങ്ങളും തിരുവചന സന്ദേശങ്ങളും സഭയിലും സമൂഹത്തിലും കലയിലൂടെ അവതരിപ്പിക്കാൻ കുട്ടികൾക്കും മുതിർന്നവർക്കും ഈ ഗ്രന്ഥം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതിരൂപതാ മത്സരവേദികളിൽ സമ്മാനാർഹമായിട്ടുള്ള ഇതിലെ വചനരംഗാവതരണങ്ങൾ സമകാലീനസമൂഹത്തിലെ പ്രശ്നങ്ങൾക്ക് തിരുവചനത്തിലൂടെ ഉത്തരം നൽകുവാൻ ശ്രമിക്കുന്നു. ഇനിയും അനേകം കുരുന്നുമനസ്സുകളിൽ വചനത്തിന്റെ മുന്തിരിപ്പൂക്കൾ വിരിയട്ടെ എന്ന പ്രാർത്ഥനയോടെ ഈ നാടകസമാഹാരം സവിനയം സമർപ്പിക്കുന്നു.

ജോൺസൺ ചാലയ്ക്കൽ

malankaralibrary.com

**ജോൺസൺ ചാലയ്ക്കൽ**

ചങ്ങനാശ്ശേരി അതിരൂപത വൈദികവിദ്യാർത്ഥി. 1987 നവംബർ 11-ന് ചങ്ങനാശ്ശേരിക്കടുത്ത് കുരിശുംമൂട്ടിൽ ജനനം. പാറേൽ ഇടവക ചാലയ്ക്കൽ പി. കെ. ജോസഫ് - അച്ചാമ്മ ദമ്പതികളുടെ ഇളയപുത്രൻ. ഹൈസ്ക്കൂൾ വിദ്യാഭ്യാസം ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസിൽ. 2000-2002 കാലയളവിൽ കേരളകത്തോലിക്കാ വിദ്യാർത്ഥി സഖ്യത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി. 2003-ൽ സെമിനാരിയിൽ പ്രവേശിച്ചു. പ്ലസ്ടു പഠനം വാഴപ്പള്ളി സെന്റ് തെരേസാസിൽ. ആദ്യ പുസ്തകം 'ഒരു മണവാട്ടിയുടെ പ്രണയഗീതം' 2008-ൽ പ്രസിദ്ധീകരിച്ചു. ഫിലോസഫി പഠനം കോട്ടയം പൗരസ്ത്യ വിദ്യാപീഠത്തിൽ. ഇപ്പോൾ വടവാതൂർ സെമിനാരിയിൽ രണ്ടാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥി.

സഹോദരങ്ങൾ: സി. ഫ്രാൻസിൻ ചാലയ്ക്കൽ, സോഫിയ മരിയ ചാലയ്ക്കൽ.

വിലാസം: സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ, കോട്ടയം- 686010. ഫോൺ നമ്പർ: 0481-2574596, 8893437695

*ഗ്രന്ഥകാരന്റെ കൃതികൾ*

ഒരു മണവാട്ടിയുടെ പ്രണയഗീതം
കാവുകാട്ട് പിതാവ്
ഈഡിത്ത്സ്റ്റൈൻ
മുന്തിരിപ്പൂക്കൾ.

*സമർപ്പണം*

പൗരോഹിത്യത്തിന്റെയും മെത്രാഭിഷേകത്തിന്റെയും
ജൂബിലിയാഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്
മുന്തിരിപ്പൂക്കൾ സമർപ്പിക്കുന്നു...

malankaralibrary.com

# അവതാരിക

സഭയിൽ ഇന്ന് നവസുവിശേഷവൽക്കരണമെന്ന യജ്ഞം ആരംഭിച്ചിരിക്കയാണല്ലോ. വിശ്വാസത്തിന്റെ ഉള്ളടക്കമായ ദൈവവചനം, ഇന്നത്തെ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളെയെല്ലാം മറികടന്ന്, ഫലപ്രദമായി കൈമാറാനാണ് ഇന്ന് നാം കൂട്ടായി ശ്രമിക്കേണ്ടത്. പലവിധത്തിലുള്ള കലാരൂപങ്ങൾ ഇതിനു ഉപകരണമാക്കാൻ നമുക്ക് കഴിയണം. ആശയങ്ങൾ ശക്തമായി അവതരിപ്പിക്കാൻ ലഘു നാടകങ്ങൾ തീർച്ചയായും സഹായകമായിരിക്കും എന്നതിൽ സംശയമില്ല.

"മുന്തിരിപ്പൂക്കൾ" എന്ന ലഘു ഗ്രന്ഥത്തിൽ വേദപുസ്തകത്തിലെ പഞ്ചഗ്രന്ഥിയുൾപ്പെടെയുള്ള ഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ള തെരുവു നാടകങ്ങളാണ് നൽകപ്പെട്ടിരിക്കുന്നത്. വിശുദ്ധഗ്രന്ഥഭാഗങ്ങളെ അടിസ്ഥാനമാക്കി ആനുകാലികപ്രശ്നങ്ങളെയാണ് ഈ നാടകങ്ങൾ കൈകാര്യംചെയ്യുന്നത്. ഇതു തീർച്ചയായും സമുചിതമായ ഒരു സമീപന രീതിയാണ്.

വർദ്ധിച്ചുവരുന്ന ഉപഭോഗ സംസ്കാരത്തെ വിലയിരുത്തുന്നതാണ് "പാപപ്പഴം" എന്ന നാടകം. ഇതു ആദിമാതാപിതാക്കളുടെ ജീവിതത്തെ സൂചിപ്പിക്കുന്ന പഞ്ചഗ്രന്ഥിഭാഗത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ബാബേൽ ഗോപുരനിർമ്മാണത്തെ ആസ്പദമാക്കിയുള്ള "പണിതീരാപ്പട്ടണം" എന്ന നാടകം ശാസ്ത്രത്തിന് അമിത പ്രാധാന്യം നൽകി വിശ്വാസത്തെ തള്ളിപ്പറയുന്ന രീതിക്കെതിരെയുള്ളതാണ്. "രക്തമുദ്ര" എന്ന നാടകം കായേൻ - ആബേൽ ബന്ധത്തെ അടിസ്ഥാനമാക്കി ഇന്നു വളർന്നു വരുന്ന അക്രമരാഷ്ട്രീയത്തെ നിശിതമായി വിമർശിക്കുന്നു. ഇങ്ങനെ ഓരോ നാടകവും ഇന്നത്തെ പ്രശ്നങ്ങളിലേയ്ക്ക് നമ്മുടെ ചിന്തകളെ നയിക്കുന്നത് പുതിയ തലമുറയുടെ രൂപീകരണത്തെ സഹായിക്കുമെന്നു പ്രതീക്ഷിക്കാം.

ബ്രദർ ജോൺസൺ ചാലയ്ക്കൽ സെമിനാരി വിദ്യാർത്ഥികളുടെ ഇടയിലെ അറിയപ്പെടുന്ന സാഹിത്യകാരനാണ്. കവിതകളും ഗൗരവമായ ചർച്ചകളുമടങ്ങുന്ന ഗ്രന്ഥങ്ങൾ അദ്ദേഹം ഇതിനോടകം രചിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ യുവ സാഹിത്യകാരൻ തീർച്ചയായും പ്രോത്സാഹനം അർഹിക്കുന്നു. ഭാവിയിൽ വൈദികനെന്നനിലയിൽ ഇങ്ങനെയുള്ള നൂതനമായ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഫലപ്രദമായി സുവിശേഷം പ്രഘോഷിക്കാൻ അദ്ദേഹത്തിനു കഴിയുമെന്നു പ്രതീക്ഷിക്കാം. പഠനത്തിന് ഭംഗം വരുത്താതെ ഇത്രയെല്ലാം സാധിക്കുന്ന അദ്ദേഹത്തിന് ഈ രംഗത്തു കൂടുതൽ സംഭാവനകൾ നൽകാൻ കഴിയുമെന്നു കരുതുന്നതിൽ തെറ്റില്ല.

ബ്ര. ജോൺസണ് ഹൃദയംഗമമായ അനുമോദനങ്ങളും ആശംസകളും.

ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ

malankaralibrary.com

# ഇതളുകളിൽ


മുന്തിരിപ്പൂക്കൾ വിരിയട്ടെ ..... 5
അവതാരിക ..... 6
പാപപ്പഴം ..... 9
രക്തമുദ്ര ..... 17
വയലോരത്തൊരു വീട് ..... 24
പാതിഹൃദയം ..... 34
സത്യനീതിബോധിനി ..... 42
അഗ്നിനക്ഷത്രം ..... 52
യൂദാതോമ്മാ ..... 63
ഓർക്കൂട്ട് ..... 69
വനം ഒരു വരം ..... 75
പണിതീരാപട്ടണം ..... 80
ഗർഷോം ..... 87


malankaralibrary.com

malankaralibrary.com

# പാപപ്പഴം

(കർട്ടൻ ഉയരുന്നു. നാടൻപാട്ടിന്റെ ഈരടിയിൽ കോറസുകൾ ചുവടുകൾവച്ച് കടന്നുവരുന്നു. തനതിന്നതാനാതിന്നതന്തിനോ.....കോറസുകൾ ചേർന്ന് റെസ്റ്റോറന്റ് അവതരിപ്പിക്കുന്നു. വിവിധ തരം ഭക്ഷണങ്ങൾ തയ്യാറാക്കുന്നു. ഭക്ഷണം കഴിക്കുന്നു. കാശു കൊടുക്കുന്നു. എല്ലാവരും നിശ്ചലരാകുന്നു. ചെണ്ടമേളം)

സൂത്രധാരൻ : എന്താ മടിച്ചുനിൽക്കുന്നത്? രുചിയേറുന്ന വിഭവങ്ങളുടെ ഗന്ധം നാസാദ്വാരങ്ങളിൽ തത്തിക്കളിക്കുന്നില്ലേ? ഈ ഭക്ഷണശാലയിൽ നിങ്ങൾക്കും ഒരു പ്ലേറ്റു പറയട്ടെ. കപ്പ ബിരിയാണിയും, പോട്ടിയും, ചപ്പാത്തിയും പൊരിച്ച കോഴിയുമൊക്കെയുണ്ട്. ഈ വഴി പോകുന്നവരാരും ഇവിടെക്കയറാതെ പോകാറില്ല.

(കഴിച്ചുകൊണ്ടിരിക്കുന്ന ഒരാൾ മുന്നിലേക്കു വന്ന്)

കോറസ് : ആശാനേ, വയറുനിറഞ്ഞപ്പോ വന്ന കാര്യം മറന്നോ? നമ്മുക്കു നാടകം കളിക്കേണ്ടേ?

സൂത്രധാരൻ : എന്റെ വയറേ...ഞാനതങ്ങു മറന്നു. ഇനി വൈകണ്ട. തുടങ്ങിക്കളയാം. സഹൃദയരേ....ഭക്ഷണം വരുത്തി വച്ച വിനയാണ് ഈ കഥയുടെ ഇതിവൃത്തം. ഞങ്ങളാരംഭിക്കട്ടെ..പാപപ്പഴം (ചെണ്ടമേളം തനതിന്നതാനാതിന്ന....)

(സ്കൂളിൽ പോയ കുട്ടി ബാഗുമായി ഓടിയെത്തുന്നു. ബാഗു വലിച്ചെറിയുന്നു.)

കുട്ടി : മമ്മീ.....നിമ്മി എത്തി.

മമ്മി : മോളു ഡ്രസുമാറി വന്നു വല്ലതും കഴിക്ക്

കുട്ടി : എന്താ മമ്മീ ഇന്നു സ്പെഷ്യൽ

മമ്മി : നല്ല ചൂടുദോശയും ചമ്മന്തിയുമുണ്ട്.

കുട്ടി : ഓ ഈ മമ്മിയുടെ ഒരു കാര്യം. എനിക്കു ദോശ വേണ്ടന്ന് എത്ര തവണ പറഞ്ഞു. എനിക്കു ന്യൂഡിൽസ് മതി. (ചെണ്ടമേളം)



malankaralibrary.com

കോറസുകൾ : മമ്മീ....ഓ മമ്മി

കുട്ടിക്കു ന്യൂഡിൽസ് കൊടുക്കൂ.... (ചെണ്ടമേളം)

ഒന്നാമൻ : നല്ല മമ്മിയാകുവാൻ കുട്ടികൾക്ക് മാഗി ന്യൂഡിൽസ് കൊടുക്കുക.

(തനതിന്നതാനതിന്ന....കോറസുകൾ വലം വയ്ക്കുന്നു. ചെണ്ടമേളം)

(തട്ടുകട)

കോറസ് : ചേട്ടാ ഒരു പ്ലേറ്റ് ഷവർമ ഒന്നു പെട്ടെന്നെടുക്കണം.

കോറസ് : എന്താ മാഷേ ഇത്ര തിരക്ക്.

കോറസ് : അമ്മ സീരിയസായി മെഡിക്കൽ കോളേജിൽ ICU-വിലാണ്. പെട്ടെന്നു പോണം.

കോറസ് : കോട്ടയത്തിനു ബസ് ഇപ്പം പോയതല്ലേയുള്ളൂ?

കോറസ് : അതിൽ കയറിയതാ.....ഇവിടെയെത്തിയപ്പോഴാ ഷവർമയുടെ നല്ല മണം. പിന്നെ ചിന്തിച്ചില്ല. യാത്ര പിന്നീടാക്കി.....

(ചെണ്ടമേളം)

രണ്ടാമൻ : വിഡ്ഢീ.....ഷവർമ്മയാണോ അമ്മയാണോ നിനക്കു വലുത്.

(കോറസുകൾ കൈ ചുണ്ടി)

തിന്നുക തിന്നുക തിന്നു മരിക്കുക
നിന്നുടൽ ഊഴിയിൽ ധൂളി
തിന്നു കുടിച്ചു മദിക്കുക നാളെ നിൻ
മൃത്യു പടിക്കലായ് നിൽപൂ
തന്ന വയറു നീ തിന്നു നിറയ്ക്കുക
ഭൂമിയിൽ നല്ലൊരു ജോലി
തിന്നുവാനായിപ്പിറന്നവരാണു നാം
തിന്നുക തിന്നു മരിക്കൂ....

മൂന്നാമൻ: കേട്ടില്ലേ കൂട്ടരേ.....തീറ്റസംസ്ക്കാരത്തിന്റെ തോറ്റം പാട്ടുകൾ. മരണസംസ്ക്കാരത്തിന്റെ പരസ്യലേബലിൽ ജീവിതത്തിന്റെ ലക്ഷ്യം ഉദരപൂരണമാണെന്നു പഠിപ്പിക്കുന്നവർ.



malankaralibrary.com

നാലാമൻ: നഗരത്തിലേക്കു നോക്കൂ....അടുത്തടുത്തുയരുന്ന പഞ്ചന ക്ഷത്രഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കൂണുപോലെ തട്ടു കടകൾ. ബസ് ഡ്രൈവർമാരുടെ പോലും നിയന്ത്രണം തെറ്റിക്കുന്ന മസാലക്കൂട്ടുകളുടെ മുന്തിയ മണം.

അഞ്ചാമൻ: അമ്മയുടെ കൈപ്പുണ്യം ഇന്നാർക്ക് വേണം. എല്ലാവർക്കും. ഫാസ്റ്റ് ഫുഡ് മതി. ഫുഡ് ഫാസ്റ്റായപ്പോൾ സ്ലോയായത് ദഹനമാണ്. (വയറുതിരുമ്മുന്നു.)

ഒന്നാമൻ : അടുക്കളയിൽ പൂച്ച പെറ്റു തുടങ്ങിയതോടെ അന്തിനേര ങ്ങളിൽ ആളുകൾ ഹോട്ടലുകളിലെ അന്തേവാസികൾ. വീടോ കള്ളൻമാരുടെ കളിസ്ഥലവും.

തീറ്റക്കഥകൾ സിനിമകളാകുന്നു
പെപ്പറും സാൾട്ടുമേ റ്റൈറ്റിൽ
സാൻവിച്ചും സ്പാനിഷ് മസാലയും ചേർത്തുള്ള
ഉസ്താദുഹോട്ടൽ തുറന്നിടുന്നു.

രണ്ടാമൻ: മാദ്ധ്യമങ്ങളുടെ മായാലോകത്തിൽ യുവാക്കളും തീറ്റസം സ്ക്കാരത്തിന്റെ ഇരകളായി. വയറു നോക്കാതെ തിന്നു തീർക്കുന്നവർക്ക് വയറുകുറയ്ക്കാനും യന്ത്രങ്ങൾ വന്നു.

മൂന്നാമൻ: വയറായാൽ ഷേയ്പ്പുവേണം. ഷേയ്പ്പാകാൻ ഇൻഷേയ്പ്പ് വേണം.

രണ്ടാമൻ: ആർത്തിസംസ്ക്കാരവും തീറ്റസംസ്ക്കാരവും മനുഷ്യ സമൂഹത്തെ നശിപ്പിക്കുമെന്ന് കൂട്ടരെ നാം തിരിച്ചറിയണം. ആദ്യത്തെ പാപവും ഭക്ഷണം വരുത്തി വച്ചതല്ലേ....ഒന്നു തിരിഞ്ഞു നോക്കിക്കേ....ഉൽപ്പത്തിയിലേക്ക്....

തന്താനോ തന്താനോ തന്താനോ തക തന്താനോ
അങ്ങു കിഴക്കേ ദിക്കിൽ ഏദേനിലുണ്ടൊരു തോട്ടം
തെങ്ങും കവുങ്ങും മാവും പ്ലാവും ഫലവൃക്ഷവും
തെറ്റും ശരിയും തീർക്കും ജ്ഞാനപ്പഴത്തിൻ വൃക്ഷം,
ജീവൻ പകരും വൃക്ഷം എങ്ങും സമൃദ്ധിതന്നെ.

(ആദവും ഹവ്വയും മരത്തിന്റെ പഴങ്ങൾ പറിച്ചുതിന്നുന്നു.)

കോറസുകൾ മരം പോലെ നിൽക്കുന്നു.



malankaralibrary.com

ഹവ്വ: ദേ മനുഷ്യേനേ....ഉള്ള പഴമെല്ലാം വലിച്ചുകേറ്റിയാൽ വല്ല കൊള്ളയും വരും. ഇന്നാളു പിഷോൺ നദിക്കരയിലെ പഴമെല്ലാം തിന്നിട്ട് രണ്ടാഴ്ച വാളുവച്ച് കിടന്നത് മറക്കണ്ട.

ആദം: നീ ചൂടാകാതെടീ....ഈ ഏദൻതോട്ടത്തിലെ പഴമെല്ലാം നമുക്കു തിന്നാനല്ലേ ദൈവം തന്നത്...?

ഹവ്വ: തോട്ടം ദൈവത്തിന്റെയാണേലും വയറു നമ്മുടെയാണെന്നു മറക്കരുത്.

ആദം: അവളുടെ ഒരു തമാശ. എടീ ഈ തോട്ടത്തിലെ ഓരോ പഴത്തിനും രുചി ഒന്നു വേറെ തന്നെയാ. ആദത്തിന് അവയെല്ലാം ആസ്വദിക്കണം.

ഹവ്വ: ഇങ്ങേരുടെ ഒരു ആസ്വാദനം. എന്നാ ആ നടുവിൽ നിൽക്കുന്ന മരത്തിന്റെ പഴം കൂടി പറിച്ചു തിന്ന്.....(ആദം ഞെട്ടുന്നു.)

ആദം: എടീ കുരുത്തംകെട്ടവളെ...കരിനാക്കു വളയ്ക്കാതെടീ....മരം മാറി ആ പഴം തിന്നുന്നത് സ്വപ്നം കണ്ടു പലവട്ടം ഞാൻ ഞെട്ടി ഉണർന്നിട്ടുണ്ട്.

ഹവ്വ: എങ്കിൽ കഴിച്ചതു മതി. വാ നമുക്കു പോകാം.

ആനന്ദം ആനന്ദം ഉള്ളിൽ തിങ്ങും സംഗീതം
ഏദേനിൽ പൂ ചൂടും ആദാമിന്റെ സന്തോഷം
ഉല്ലാസം ഉല്ലാസം അല്ലലില്ലാസന്തോഷം
ഹവ്വായും പാടുന്നു ഏദേനിലെ സംഗീതം തന്താനോ.....

(കോറസുകൾ ചുവടുവച്ച് വട്ടം കറങ്ങുന്നു. ഹവ്വ. മരച്ചുവട്ടിൽ ഇരിക്കുന്നു. ഒരു മരത്തിന്റെ പിന്നിൽ നിന്നും സർപ്പം വരുന്നു. ചെണ്ടമേളം)

സർപ്പം: ഹവ്വാ നീയെന്താണ് ചിന്താവിഷ്ടയായി ഇരിക്കുന്നത്?

ഹവ്വ: ആരിത് സർപ്പമോ....നീയെന്താണീ വഴി.....?

സർപ്പം: ഇതുവഴി പോയപ്പോൾ നിന്നെ കണ്ടു വന്നതാ. പുള്ളിക്കാരനില്ലേ....?

ഹവ്വ: പിഷോൺ നദിയിൽ കുളിക്കാൻ പോയതാ.

സർപ്പം: നന്നായി



malankaralibrary.com

ഹവ്വ: എന്താ പറഞ്ഞേ...?

സർപ്പം: അല്ല.....കുളിക്കുന്നതു നല്ലതാണെന്നു പറഞ്ഞതാ. ഹവ്വാ.... തോട്ടത്തിലെ പഴമൊന്നും തിന്നരുതെന്നു ദൈവം പറഞ്ഞിട്ടുണ്ടോ?

ഹവ്വ: ഏയ് ഇല്ല. ഈ തോട്ടത്തിലെ ഏതു പഴവും ഞങ്ങൾക്ക് യഥേഷ്ടം തിന്നാം. ചേട്ടനാണേൽ അതിനേ സമയമുള്ളൂ. ആ പിന്നെ....നടുവിൽ നിൽക്കുന്ന മരത്തിന്റെ പഴം മാത്രം തിന്നാൻ പാടില്ല. തിന്നാലേ ഞങ്ങൾ മരിക്കും.

സർപ്പം: ഓ....പുളു.

ഹവ്വ: സത്യമാണു പാമ്പേ....പാമ്പാണു സത്യം.

സർപ്പം : എന്റെ ഹവ്വാ....നിന്റെ നന്മയ്ക്കുവേണ്ടി ഞാൻ പറയുവാ... ആദം ആളൊരു മണ്ടൂസാ....നിന്റെ കഴിവിലല്ലേ അങ്ങേരു നേരെ നിൽക്കണേ....ദൈവം പറയുന്നതെല്ലാം കേട്ട് നിൽക്കുന്നത് നട്ടെല്ലില്ലാഞ്ഞിട്ടല്ലേ....ഉണ്ടായിരുന്ന ഒന്ന് ദൈവം ഊരിയെടുത്തു നിനക്കു തന്നു.

ഹവ്വ: നട്ടെല്ലല്ല.....വാരിയെല്ല്....

സർപ്പം : എന്താണേലും എല്ലല്ലേ...നീ ഈ പഴമൊന്നു നോക്കിക്കേ....

ഹവ്വ: ഹായ്, എന്തു നല്ല പഴം....നല്ല നിറവും....കണ്ടിട്ട് കൊതിയാവണു...ഇങ്ങനെയൊരു പഴം ഞാനിതുവരെ കണ്ടില്ലെല്ലോ....ഇതേതു മരത്തിലേതാ....?

സർപ്പം: ഇതാണു നടുവിൽ നിൽക്കുന്ന മരത്തിന്റെ പഴം

ഹവ്വ: പാമ്പേ...നീയെന്താണീ കാണിച്ചത്. ദൈവം വിലക്കിയ പഴമല്ലേ? ഇതു തൊടാൻ പോലും പാടില്ല.

സർപ്പം: ഹവ്വാ നീയും ഇതെല്ലാം വിശ്വസിക്കുന്നുണ്ടോ....നീയൊന്നുവല്ലേലും അറിവുള്ളവളല്ലേ. ഈ പഴം തിന്നാൽ നിങ്ങളുടെ ജീവിതം തന്നെ മാറും....(ചെണ്ടമേളം)

കോറസ് 1 : ശരീരസൗന്ദര്യത്തിനും അംഗലാവണ്യത്തിനും അത്യുത്തമം. മുഖസൗന്ദര്യം വർദ്ധിപ്പിച്ച് നല്ല ഗോതമ്പിന്റെ നിറം.

കോറസ് 2 : ബുദ്ധിക്കും ഓർമ്മയ്ക്കും ഉത്തമഔഷധം. ഉണർവ്വിനും ശക്തിക്കും ഫലപ്രദമായ ഒറ്റമൂലി.



malankaralibrary.com

കോറസ് 3 : ഒരു വട്ടം പരീക്ഷിക്കൂ. വ്യത്യാസം തിരിച്ചറിയൂ. ഇനി നിങ്ങളുമാകും ദൈവത്തെപ്പോലെ.

(ചെണ്ടമേളം കോറസുകൾ ചുറ്റുന്നു. ഒന്നുചേർന്ന്....)

കോറസുകൾ : അതാ വരുന്നു നിന്റെ ഭർത്താവ്. സന്തുഷ്ട ജീവിതത്തിന് ഈ ഔഷധം അവനും കൊടുക്കൂ...

(ആദം വരുന്നു)

ഹവ്വ: ചേട്ടാ....ഈ പഴം കണ്ടോ. (ആദം വാങ്ങുന്നു)

ആദം : ഹായ്.....നല്ല ഭംഗി....നിനക്കിതെവിടുന്നു കിട്ടി...?

ഹവ്വ : പാമ്പുതന്നതാ. ചേട്ടനു മനസ്സിലായോ ഈ പഴമേതാണെന്ന്? ഞാനൊരു ക്ലൂ തരാം. (ചെണ്ടമേളം)

കോറസുകൾ:

മരത്തിലുണ്ട് കരത്തിലില്ല
നടുവിലുണ്ട് മടിയിലില്ല
തിന്നാൽ നമ്മൾ മരിക്കുകില്ല
വരിച്ചിടും നാം ദൈവശക്തി...

ഉത്തരം അതു തന്നെ.....നടുവിൽ നിൽക്കുന്ന നന്മതിന്മകളുടെ പഴം (ചെണ്ടമേളം)

ആദം: (ഭയത്തോടെ) ഹവ്വാ....നീയെന്താണീ ചെയ്തത്...നടുവിൽ നിൽക്കുന്ന മരത്തിന്റെ പഴം നീ പറിച്ചോ? നശിച്ചവളേ.... ദൈവകോപം വരുത്തിവയ്ക്കരുത്.

ഹവ്വ: എന്റെ ചേട്ടാ...ഇങ്ങനെ പേടിച്ചാലോ. തൊടുകപോലുമരുതെന്നു പറഞ്ഞതല്ലേ....തൊട്ടിട്ട് എനിക്കെന്തേലും പറ്റിയോ. ഇല്ല. അതാ ഞാൻ പറഞ്ഞത് ദൈവം നമ്മെ കബളിപ്പിച്ചതാണെന്ന്.

ആദം: ഇല്ല ഹവ്വാ...ദൈവം നമ്മെ ചതിക്കില്ല. ഈ കാണുന്നതെല്ലാം നമുക്കു സ്വന്തമായി തന്ന ദൈവം നമ്മെ ചതിക്കുന്നതെന്തിന്?

ഹവ്വ: അതാണു ചേട്ടാ പരസ്യതന്ത്രം. ഈ കണ്ടതെല്ലാം വെറും പരസ്യമായിരുന്നു. നാമതിൽ മതിമയങ്ങി ദൈവത്തിനു



malankaralibrary.com

കീഴ്വഴങ്ങി ജീവിക്കാൻ. പഴം തിന്നാൽ നാം ദൈവത്തെ പ്പോലെയാകും. പിന്നെ ദൈവത്തിനു തന്റെ സ്ഥാനം പോകില്ലേ...

(ആദവും ഹവ്വയും ചിന്തിക്കുന്നു)

പാപപ്പഴത്തിന്റെ ഭംഗികണ്ടന്നവർ
പാവനരൂപനെ കൈവെടിഞ്ഞു
കണ്ണിനു കൗതുകം നാവിനാസ്വാദ്യവും
അറിവേകുവാനഭികാമ്യവുമായ്
തിന്നുനരനുമാനാരിയും തൽക്ഷണം
നഗ്നരായ് തീർന്നതറിഞ്ഞുവല്ലോ

(കോറസുകൾ ചുവടുകൾ വയ്ക്കുന്നു. ആദവും ഹവ്വയും ലജ്ജിതരായി മരങ്ങൾക്കിടയിൽ മറയുന്നു)

ഭക്ഷണമേകിയ ശിക്ഷകൾ തൽക്ഷണം
കഷ്ടതയായവർ ഏറ്റുവാങ്ങി
ഭക്ഷണം നേടുവാനക്ഷീണമധ്വാന-
ഭാരം വഹിച്ചു തളർന്നു മർത്യൻ (മണ്ണിൽ പണിയെടുക്കുന്നു)
മുൾച്ചെടിക്കാട്ടിൽ ചവുട്ടിനടന്നവൻ
പാപപ്പിശാചിൻ അടിമയായി

(പിശാച് ആദത്തെയും ഹവ്വായെയും മർദ്ദിക്കുന്നു. നിലവിളി ഉയരുന്നു. ആദവും ഹവ്വയും ആർത്തിയോടെ പഴങ്ങൾ പറിക്കുന്നു. തുപ്പിക്കളയുന്നു. പിന്നിൽ നിന്നു സാത്താൻ ചാട്ടകൊണ്ടടിക്കുന്നു. ചെണ്ടമേളം)

നിർത്തൂ.....

(പിന്നിൽ നിന്ന് ഈശോ ക്ഷീണിതനായി വരുന്നു)

സാത്താൻ: ഈ മരുഭൂമിയിൽ എന്നോട് ആജ്ഞാപിക്കാൻ ആരാണു നീ....?

ഈശോ: ഞാനാണ് ദൈവപുത്രൻ. നിന്റെ കെണിയിൽ നിന്നും ഇവരെ രക്ഷിക്കാൻ വന്നതാണ്.

സാത്താൻ: ഹഹഹ.....ദൈവപുത്രനോ....വാടിയ താമരപോലെ വരുന്നത്. നാൽപതുദിവസം ഭക്ഷണം കഴിക്കാതെ എല്ലുംതോലുമായിരിക്കുന്നു. എങ്കിൽ ഈ കല്ലുകൾ അപ്പമാക്കി വിശപ്പുതീർക്ക്.....ഞാനൊന്നു കാണട്ടെ.....എന്നിട്ടാകാം നമ്മളു തമ്മിലുള്ള യുദ്ധം.



malankaralibrary.com

ഈശോ: മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല.....ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന വചനത്താലുമാണ് ജീവിക്കുന്നത്. സാത്താനെ ദൂരെ പോ....

(ചെണ്ടമേളം.....സാത്താനും ദൈവപുത്രനും ഏറ്റുമുട്ടുന്നു. കോറസുകൾ പരസ്പരം ഏറ്റുമുട്ടുന്നു. ചെണ്ടമേളം മുറുകുന്നു. സാത്താനെ വലിച്ചെറിയുന്നു. ദൈവപുത്രനൊഴികെ എല്ലാവരും നിലത്തുവീഴുന്നു.)

ആദം: പിശാചിന്റെ അടിമത്തത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ച ദൈവപുത്രാ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങൾ എന്താണു ചെയ്യേണ്ടത്....?

ഈശോ: നശ്വരമായ അപ്പത്തിനുവേണ്ടി ആഗ്രഹിക്കാതെ നിത്യജീവന്റെ അപ്പത്തിനുവേണ്ടി ആഗ്രഹിക്കുവിൻ.

ഹവ്വ: ഈ.....അപ്പം ഞങ്ങൾ എന്നും ഭക്ഷിക്കേണ്ടതിന് കർത്താവേ, ഏതാണ് ആ സ്വർഗ്ഗീയ അപ്പം.

ഈശോ : സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. എന്നെ ഭക്ഷിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല. (ഈശോ കൈകൾ വിരിച്ചുനിൽക്കുന്നു.)

(ചെണ്ടമേളം. കോറസുകൾ എഴുന്നേൽക്കുന്നു. താളത്തിൽ ചുവടുകൾ വച്ച് വലം വയ്ക്കുന്നു.)

നരലോകപാലകനീശോ
പാപപരിഹാരം ചെയ്തീടാൻ ഭൂവിൽ പിറന്നു.
ഭക്ഷണമേകിയ പാപം ഈശോ
ഭക്ഷണമില്ലാതെ ഭൂവിൽ തകർത്തു
പായസക്കൊതിമൂലമേസാവ്
പണ്ടു പുത്രാവകാശം നഷ്ടപ്പെടുത്തി
സത്യൈക പുത്രനാമീശോ നിത്യ
ജീവന്റെ അപ്പമായ് മന്നിൽ തെളിഞ്ഞു..തനതിന്ന





malankaralibrary.com

# രക്തമുദ്ര

(കർട്ടൻ ഉയരുന്നു. കറുത്ത വസ്ത്രം ധരിച്ചവർ ഒരു നിരയായി നിൽക്കുന്നു. പശ്ചാത്തലത്തിൽ ഭീതി പകരുന്ന സംഗീതം ഉയരുന്നു. കോറസുകൾ മുഖത്ത് വെളുപ്പും കറുപ്പും ചായങ്ങൾ പൂശിയിരിക്കുന്നു. കോറസുകൾ രണ്ടുപേർ വീതം ചുവടുകൾ വച്ചു നീങ്ങുന്നു. ഒടുവിൽ എല്ലാവരും നിലത്തുവീഴുന്നു. ഒരാൾ എഴുന്നേറ്റ് നടുവിൽ നിന്നുകൊണ്ട്)

ദൈവമേ...മനുഷ്യർ എന്നെ ആക്രമിക്കാൻ വരുന്നു. ശത്രുക്കളുടെ കരങ്ങളിൽ നിന്ന് എന്നെ രക്ഷിക്കണമേ. (നാലു ഭാഗത്തുനിന്നും കോറസുകൾ പതിയെ എഴുന്നേറ്റുവരുന്നു. നടുവിൽ നിൽക്കുന്നവർ ചുറ്റും അർദ്ധവൃത്താകൃതിയിൽ.)

ദൈവമേ...എന്റെ ജീവൻ അപകടത്തിലാകുന്നു. (കോറസുകൾ ചുവടുകൾ വേഗത്തിലാക്കുന്നു. വലം വയ്ക്കുന്നു. മധ്യത്തിൽ നിൽക്കുന്നയാൾ കുതറിമാറാൻ ശ്രമിക്കുന്നു. കോറസുകൾ കയർ കറക്കുന്നു. കുരുക്കെറിഞ്ഞ് വലിക്കുന്നു. അവൻ പിടയുന്നു... ശബ്ദം നിലയ്ക്കുന്നു. കോറസുകൾ പിൻവലിഞ്ഞ് രണ്ടുവശത്തായി നിരയായി നിൽക്കുന്നു. ശോകസംഗീതം....മരിച്ചവൻ എഴുന്നേൽക്കുന്നു.)

എന്റെ ദൈവമേ.....എന്റെ ജീവനെ നശിപ്പിച്ചവരോട് നീ പകരം ചോദിക്കണമേ. നിരപരാധിയായ എന്നെ അവൻ കൊന്നുകളഞ്ഞു. മരണത്തിന്റെ താഴ്വരയിലേക്ക് വലിച്ചെറിയാൻ ഞാൻ എന്ത പരാധമാണ് ചെയ്തത്? എന്റെ മരണകാരണം ആരാണ് അന്വേഷിക്കുക. ജീവിതത്തെ പ്രണയിച്ചതിന് അവരെനിക്കു മരണശിക്ഷ നൽകി.

ദൈവം : ആബേൽ....നിന്റെ വിലാപം എന്റെ കാതുകളിൽ എത്തിയിരിക്കുന്നു. കായേൻ നശിപ്പിച്ച നിന്റെ ജീവൻ ഞാൻ സ്വീകരിച്ചു കഴിഞ്ഞു. പകരം പുതുജീവൻ ഞാൻ നിനക്കു നൽകും. ശരീരത്തെ നശിപ്പിക്കുന്നവനെ നീ ഭയപ്പെടേണ്ട.



malankaralibrary.com

ആത്മാവിനെ കൊല്ലുന്നവനെ ഭയപ്പെടുവിൻ. അകാരണമായി ഭൂമിയിൽ ചൊരിയപ്പെട്ട നിന്റെ രക്തം എന്റെ സന്നിധിയിൽ ഉത്തമബലിയായിരിക്കുന്നു. എല്ലാ നീതിമാൻമാരുടെയും ബലികൾ അവയോടു ചേർക്കപ്പെടും. നിന്റെ ആദ്യബലി പോലെ.

(ചെണ്ടമേളത്തിന്റെ അകമ്പടിയോടെ കോറസുകൾ രണ്ടു വശങ്ങളിലായി ബലിപീഠമായി നിൽക്കുന്നു. കായേനും ആബേലും ബലിയർപ്പിക്കുന്നു. ആബേലിന്റെ ബലിപീഠത്തിൽ കോറസുകൾ ജ്വാലകളായി നിൽക്കുന്നു.)

അശരീരി : ആബേൽ, നിന്റെ ബലിയിലും കാഴ്ചയിലും ഞാൻ സംപ്രീതനായിരിക്കുന്നു.

(ആബേൽ താണുവണങ്ങുന്നു. കായേൻ ഭ്രാന്തനെപ്പോലെ തന്റെ ബലിപീഠം തട്ടിമറിക്കുന്നു.)

കായേൻ : പകലന്തിയോളം പണിയെടുത്ത് മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകന്റെ കാണിക്കയോട് ദൈവത്തിനുപോലും പുച്ഛം. ഇനി വേണ്ട....അധ്വാനിക്കുന്നവന്റെ വിയർപ്പുവീഴാതെ മുള്ളും മുൾച്ചെടിയും കയറി എല്ലാം നശിക്കട്ടെ....

അശരീരി : കായേൻ, നിന്റെ മുഖമെന്തേ വാടിയിരിക്കുന്നു? ഉചിതമായി പ്രവർത്തിച്ചിരുന്നെങ്കിൽ നീയും സ്വീകാര്യനാകുമായിരുന്നില്ലേ? നല്ലതു ചെയ്തില്ലെങ്കിൽ പാപം വാതിൽക്കൽതന്നെ പതിയിരിക്കുന്നുവെന്ന് ഓർക്കുക.

(ചെണ്ടമേളം. ആദത്തിന്റെ വീട്. നിരാശനായി കായേൻ കടന്നുവരുന്നു.)

ആദം : എടീ ഹവ്വേ.....ദേ നമ്മുടെ കർഷകൻ വരുന്നു. ഈ വർഷത്തെ കർഷകശ്രീ അവാർഡ് ദൈവത്തിൽനിന്നു വാങ്ങിയാ വരവ്..

ഹവ്വ : നിങ്ങളുവെറുതേ അതുമിതും പറഞ്ഞ് അവനെ വിഷമിപ്പിക്കാതെ. എന്തുപറ്റി മോനേ?

കായേൻ : എന്തു പറ്റാനാ....കായേന്റെ ബലിപീഠത്തിൽ ദൈവംതമ്പുരാൻ അഗ്നിയിറക്കിയില്ല.

ആദം : അയ്യോടീ...ഹവ്വേ ഇവനും നമ്മുടെ മോൻ തന്നെയല്ലേ.... പിന്നെ കർത്താവിനെന്താണൊരു വേർതിരിവ്. ഒരുത്തനവിടെ ബലിയർപ്പിച്ചു വന്നിട്ട് പുട്ടും മൊട്ടേം കേറ്റുന്നു. അവനു തീയും കിട്ടി...അനുഗ്രഹോം കിട്ടി.

കായേൻ : ഇവിടെയെല്ലാവർക്കും അവനോടാണല്ലോ ഇഷ്ടം.



malankaralibrary.com

ഹവ്വ : അങ്ങനെയൊന്നും പറയല്ലേ മോനേ....ഞങ്ങൾക്ക് നീയും അവനും ഒരുപോലെയല്ലേ

ആദം: അവൻ പറയെട്ടടീ....എടാ മകനേ....ദൈവാനുഗ്രഹം കിട്ടണേ കയ്യിലിരുപ്പു ചൊവ്വാകണം. അതെങ്ങനാ വെള്ളരിക്കാത്തോട്ടത്തിൽ കുമ്പളം മുളപ്പിക്കുന്നവനല്ലേ നീ.

കായേൻ : കയ്യിലിരുപ്പിന്റെ ഗുണംകൊണ്ട് പറുദീസ കളഞ്ഞില്ലേ രണ്ടും. ദൈവത്തെ ധിക്കരിച്ച് പറുദീസ കളഞ്ഞിട്ട് എന്നെ ഉപദേശിക്കാൻ വരണ്ട.....എന്റെ ഗതികേടിനു കാരണം നിങ്ങളൊറ്റയൊരുത്തനാ.

ആദം : എന്തു പറഞ്ഞെടാ....വഴിപിഴച്ച സന്തതീ.....

ഹവ്വ : നിർത്ത്....എന്തായിത്....കായേനെ നീയെന്താടാ അപ്പനോടിങ്ങനെയൊക്കെ സംസാരിക്കുന്നത്. നീയാകെ മാറിപ്പോയി.

കായേൻ : മാറും അമ്മേ...ദൈവം പോലും ഉപേക്ഷിച്ചവന് ഇനിയൊന്നും നോക്കാനില്ല. കിഴക്കേ ദിക്കിൽ ഒരിക്കൽ കൂടി ഞാൻ ബലിപീഠം തീർക്കും...ഒന്നില്ലാതെ വിളവു മുഴുവൻ വെട്ടിയരിഞ്ഞുവയ്ക്കും ഞാൻ ദൈവത്തിന്റെ മുമ്പിൽ..... കാണട്ടെ അഗ്നിയിറക്കുന്നത്.

(കായേൻ പുറത്തേക്ക് പോകുന്നതു)

ഹവ്വ : ദൈവമേ.....അവനിതെന്തിനുള്ള പുറപ്പാടാ....ആബേലിനെപ്പോലെ തന്നെ അവനും എന്റെ വയറ്റിപ്പിറന്നതല്ലേ. ഇതുവരെ ഒരു വേർതിരിവും ഞാൻ കാട്ടിയിട്ടില്ല. നമ്മളവനെ സ്നേഹിക്കുന്നില്ലെന്നാ അവന്റെ പരാതി.

ആദം : നമ്മുക്കിതു വരണം ഹവ്വാ..പറുദീസായിലെ സൗഭാഗ്യങ്ങളൊക്കെയനുഭവിച്ചിട്ടും ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാൻ നമ്മുക്കു പറ്റിയില്ല. നാം ദൈവത്തെ ധിക്കരിച്ചതുപോലെ ഇപ്പോൾ നമ്മുടെ മകൻ നമ്മെ ധിക്കരിക്കുന്നു. അത്രതന്നെ.

ഹവ്വ : എല്ലാത്തിനും കാരണം ഞാനൊറ്റയൊരുത്തിയാ. ഈ നശിച്ചവളു കാരണമല്ലേ അങ്ങേയ്ക്കു തോട്ടം നഷ്ടമായത്. ഈ മനസ്സിൽ എന്നോടു വെറുപ്പു കാണുമല്ലേ...



malankaralibrary.com

ആദം : തുടങ്ങി നിന്റെ പഴംപുരാണം. നീയെന്റെ ഉടലിന്റെ ഉടലല്ലേടീ...നീയോർക്കുന്നുണ്ടോ പറുദീസായിൽ നിന്നും കൂടും കിടക്കയുമെടുത്ത് ഇറങ്ങിപ്പോന്ന ആ രാത്രി? വഴിനീളെ പരാതി പറഞ്ഞതും കുറ്റപ്പെടുത്തിയുമാ നമ്മളന്നു വന്നത്. പിന്നെ മണ്ണിൽ പണിയെടുത്ത് ഈ കാണുന്ന വീടും വയലുമൊക്കെയായി. പരസ്പരം സ്നേഹിച്ചു. പക്ഷേ കായേനോടുമാത്രം എന്താണെന്നറിയില്ല ഒരു പഴിചാരൽ. ആവശ്യമില്ലാതെ എപ്പോഴും ഞാനവനെ പ്രകോപിപ്പിക്കുന്നു. അയാൾക്കത് ഏറെ വേദന തോന്നുന്നുണ്ടാവും അല്ലേ?

ഹവ്വ : അതോർത്ത് ഈ മനസ്സു വേദനിക്കണ്ട. ഇനി അവനെ വഴക്കൊന്നും പറയണ്ട. അവനു വലിയ നിരാശയുണ്ട്.

ആദം : (നെടുവീർപ്പോടെ) ങ്ഹാ....ഇതുവരെ ദൈവം കാത്തു....ഇനിയങ്ങോട്ടും ദൈവം തന്നെ നമ്മെ നടത്തട്ടെ. (ആദം ഹവ്വായുടെ കൈയിൽ പിടിക്കുന്നു.)

സ്വപ്നങ്ങൾ ചാർത്തും തൊങ്ങലുകൾ
തേങ്ങലുകൾ മായ്ക്കും തേൻമൊഴികൾ
ഒരു മനമായ് നെഞ്ചിൽ ഒരു സ്വരമായ്
ദൈവത്തിൻ തണലിൽ ജീവിക്കാം.

(കോറസുകൾ കൈകൾ കോർത്ത് ചുറ്റുന്നു. വൃത്തത്തിനകത്ത് കായേൻ നിൽക്കുന്നു.)

കോറസ് 1 : കായേൻ....കാര്യങ്ങൾ കൂടുതൽ കൈവിട്ടു പോകുകയാണ്. ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള ഈ പ്രതികരണം നിനക്കു ക്ഷീണമാണ്.

കോറസ് 2 : എന്തിനു പറയുന്നു മണ്ണിൽ പണിയെടുക്കുന്ന കർഷകരെ ദൈവം പോലും പാർശ്വവൽക്കരിച്ചിരിക്കുകയാണ്. ഇത് കർഷകരോടുള്ള അവഗണനയാണ്. ദൈവവും ബൂർഷ്വാസികളുടെ കൂടെയാണ്.

കോറസ് 3 : ഈ മുതലാളിത്തത്തിനെതിരെ നീ പ്രതികരിക്കണം. ദൈവവും നിന്റെ മാതാപിതാക്കളും ആബേലിന്റെ കൂടെയാണ്. സർവലോക കർഷക തൊഴിലാളികളുടെ മോചനത്തിനായി ആ പെറ്റി ബൂർഷ്വായെ-ആബേലിനെ ഇല്ലാതാക്കണം.



malankaralibrary.com

കോറസ് 4 : പണം കായ്ക്കുന്ന മരമാണേലും പുരയ്ക്കു ചാഞ്ഞാൽ മുറിക്കണം. നമ്മുക്കു തടസ്സമായി നിൽക്കുന്ന എല്ലാ വ്യക്തികളെയും ആശയങ്ങളെയും ഇല്ലാതാക്കണം. ലക്ഷ്യമാണ് പ്രധാനം മാർഗമല്ല.

(കോറസുകൾ കായേനെ ചുറ്റുന്നു. നടുവിൽ നിൽക്കുന്നവൻ പറഞ്ഞുകൊടുക്കുന്നു. ചുറ്റുമുള്ളവർ രണ്ടുപേർ വീതം അഭിനയിക്കുന്നു.)

അപരൻ നിനക്കു നരകമായ് മാറിയാൽ
തീർക്കണം തൽക്ഷണം വൈകരുതേ
വെട്ടിനിരത്തണം കുത്തിമലർത്തണം
തല്ലിക്കെടുത്തണം ജീവനാളം
തങ്ങളെ നേരിടാൻ വന്നിടുന്നോരാരും
നല്ലുയിരോടെ മടങ്ങുകയില്ല
വെട്ടിനിരത്തിടും കുത്തിമലർത്തിടും
തല്ലിക്കെടുത്തിടും ജീവനാളം

(ചെണ്ടമേളം. കോറസുകൾ മരങ്ങളായി നിൽക്കുന്നു. ആബേലും കായേനും വരുന്നു.)

ആബേൽ : ചേട്ടനെന്നെ വിളിപ്പിച്ചുവെന്നറിഞ്ഞു.

കായേൻ : ങും.....നീയറിഞ്ഞു കാണുമല്ലോ ദൈവം പോലും എന്നെ കൈവിട്ടിരിക്കുകയാണ്. നമ്മൾ രണ്ടുപേരും ബലിയർപ്പിച്ചിട്ട് നിന്റെ ബലി സ്വീകരിച്ചു. ഞാൻ വെറും മണ്ടനായി.

ആബേൽ : അതു ചേട്ടാ...ഞാൻ കുറേ നാളുകളായി ദൈവത്തിനു നേർന്ന ബലിയാ. ആദ്യബലിയായതുകൊണ്ട് ചേട്ടനെയും വിളിച്ചതാ. രണ്ടു ബലികളിൽ ഒന്നു ദൈവം സ്വീകരിച്ചുവെന്നേയുള്ളൂ. അനുഗ്രഹമേതായാലും നമ്മുടെ കുടുംബത്തിനു തന്നെയല്ലേ....

കായേൻ : രണ്ടു ബലിയർപ്പിച്ചതുകൊണ്ടല്ലേ ദൈവത്തിന് ഒന്നു തിരഞ്ഞെടുക്കേണ്ടി വന്നത്. ഇനി മുതൽ ഒരു ബലി മതി. എന്റെ ബലി.

ആബേൽ : ഞാൻ.....ഞാൻ ബലിയർപ്പിക്കേണ്ടന്നാണോ ചേട്ടൻ പറയുന്നത്?



malankaralibrary.com

കായേൻ : ഇനി ബലിയർപ്പിക്കാൻ നീയുണ്ടാകരുത്. (കായേൻ അടുത്തു വരുന്നു. ആബേലിനെ ഇടിച്ചുവീഴ്ത്തുന്നു.)

ആബേൽ : വേണ്ട...ചേട്ടാ എനിക്കു വേദനിക്കുന്നു. എന്നെ ഒന്നും ചെയ്യരുത്.

കായേൻ : എന്റെ ജീവിതം തകരാതിരിക്കാൻ നീ മരിക്കണം. പോ....

(വലിയ കല്ലുകൊണ്ട് തലയ്ക്കിടിച്ചുകൊല്ലുന്നു....ആബേലിന്റെ നിലവിളി)

കോറസുകൾ : കായേൻ.....കായേൻ നിന്റെ സഹോദരനെവിടെ?

കായേൻ : ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?

കോറസുകൾ : നിന്റെ സഹോദരന്റെ രക്തം/മണ്ണിൽ നിന്ന് എന്നെ വിളിച്ചു കരയുന്നു/നിന്റെ സഹോദരന്റെ രക്തത്തിനായി വായ്പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും.

ഒന്നാമൻ : ഇവനാണു കായേൻ....അമ്മയുടെ ഉദരത്തിൽ ഉരുവായ ശിശുവിനെ നിഷ്കരുണം കൊല ചെയ്യാൻ മടിയില്ലാത്ത ദുഷ്ടൻ.

രണ്ടാമൻ : നിന്റെ ജീവനും മറ്റുള്ളവരുടെ ജീവനും ദൈവത്തിന്റെ അവകാശമാണെന്ന് നീ തിരിച്ചറിഞ്ഞില്ല. അക്രമവും ഭീകരവാദവും പ്രചരിപ്പിച്ച് എത്രയേറെ മനുഷ്യജീവനുകളെ നീ കുരുതി കൊടുത്തു.

മൂന്നാമൻ : സ്വാർത്ഥലാഭത്തിനുവേണ്ടി നീ നിർമ്മിച്ച എൻഡോസൾഫാൻ പോലെയുള്ള ഉല്പന്നങ്ങൾ എത്രയോ മനുഷ്യജീവനു ഹാനിയായെന്ന് നീ ചിന്തിച്ചോ?

നാലാമൻ : മാധ്യമങ്ങളിലൂടെ നീ അവതരിപ്പിച്ച അശുദ്ധിയുടെയും അക്രമത്തിന്റെയും വിഷവിത്തുകൾ എത്രയേറെ യുവജനങ്ങളുടെ ആത്മീയജീവനെ തകർത്തെറിഞ്ഞു?

കോറസുകൾ : ഇല്ല...ഇല്ല നിനക്കു മാപ്പില്ല. നീ ഭൂമിയിൽ ശപിക്കപ്പെട്ടവനായിരിക്കും.

അഞ്ചാമൻ : ഇവനെയൊക്കെ കല്ലെറിഞ്ഞു കൊല്ലണം. സ്ത്രീകളോടും പിഞ്ചുകുഞ്ഞുങ്ങളോടും ഇവനൊക്കെ കാട്ടിയ ക്രൂരതനോക്കിയാൽ വെടിവച്ചുകൊല്ലണം.



malankaralibrary.com

ആറാമൻ: ജയിൽശിക്ഷയൊന്നും ഇവനുള്ള ശിക്ഷയല്ല. കോടതിക്കു വിട്ടു കൊടുക്കാതെ ജനങ്ങൾ ഒരുമിച്ച് ഇവനെ തല്ലിക്കൊല്ലണം.

ഏഴാമൻ: പ്രപഞ്ചത്തിന്റെ നന്മയ്ക്കു തടസ്സമാകുന്നവരെ ഭൂമിയിൽനിന്നു തന്നെ നീക്കണം. അതാണു കോസ്മിക് ലോ.....

(കോറസുകൾ കായേനെ വളയുന്നു. കായേൻ രക്ഷപെടാൻ ശ്രമിക്കുന്നു.)

കായേൻ: ദൈവമേ...എന്നെ രക്ഷിക്കണമേ. കാണുന്നവരെല്ലാം എന്നെ കല്ലെറിയാൻ ശ്രമിക്കുന്നു. ഇവരെന്നെ കൊല്ലുന്നതിനുമുമ്പ് ഈ പാപിയുടെ ജീവനെ നീ തിരിച്ചെടുക്കണമേ.

(ചെണ്ടമേളം. നടുവിൽ നിൽക്കുന്നവൻ എല്ലാവരെയും തള്ളിമാറ്റുന്നു. കായേനെ ചേർത്തു പിടിക്കുന്നു.)

"ഇല്ല.....കായേനെ ആരും ഒന്നും ചെയ്യില്ല. പാപിയുടെയും നീതിമാന്റെയും ജീവൻ എന്റെ അവകാശമാണ്. ഒരു ജീവനെയും നശിപ്പിക്കാനോ തിരിച്ചെടുക്കാനോ മനുഷ്യനെ ഞാൻ അനുവദിക്കുന്നില്ല. ജീവനെ സംരക്ഷിക്കുക മാത്രമാണ് മനുഷ്യനു ഞാൻ നൽകുന്ന ദൗത്യം. ജീവന്റെ കാവൽക്കാരാവുക. പാപിയുടെ ജീവനെ ആരും ഉപദ്രവിക്കാതിരിക്കാൻ എന്റെ രക്ഷയുടെ രക്തമുദ്ര ഞാൻ കായേന്റെ നെറ്റിയിൽ പതിക്കുന്നു.

(കായേന്റെ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു. പിന്നിൽ ക്രൂശിതരൂപം. ക്രൂശിതനെ ആരാധിക്കുന്ന കായേൻ)

ജീവനു സേവകരാകാൻ ഉണരൂ സോദരരേ
ജീവിതസാക്ഷ്യമതേകാൻ ഉയരൂ പ്രേഷിതരേ
കാൽവരിമലയിൽ രക്തം ചിന്തിയ
രക്ഷകനരുളുന്നു.
ഉയരൂ....സോദരരേ.....ഉണരൂ പ്രേഷിതരേ
രക്തത്തിൻ തിരുമുദ്ര പതിഞ്ഞവർ
അണിയണിയായ് വരവായ്

(കോറസുകൾ വേദിയിൽ രണ്ടുവട്ടം വലം വച്ച് പിൻവാങ്ങുന്നു.)





malankaralibrary.com

# വയലോരത്തൊരു വീട്

(കർട്ടൻ ഉയരുന്നു. അണിയറയിൽ നിന്നും ആർപ്പുവിളികൾ ഉയരുന്നു. നാടൻപാട്ടിന്റെ ചുവടുകൾ വച്ചുകൊണ്ട് കോറസുകൾ രംഗത്തേക്കു വരുന്നു. ആർപ്പോ....ഇറ്റോ)

തെയ്യന്താരോ തെയ്യന്താരോ
തെയ്യന്താരോ തക തെയ്യന്താരോ
വിളവെല്ലാം കൊയ്യണ് കൊയ്യണ്
കതിരെല്ലാം കെട്ടണ് കെട്ടണ്
കളയെല്ലാം നിറതീയിലെരിയ് തെയ്യന്താരോ

(ചെണ്ടമേളം. കോറസുകൾ വലം വച്ച് നിൽക്കുന്നു. രംഗത്തു പുറകിലായി രണ്ടു പേർ വീടിന്റെ ആകൃതിയിൽ നിൽക്കുന്നു. സൂത്രധാരൻ രംഗമധ്യത്തിലേക്ക് വരുന്നു.)

സൂത്രധാരൻ : കേട്ടില്ലേ കൂട്ടരേ, കൊയ്ത്തുപാട്ടിന്റെ ഈരടികൾ. വെറും കൊയ്ത്തല്ല ലോകമാകുന്ന വയലിൽ വചനത്തിന്റെ വിത്തു വിതച്ച മിശിഹായുടെ കൊയ്ത്ത്-അന്ത്യവിധി. കളകളെല്ലാം എരിതീയിൽ അമരുമ്പോൾ കതിരുകളുടെ കൂട്ടത്തിൽ വിശുദ്ധരോടൊപ്പം എണ്ണപ്പെടണമെങ്കിൽ നൂറുമേനി വിളവു നൽകണം. എന്താ പറഞ്ഞത്? (സദസിലേക്കു നോക്കി) വിതക്കാരന്റെ ഉപമയെന്നോ? തെറ്റിപ്പോയല്ലോ....വയലും, വിതയുമൊക്കെയുണ്ടെങ്കിലും ഇതു വിതക്കാരന്റെ ഉപമയല്ല; കളകളുടെ ഉപമയുമല്ല. പിന്നെയോ, ലൂക്കായുടെ സുവിശേഷത്തിൽ നിന്നും ചീന്തിയെടുത്ത മനോഹരമായ ഒരു ഉപമ. എങ്കിൽ ആരംഭിക്കട്ടെ. 'വയലോരത്തൊരു വീട്'. ചെണ്ടമേളം മുറുകുന്നു. കോറസുകൾ ഒരു നിരയായി നിന്ന് "അതേ...വയലോരത്തൊരു വീട്".

(തെയ്യന്താരോ...തെയ്യന്താരോ.....ചുവടുകൾ വയ്ക്കുന്നു.)



malankaralibrary.com

വയലോരത്തൊരു വീട് (2)
പറയാം കഥയൊന്ന് സദയം ഞങ്ങൾ തകിട തന്താനോ
വയലിലണഞ്ഞപ്പോൾ വീടുമറന്നൊരു
പാവം മനുജന്റെ കഥയാണയ്യാ

(വലയത്തിനുള്ളിൽ ഒരാൾ കയറുന്നു. കോറസുകൾ രണ്ടു വശങ്ങളിൽ മൂന്നു പേരായി നിൽക്കുന്നു.)

ഒന്നാമൻ: ഇതാണ് ഇസാക്കുമുതലാളി. ഈ നാട്ടിലെ പ്രമാണി.

രണ്ടാമൻ: കമ്പത്തെ കാടും പടലവും നീക്കി മുന്തിരി നട്ടു പിടിപ്പിച്ച മൂപ്പര് കഠിനാദ്ധ്വാനം കൊണ്ടാണേ, ഇക്കാണുന്നതെല്ലാം ഉണ്ടാക്കിയത്.

മൂന്നാമൻ: സ്വതേ ശാന്തനാണെങ്കിലും തെറ്റുകണ്ടാൽ പൊട്ടിത്തെറിക്കും. പാട്ടം തരാഞ്ഞ കർഷകരെ ലോക്കപ്പിലിട്ട് ഇടിപ്പിച്ചു.

നാലാമൻ: മൂത്തമകളുടെ കല്യാണത്തിന് വിവാഹവസ്ത്രം ധരിക്കാതെ വന്നവനെ ഉടുമുണ്ടുപോലുമില്ലാതെ ഓടിച്ചു. അതാണ് ഇസാക്കുമുതലാളി. (ചെണ്ടമേളം).

കോറസുകൾ: പക്ഷേ....ഏതു മനുഷ്യനുമില്ലേ ഒരു സ്വഭാവദൗർബല്യം. ഒരു സോഫ്റ്റ് കോർണർ.

ഒന്നാമൻ: ഉണ്ടല്ലോ...മറ്റൊന്നുമല്ല....തലയിൽവച്ചാൽ പേനരിക്കും താഴെവച്ചാൽ ചിതലരിക്കുമെന്നു പറഞ്ഞുവളർത്തിയ രണ്ട് ആൺമക്കൾ.

രണ്ടാമൻ: മാത്തപ്പനും, ചാക്കപ്പനും.

(കോറസുകൾ ചുവടുവച്ച് വലംവയ്ക്കുന്നു)

പ്രമാണിയാം ഇസഹാക്കിനുണ്ടായി രണ്ടുമക്കൾ
ഒന്നാമൻ മാത്തപ്പൻ, രണ്ടാമൻ ചാക്കപ്പൻ
തകിടതകധിമി (3) തോം

(കോറസുകൾ വീടുപോലെ നിൽക്കുന്നു. ഇസാക്കുമുതലാളി ഉമ്മറത്തിരിക്കുന്നു. മാത്തപ്പൻ വയലിലേക്കു പോകാനായി ഇറങ്ങിവരുന്നു.)

ഇസാക്കുമുതലാളി: മാത്തപ്പാ....നീയെന്താ നേരത്തേ? പണിക്കാരൊക്കെ എത്തുന്നതല്ലേയുള്ളൂ.



malankaralibrary.com

മാത്തപ്പൻ: ഇന്നത്തോടെ തെക്കേപ്പാടത്തെ കൊയ്ത്ത് തീരുവാ...പണിക്കാരെ കിട്ടാനില്ലാതെ പലരുടേയും വിള നശിച്ചു. വിളവു നശിച്ചാലെന്താ തമിഴ്നാട്ടീന്നു വരുവല്ലോ എന്നാ എല്ലാവരും ചിന്തിക്കുന്നേ !

ഇസാക്കുമുതലാളി: പലർക്കും കൃഷിയൊരു പേരിനാ. പുത്തൻപണവും സ്ഥിരവരുമാനോം ഉള്ളവന് കൃഷിയെന്തിനാ....ങ്ഹാ പാവം കർഷകർ അനുഭവിക്കുന്നു.!

മാത്തപ്പൻ: അപ്പാ....ഞാനിറങ്ങുന്നു.

(മാത്തപ്പൻ പോകുന്നു.)

ഇസാക്കുമുതലാളി: (മാത്തപ്പനെ നോക്കി) അവനാണ് കർഷകൻ. നേരം പുലരുമ്പോഴേ വയലിലേക്കു പോണതാ. ഇത്തവണ കൊയ്ത്തൂടെ കഴിഞ്ഞാ അവനല്പം വിശ്രമം കൊടുക്കണം. പാവം.

കോറസുകൾ: അവനാണ് കർഷകൻ. വയലിനെ സ്നേഹിച്ച വീട്ടിലെ മൂത്തപുത്രൻ.

(ചെണ്ടമേളം. കോറസുകൾ ചുവടുവച്ച് നിൽക്കുന്നു)

(ചാക്കപ്പൻ കയറി വരുന്നു)

ചാക്കപ്പൻ: അപ്പാ, എനിക്കെന്റെ ഷെയറുവേണം.

ഇസാക്കുമുതലാളി: ഷെയറോ, ഇക്കണ്ട സ്വത്തിലൊന്നും ഒരു കെയറുമില്ലാത്ത നിനക്കെന്തിനാ ഇപ്പം ഷെയറ്?

ചാക്കപ്പൻ: അപ്പൻ കളികള. ഞാൻ കാര്യമായി പറഞ്ഞതാ.

ഇസാക്കുമുതലാളി: എന്താടാ ചാക്കപ്പാ...നിനക്കിങ്ങനെയൊരു തോന്നൽ.

ചാക്കപ്പൻ: ഈ വീടെനിക്കു മടുത്തു അപ്പാ. ഇനിയുള്ള കാലം കൂട്ടുകാരോടൊപ്പം വല്ല ഉല്ലാസകേന്ദ്രങ്ങളിലും കഴിഞ്ഞാലോന്ന് മനസ്സിലൊരു ചിന്ത.

ഇസാക്കുമുതലാളി: ചാക്കപ്പാ, ഈ വീടു നിനക്കു മടുത്തെന്നോ. മൂന്നാമത്തെ വയസിൽ നിന്റെ അമ്മ മരിച്ചു. അമ്മയില്ലാത്ത ഒരു കുറവും അറിയിക്കാതെയാ ഞാൻ വളർത്തിയേ...എന്നിട്ടും....



malankaralibrary.com

ചാക്കപ്പൻ: വീട്ടിലെ കുറവല്ല അപ്പാ. ഞാനിന്നു വലുതായില്ലേ. ലോകത്തിന്റെ സുഖവും സൗന്ദര്യവും എന്നെ മാടി വിളിക്കുന്നത് അപ്പൻ കാണുന്നില്ലേ.

(ചെണ്ടമേളം)

താതിന്ന തകിട തിന്ന
തക്കിട തെയ്യാരോ.....(2)
നീ വാ ആസ്വദിക്കൂ മുന്തിരിച്ചാറല്ലേ....
ജീവിതം നുരഞ്ഞുപതയും നല്ലൊരു വീഞ്ഞല്ലേ....
വാ.....നീ.....വാ.....തകിടതെയ്യാരോ....
സുഖം സുഖം ആസ്വദിക്കൂ...തെയ്യാരോ..... (2)

(രണ്ടുവശത്തേക്കും വലിക്കുന്നു.)

ഇസാക്കുമുതലാളി: നിന്റെ സന്തോഷമാണ് അപ്പനു വലുത്. സ്വത്തു ഞാൻ തരാം. വടക്കേപൊടം നിനക്കു സ്വന്തമാണ്. പക്ഷേ, തലമുറകൾക്ക് അനുഭവിക്കാനുള്ള ഭക്ഷ്യകലവറ വിറ്റ തോർത്ത് ഒരു കാലത്ത് ദുഃഖിക്കാനിടയാവരുത്. സുഖവും സന്തോഷവും തേടിപ്പോകുമ്പോൾ പാടവരമ്പരത്ത് നിനക്കൊരു വീടുണ്ടെന്നും അവിടെ നിന്നെക്കാത്ത് ഒരപ്പനിരിപ്പുണ്ടെന്നും മറക്കരുത്.

(ചെണ്ടമേളം, അപ്പൻ മേശയിലിരിക്കുന്ന വിൽപ്പത്രത്തിൽ ഒപ്പിടുന്നു. കോറസുകൾ മേശയുടെ ആകൃതി മാറുന്നു. അപ്പനോടു യാത്ര പറഞ്ഞ് ചാക്കപ്പൻ യാത്രയാവുന്നു. അപ്പൻ കരങ്ങൾ നീട്ടി നിൽക്കുന്നു.)

പണമെന്ന പെൺതാളു വേർതിരിക്കുന്നു
ബന്ധങ്ങളെയും സ്വന്തങ്ങളെയും
താതന്റെ സ്നേഹം തിരസ്ക്കരിച്ചിന്നവൻ
ലോകസുഖത്തിനായ് യാത്രയാവുന്നിതാ....
വീടുവെടിഞ്ഞു വയലും വെടിഞ്ഞവൻ
നീഡം വെടിഞ്ഞൊരു പക്ഷിയെപ്പോലെയായ്

തകിട തകധിമി

(ചെണ്ടമേളം മുറുകുന്നു. കോറസുകൾ രണ്ടു ഗണമായി നിൽക്കുന്നു)



malankaralibrary.com

ഒന്നാമൻ: കണ്ടില്ലേ കൂട്ടരെ, യുവത്വത്തിന്റെ മണ്ടത്തരങ്ങൾ. ആ വീട്ടിൽ അവനെന്തിന്റെ കുറവുണ്ടായിട്ടാ...? ആവശ്യത്തിന് സ്വത്ത്, തിരുത്താനും ശാസിക്കാനും സ്നേഹനിധിയായ ഒരു പിതാവും.

രണ്ടാമൻ: അതിന് ഇന്നത്തെ കാലത്ത് ആർക്കാണ് തിരുത്തലും ശാസനയും വേണ്ടത്! ആർക്കും ഇഷ്ടമില്ലാത്ത ദേശമാണ് ഉപദേശം.

മൂന്നാമൻ: സ്വാതന്ത്ര്യം കൊതിച്ച് വീട്ടിൽനിന്ന് അകന്നു നിൽക്കുന്ന നമ്മുടെ യുവതീയുവാക്കൾ കാട്ടികൂട്ടുന്നതൊന്നും പറയണ്ട.

നാലാമൻ: കൂട്ടുകാർകൂടിത്തുടങ്ങുന്ന 'വെള്ളമടി' (മദ്യപാനം) ചെന്നെത്തുന്നത് മയക്കുമരുന്നിന്റെ ഊരാക്കുടുക്കിൽ.

അഞ്ചാമൻ: പെമ്പിള്ളേരും മോശല്ലാട്ടോ.... അമ്മയും ആങ്ങളയും അടുത്തില്ലാത്തതിന്റെ അവസരം മുതലാക്കി മിസ്കോളിൽ തുടങ്ങുന്ന മൊബൈൽ പ്രണയം ചെന്നുനിൽക്കുന്നത് ചാറ്റിംഗിലും, ചീറ്റിംഗിലും.

ആറാമൻ: വീടിന്റെ വിശുദ്ധിയും സ്നേഹത്തിന്റെ സുരക്ഷിതത്വവും വിട്ടുകളയുന്ന മക്കൾ.....കാലത്തിന്റെ ശാപം.

വീടുവിട്ടോടിയലയുന്ന മക്കളെ
മോഹവലയിൽ കുടുങ്ങരുതേ
മദ്യമയക്കുമരുന്നിന്റെ മാഫിയ
നിങ്ങളെയുന്നം പിടിച്ചിടുന്നു.
പ്രേമലേഖങ്ങളായെത്തുന്ന ചെക്കന്റെ
പിന്നിൽ ജിഹാദിൻ കെണികളുണ്ടേ
വേദപാഠത്തിൽ പഠിച്ച പാഠങ്ങളീ
പാതിവഴിയിൽ കളയരുതേ....
മുന്നിൽ തെളിയുന്ന മാധ്യമമായയിൽ
മുങ്ങിമയങ്ങി നശിക്കരുതേ.
ഈശ്വരനേകിയ മുത്താണീ ജീവിതം
പന്നിക്കെറിഞ്ഞു കൊടുക്കരുതേ.

(കോറസുകൾ വട്ടം ചുറ്റുന്നു. നടുവിൽ ചാക്കപ്പൻ.....ചെണ്ടമേളം മുറുകുമ്പോൾ ചാക്കപ്പൻ പന്നികളെ വിരട്ടിയോടിക്കുന്നു.)



malankaralibrary.com

ചാക്കപ്പൻ: പോ....പന്നികളെ....മനുഷ്യനിവിടെ വിശന്നു ചാകുമ്പോഴാ പന്നീടെ തീറ്റി....തായിവിടെ (തവിട് പാത്രം തട്ടിയെടുത്ത് ആർത്തിയോടെ തിന്നുന്നു. പിന്നിൽ നിന്നൊരു പന്നി ചാക്കപ്പനെ കുത്തുന്നു. മറിഞ്ഞുവീഴുന്ന ചാക്കപ്പൻ പന്നികളെ പൊതിരെ തല്ലുന്നു. ഒടുവിൽ വിവശനായി ഇരിക്കുന്നു. ചെണ്ടമേളം മുറുകുമ്പോൾ കോറസുകൾ ചാക്കപ്പനെ ചുറ്റുന്നു.)

കോറസുകൾ: ധൂർത്തനായ പുത്രാ, സന്തോഷങ്ങൾ തേടിപ്പോകുമ്പോൾ/പാടവരമ്പത്ത് നിനക്കൊരു വീടുണ്ടെന്നും/അവിടെ നിന്നെക്കാത്ത്/ഒരപ്പനിരിപ്പുണ്ടെന്നും നീ ഓർമ്മിക്കുക (ചെണ്ടമേളം....മുറുകുന്നു...കോറസുകൾ വലയം വയ്ക്കുന്നു)

തെയ്യന്താരോ തെയ്യന്താരോ
തെയ്യന്താരോ തക തെയ്യന്താരോ

(ചാക്കപ്പൻ വീടിനെക്കുറിച്ചോർക്കുന്നു.
കോറസുകളുടെ പാട്ടിനിടയ്ക്കു കയറി പറയുന്നു)

ചാക്കപ്പൻ: ഇല്ല....എനിക്കിനി പിടിച്ചുനിൽക്കാനാവില്ല. എന്റെ അപ്പന്റെ വീട്ടിൽ എത്രയോ വേലക്കാർ സുഭിക്ഷമായി ഭക്ഷിക്കുന്നു. ഞാനോ ഈ പന്നിക്കൂട്ടിൽ....ഇല്ല. ഞാനെന്റെ വീട്ടിലേക്കു തിരിച്ചുപോകും. ഇനിയുള്ള കാലം ഒരു വേലക്കാരനായിട്ടെങ്കിലും ആ വീട്ടിൽ തന്നെ കഴിയണം. വിറ്റുതുലച്ച വയലിനുപകരം അപ്പന്റെ വയലിൽ വിയർപ്പൊഴുക്കി ഞാൻ പ്രായശ്ചിത്തം ചെയ്യും.

(കോറസുകൾ വലം വയ്ക്കുന്നു.)

തെയ്യാരോ തെയ്യാരോ തെയ്യാരോ തക തെയ്യാരോ (2)
പാടവരമ്പത്തായൊരു വീടുണ്ടേ...അതിൽ
സ്നേഹം നിറഞ്ഞൊരു താതനിരിപ്പുണ്ടേ....
തെയ്യാരോ....
കണ്ണുകലങ്ങി കാത്തുകഴിഞ്ഞല്ലോ താതൻ
ധൂർത്തനാം പുത്രൻ വീണ്ടുവരുന്നേരം
തെയ്യാരോ.....



malankaralibrary.com

(പിതാവ് പുത്രനെ ആശ്ലേഷിക്കുന്നു. പുത്രൻ കാലിൽ വീഴുന്നു. എഴുന്നേൽപ്പിക്കുന്നു. മോതിരവും, ചെരിപ്പും അണിയിക്കുന്നു.

പാദം കഴുകി ചെരുപ്പുമണിയിച്ചു
നല്ലൊരു മോതിരമേകി വിരലിലായ്
കാളയെകൊന്നു വിരുന്നുമൊരുക്കീടാൻ
കല്പനയൻപോടെയവനേകീലേ....തെയ്യാരേ....

(ചെണ്ടമേളം)

(കോറസുകൾ രണ്ടുപേർ അടഞ്ഞ വാതിലാകുന്നു. മാത്തപ്പൻ പണി കഴിഞ്ഞുവരുന്നു. പിന്നണിയിൽ നൃത്തച്ചുവടുകൾ...മാത്തപ്പൻ കൈകൊട്ടി വിളിക്കുന്നു.)

മാത്തപ്പൻ: വീട്ടിലെന്താ പാട്ടും ബഹളവും. അതിഥികളാരെങ്കിലും?

ഭൃത്യൻ: അപ്പോൾ യശ്മാനൊന്നും അറിഞ്ഞില്ലേ? ഇളയ യശ്മാൻ തിരിച്ചുവന്നിരിക്കുന്നു.

മാത്തപ്പൻ: അവനോ....വിറ്റുപെറുക്കിയെടുത്ത് പോയിട്ട് ഇപ്പോ എന്തിനാ വന്നിരിക്കുന്നേ?

ഭൃത്യൻ: നല്ല കഥ.. മോതിരവും പാദരക്ഷയും വീണ്ടും അണിയിച്ചു. അതിഥിക്കായി മാറ്റി നിർത്തിയ കാളക്കൂറ്റനെ കൊന്നു. ഇനി എഴുദിവസത്തെ ആഘോഷം.

മാത്തപ്പൻ: ഇല്ല, ഈ ആഘോഷത്തിനു ഞാനില്ല.

ഭൃത്യൻ: യശ്മാ അങ്ങനെ പറയരുത്. നിങ്ങളില്ലാതെ ഇവിടെ എന്താഘോഷം.

മാത്തപ്പൻ: വീട്. മൺകട്ടകൾ കൊണ്ട് കെട്ടിപ്പൊക്കിയ സൗധ മാണോ വീട്. ഇത്രയും നാളും അടിമയെപ്പോലെ പണിയെടുത്തിട്ടും എനിക്കീ വീട്ടിൽ ഒരു സ്ഥാനവുമില്ല. ഞാനെന്റെ വയലിലേക്കു പോകുന്നു.

(ഇസാക്കുമുതലാളിയും, ചാക്കപ്പനും വരുന്നു)

ഇസാക്കുമുതലാളി: മാത്തപ്പാ....മോനേ പോകരുത്. ഇതാ നിന്റെ അനുജൻ തിരിച്ചുവന്നിരിക്കുന്നു. നാം സന്തോഷിക്കുകയല്ലേ വേണ്ടത്.



malankaralibrary.com

മാത്തപ്പൻ: സന്തോഷിച്ചോളൂ...കൊതി തീരുവോളം സന്തോഷിച്ചോ....പക്ഷേ അപ്പൻ ഒന്നോർക്കണം. ഇത്രയും കാലം അങ്ങയുടെ വീട്ടിൽ ഞാൻ ഒരടിമയെപ്പോലെ ജീവിച്ചു. എന്നിട്ടും കൂട്ടുകാരോടൊത്ത് ആനന്ദിക്കാൻ ഒരു കുഞ്ഞാടിനെപ്പോലും അങ്ങു തന്നില്ല.

ഇസാക്കുമുതലാളി: മകനേ, നീ അടിമയായിരുന്നുവെന്നോ? ഇത്രയും നാളും എന്റെ കൂടെ ഈ വീട്ടിൽ ജീവിച്ചിട്ട് നിനക്ക് അടിമത്തമായിരുന്നോ?

കോറസ്: വീട്ടിലായിരുന്നിട്ടും അടിമയായി ജീവിച്ചവൻ മാത്തപ്പൻ. അപരൻ അടിമയാണെങ്കിലും വീട്ടിൽ ജീവിക്കാൻ കൊതിയോടെ തിരിച്ചുവന്നവൻ.

മാത്തപ്പൻ: അതേ, ഞാൻ അടിമയായിരുന്നു. എന്തെങ്കിലും ഞാൻ എന്റെ ആഗ്രഹപ്രകാരം ചെയ്തിട്ടുണ്ടോ. അപ്പന്റെ വീട്ടിൽ മകനെന്നുള്ള ഒരു അംഗീകാരവും ഞാൻ സ്വീകരിച്ചിട്ടില്ല.

ചാക്കപ്പൻ: ചേട്ടാ, അപ്പനോട് അങ്ങനെയൊന്നും പറയരുത്. തെറ്റു ചെയ്തതു ഞാനാ. അപ്പൻ നമുക്കു തന്ന സ്വാതന്ത്ര്യം ധൂർത്തടിച്ചു അലസനായി ഞാൻ ജീവിച്ചപ്പോഴും ചേട്ടൻ അപ്പനുവേണ്ടി വയലിൽ അദ്ധ്വാനിക്കുകയായിരുന്നു.

മാത്തപ്പൻ: എന്നിട്ടെന്താ....വയലു വിറ്റു തുലച്ചു നീ വന്നപ്പോൾ വീണ്ടും വീടു നിനക്കു സ്വന്തം. വയലിൽ വിയർപ്പൊഴുക്കി ജീവിച്ച എനിക്കീ വീട്ടിൽ ഒരു സ്ഥാനവുമില്ല.

ഇസാക്കുമുതലാളി: നിനക്ക് ഈ വീട്ടിൽ സ്ഥാനമില്ലെന്ന് ആരാ പറഞ്ഞത്. നീയെന്റെ മൂത്തപുത്രനാണ്. പക്ഷേ, നീയെപ്പോഴും വയലിലായിരുന്നു. നിനക്കിഷ്ടം വെള്ളരിപ്പാടത്തെ മാടമായിരുന്നു.

കോറസ്: ഇവനാണ് മാത്തപ്പൻ. മകനായിരുന്നിട്ടും അടിമയായി ജീവിച്ച വിഡ്ഢീ-കൂടെയായിരുന്നിട്ടും അപ്പന്റെ സ്നേഹം തിരിച്ചറിയാൻ അവനു കഴിഞ്ഞില്ല.



malankaralibrary.com

കോറസ്: ദൈവത്തിന്റെ സഭയിൽ ജീവിച്ചിട്ടും സഭാനിയമങ്ങൾ പാലിച്ചിട്ടും ദൈവസ്നേഹത്തെ തിരിച്ചറിയാത്തവൻ.

കോറസ് : ക്രിസ്ത്യാനിയെന്നഭിമാനിക്കുമ്പോഴും ദൈവാലയത്തെ ദൈവശുശ്രൂഷയേക്കാൾ സമ്പത്തിലും, വയലിലും ആശ്രയം വയ്ക്കുന്നവൻ.

കോറസുകൾ: മൂത്തപുത്രാ, വീടുവിട്ടിറങ്ങിയവൻ തിരികെയെത്തി. അടിമയായിരിക്കാതെ മകനായി ജീവിക്കുവാൻ വയലിൽ നിന്നും വീട്ടിലേക്കു മടങ്ങുക.

ഇസാക്കുമുതലാളി: മകനെ, ഈ വിരുന്ന് നിനക്കുമുള്ളതാണ്. വീട്ടിൽ തിരിച്ചെത്തിയ എന്റെ മക്കൾക്ക് ഈ അപ്പനൊരുക്കുന്ന വിരുന്ന്. നീയും ഇവനും ഇതാസ്വദിക്കണം.

ചാക്കപ്പൻ: ചേട്ടനെന്നോടു പൊറുക്കണം. അപ്പന്റെയും ചേട്ടന്റെയും, സ്നേഹവും കരുതലും തിരിച്ചറിയാൻ ഞാൻ വൈകിപ്പോയി. ഞാനും ഇനി ചേട്ടനോടൊപ്പം വയലിലുണ്ടാവും.

മാത്തപ്പൻ: തെറ്റുപറ്റിയത് എനിക്കാ ചാക്കപ്പാ. വീടിനേക്കാൾ വയലിനെ സ്നേഹിച്ച എന്നേക്കാൾ അപ്പന്റെ സ്നേഹത്തിനു യോജിച്ചവൻ നീയാ. ഇനി ഞാനും നിന്റെ കൂടെ ഈ വീട്ടിലുണ്ടാകും.

ഇസാക്കുമുതലാളി: മക്കളെ, ഈ അപ്പനു സന്തോഷമായി. എനിക്കെന്റെ രണ്ടു മക്കളെയും തിരിച്ചുകിട്ടി. നീ നിന്റെ കൂട്ടുകാരോടൊത്തായിരുന്നു; നീ നിന്റെ വയലിലും. പക്ഷേ ഇപ്പോൾ രണ്ടുപേരും മടങ്ങി വന്നിരിക്കുന്നു. നമ്മുക്കൊരുമിച്ച് ഈ വിരുന്ന് ആസ്വദിക്കാം. വരൂ മക്കളെ.

(മക്കളെ ചേർത്തുപിടിച്ച് അപ്പൻ പിന്നിലേക്കു പോകുന്നു.)

കോറസുകൾ: സ്വർഗ്ഗീയവിരുന്ന് ഒരുക്കപ്പെട്ടിരിക്കുന്നു.
ഒരു മനസ്സോടെ, ഒരേ ഹൃദയമോടെ
ദിവ്യവിരുന്ന് ആസ്വദിക്കാം.

(തകിട തകിട തകിട തെയ്യാ കോറസുകൾ ചുവടുകൾ വയ്ക്കുന്നു.)



malankaralibrary.com

തന്താനോ തന്താനോ
തന്താനാനോ തന്താനോ (2)
വീടല്ലോ ഉലകിൽ അഭയം
അലയല്ലേ വയലിൽ വെറുതെ
വീടിന്റെ ഉള്ളിലൊരു താതനുണ്ടല്ലോ.....തന്താനോ

പോവല്ലേ അകലെയകലെ
പിരിയല്ലേ താതനിഴലിൻ
തണലല്ലേ ഇവിടെ മണ്ണിൽ കനകസമ്പാദ്യം....തന്താനോ

ഒരു മെയ്യായ് മനമൊന്നായ്
ഒരുമയൊടീ ഭവനത്തിൽ
വിരുന്നുണ്ണാനുണയുന്നു
തകിട തെയ്യാരോ.....തന്താനോ.....

(ചെണ്ടമേളത്തിനനുസരിച്ച് ചുവടുകൾ മുറുകുന്നു.)

(ആർപ്പുവിളിക്കുന്നു. കർട്ടൻ വീഴുന്നു)





malankaralibrary.com

# പാതിഹൃദയം

(കോറസുകൾ വേദിയിൽ ചിട്ടയായി നിൽക്കുന്നു. രണ്ടുപേർ ചേർന്ന് നടുവിൽ ഒരു ഹൃദയത്തിന്റെ ആകൃതി സൃഷ്ടിക്കുന്നു. പശ്ചാത്തലത്തിൽ ഒരു നാടോടിഗാനം ആലപിക്കുന്നു.)

പൂർണ്ണഹൃദയത്തോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണമനസ്സോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണശക്തിയോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണാത്മാവോടെ ദൈവത്തെ
സ്നേഹിക്കാം

(ഗാനത്തിനു താളം പിടിക്കുന്ന കോറസുകൾ ചുവടുകൾ വച്ചു നീങ്ങുന്നു. ചെണ്ടമേളം. കോറസുകൾ ഒരു വയലിന്റെ ചിത്രം രംഗത്ത് അവതരിപ്പിക്കുന്നു. പിന്നണിയിൽ കൊയ്ത്തുഗാനം താഴ്ന്ന സ്വരത്തിൽ തുടരുന്നു.)

സൂത്രധാരൻ : സഹൃദയരേ, കൊയ്ത്തുഗാനത്തിന്റെ ഈരടികൾ കേട്ടില്ലേ. കൊയ്ത്തിനു പാകമായി വിളഞ്ഞുകിടക്കുന്ന ഒരു പാടമാണിത്. വെറും പാടമല്ല മുന്തിരിപ്പാടം. എന്താ പറഞ്ഞേ, മുന്തിരിപ്പാടത്തിലെന്തായീ കൊയ്ത്തു പാട്ടെന്നോ? വചനരംഗമല്ലേ സുഹൃത്തേ, യഹൂദ പശ്ചാത്തലത്തിലുള്ള ഈ വചനഭാഗം കേരളത്തിലെ കുട്ടനാടൻ കർഷകരുടെ ഹൃദയത്തുടിപ്പുകളോട് ചേർത്ത് അവതരിപ്പിച്ചപ്പോൾ ഒരു കൊയ്ത്തുപാട്ടു കൂട്ടിച്ചേർത്തെന്നേയുള്ളൂ. അവിവേകമാണെങ്കിൽ സവിനയം പൊറുക്കുക എങ്കിൽ ഞങ്ങൾ ആരംഭിക്കട്ടെ 'പാതിഹൃദയം' (ചെണ്ടമേളം ഏലേലോ പാടി വലം വയ്ക്കുന്നു. ചെണ്ടമേളം. കോറസുകൾ നിൽക്കുന്നു. സഫീറ മുറ്റമടിക്കുന്നു. അകത്തുനിന്നും സഫീറ എന്നുള്ള നീട്ടിയ വിളി.)



malankaralibrary.com

സഫീറ: എന്തോ,

(സഫീറായെന്ന് വീണ്ടും വിളിച്ചുകൊണ്ട് അനനിയാസ് പ്രവേശിക്കുന്നു.)

അനനിയാസ്: സഫീറ

സഫീറ: എന്തിനാ മനുഷ്യനേ, കിഴക്കു വെള്ള കീറിയ സമയത്ത് തൊണ്ട കീറണത്.

അനനിയാസ്: എടീയേ, നീയറിഞ്ഞോ?

സഫീറ: എന്തുവാ മനുഷ്യനെ, ഷാപ്പുതുറക്കണ കാര്യാണോ?

അനനിയാസ്: അതല്ലടിയേ, നമ്മുടെ തേങ്ങാമുറ്റത്തെ ദേവസ്യാച്ചനും കൂട്ടരും പറമ്പും പുരയിടവും വിറ്റ് അപ്പസ്തോലൻമാരുടെ കാൽക്കൽ കാഴ്ചവച്ചെന്ന്.

സഫീറ: ദൈവമേ, ഞാനീ കേട്ടതു സത്യമാണോ?

അനനിയാസ്: അതേടീ, നിന്റെ കെട്ടിയോൻ സത്യം മാത്രമല്ലേ പറയൂ.

സഫീറ: അതാ എനിക്കത്ര വിശ്വാസം പോരാത്തേ.

അനനിയാസ്: സഫീ....

സഫീറ: എന്തുവാ

അനനിയാസ്: വിശ്വാസം അതല്ലേടീ എല്ലാം

സഫീറ: അതിന് ഞാനെന്തു ചെയ്യണോന്നാ നിങ്ങളീ പറയുന്നത്?

അനനിയാസ്: നമ്മുക്കുമില്ലേടീ ഒരു വയല്. കൊയ്യാറായൊരു വയല്.

സഫീറ: അതിന്?

അനനിയാസ്: നമ്മക്കതെങ്ങു വിൽക്കാം

സഫീറ: കർത്താവേ, എന്റെ ആമ്പ്രന്നോർക്കിതെന്നാ വട്ടുപിടിച്ചോ? ദേ മനുഷ്യനേ, സൈത്തിൻകൊമ്പു പോലത്തെ രണ്ടു പെണ്ണുങ്ങളാ വളർന്നുവരുന്നേ. അതു മറക്കണ്ട. അവരെ ആർക്കേലും കെട്ടിച്ചു കൊടുക്കുമ്പം സ്ത്രീധനം കൊടുക്കാനിവിടെ എന്തുണ്ടായിട്ടാ. നാട്ടുകാരെന്തേലും മണ്ടത്തരം കാട്ടീന്നുവച്ച് നിങ്ങളിതെന്തു പുറപ്പാടാ?

അനനിയാസ്: പുറപ്പാടല്ലടീ ഉൽപത്തി. നമ്മളിന്നാട്ടിലറിയപ്പെട്ടവരാകാൻ പോകുന്നതിന്റെ ഉൽപ്പത്തി. ഇന്നാട്ടിലെ പ്രമാണിമാരെല്ലാം



malankaralibrary.com

സ്വത്തുവിറ്റ് അപ്പസ്തോലൻമാരുടെ കാൽക്കൽ കാഴ്ച വച്ചും. നമ്മളു ചെയ്തില്ലെങ്കിൽ ഇന്നാട്ടിൽ നമ്മുക്കുള്ള സൽപ്പേര്, പ്രശസ്തി എല്ലാം നഷ്ടമാകില്ലേ?

കോറസ്: കണവൻ ചൊന്നതു സത്യം തന്നെ
ജനമതി പലവഴിപോയീടും
നാടോടുമ്പോൾ നടുവേ പോണം
പാമ്പിൻ നടുമുറി തിന്നേണം (ചെണ്ടമേളം)

സഫീറ: പറഞ്ഞതൊക്കെ സത്യം തന്നെ. നാമിതു ചെയ്താൽ നാട്ടാരെല്ലാം നമ്മെ പുകഴ്ത്തും. പോരാത്തതിന് വനിതാ വാർഡിലെ എന്റെ സ്ഥാനാർത്ഥിസ്ഥാനത്തിനും അതൊരു മുതൽക്കൂട്ടാകും. പക്ഷേ, സ്ത്രീധനമില്ലാതെ പെൺമക്കളെ കെട്ടിച്ചയച്ചാൽ അമ്മായിയമ്മമാർ അവർക്ക് സ്വൈര്യം കൊടുക്കുമോ?

നേരാണതു നേരാണേ അതു
നേരാണതു നേരാണേ
വയലും പോകും മകളും വലയും
ദുരിതം പലവഴി വന്നീടും

(ചെണ്ടമേളം അനനിയാസും, സഫീറയുംചേർന്ന് ആലോചിക്കുന്നു. ചെണ്ടമേളം ചടുലമാകുന്നു കോറസുകൾ പിൻവലിയുന്നു. ഒരു വശത്തുനിന്ന് അനനിയാസ് ചാടിവരുന്നു.)

അനനിയാസ്: ആ..... എനിക്കൊരു ഐഡിയ

സഫീറ: An Idea can change our life എന്താണെന്നു പറ മനുഷ്യാ.

അനനിയാസ്: അതേടീ, ഇതു നമ്മുടെ life തന്നെ മാറ്റും.....നമ്മുക്കേ പറമ്പങ്ങു വിൽക്കാം.

സഫീറ: ങേ....ഇതാണോ ഇത്ര വലിയ Idea ?

അനനിയാസ്: ഞാൻ പറയട്ടെടീ.....നീയാരാ എന്റെ പാതീ, ഞാനോ നിന്റെ പാതി. എന്നുവച്ചാൽ നമ്മളൊന്നാ. അപ്പോൾ ഞാൻ മാത്രമായാലും നീയുണ്ടേ?

സഫീറ: എനിക്കൊന്നും മനസ്സിലാകുന്നില്ല. നിങ്ങളെന്നെ ഡിവോഴ്സ് ചെയ്യാൻ പോവ്വാണോ?



malankaralibrary.com

അനനിയാസ്: എടീ മണ്ടീ.....വയലു നാം വിൽക്കുന്നു. വിറ്റ തുകയുടെ നേർപകുതി കുടുംബസമേതം കൊണ്ടുപോയി അപ്പസ്തോലൻമാർക്കു കൊടുക്കുന്നു. ബാക്കി തുക മക്കൾക്കുവേണ്ടി ബാങ്കിലിടുന്നു. എന്റെ മാവും പൂക്കുമെടീ.

കോറസ്: കൊള്ളാം കൊള്ളാം ഈ അതിബുദ്ധി
പൂരവും കാണാം, താളിയും ഒടിക്കാം

കോറസ് 1 : അപ്പസ്തോലൻമാരെങ്ങാനും കള്ളക്കളി കണ്ടുപിടിച്ചാലോ?

കോറസ് 2: ദൈവത്തിന്റെ മനുഷ്യൻമാരല്ലേ അത്ഭുതപ്രവർത്തകർ.

കോറസ് 3 : വണ്ടിച്ചെക്കും, കള്ളപ്പണവും നൽകി മനുഷ്യൻമാരെ പറ്റിക്കുന്ന ലോകമാ. കളിച്ചു കളിച്ചു കളി ദൈവത്തോട്.

സഫീറ: കള്ളി വെളിച്ചത്തായാൽ നാണക്കേടു മിച്ചം. ബന്ധുക്കളും നാട്ടാരുമറിഞ്ഞാൽ പിന്നെ തോർത്തിട്ടു നടക്കേണ്ടിവരും.

കോറസ്: വിറ്റു കിട്ടിയ തുകയെത്രയാണെന്ന് ആരറിയാനാ. വിറ്റു തുക പകുതിയെടുത്ത് ആഘോഷമായങ്ങു കൊടുക്കുക.

കോറസ് : ഈ തുകയ്ക്കു തന്നെയാണോ വിറ്റതെന്ന് അപ്പസ്തോലൻ ചോദിച്ചാലോ?

കോറസ് : അതേന്ന് കണ്ണുമടച്ചങ്ങു പറയുക.

(ചെണ്ടമേളം മുറുകുന്നു. കോറസുകൾ അനനിയാസിനെയും സഫീറായെയും വലംവച്ചു നീങ്ങുന്നു.)

ഏലേലോ ഏലോലോ
കണ്ണായ വയലെല്ലാം
പൊന്നാം വിലയ്ക്കവർ വിറ്റു
എണ്ണീയളന്നവർ നോക്കി
പാതിയെടുത്തവർ മാറ്റി.
ഏലേലോ ഏലോ....
ചെന്നു അനനിയാസും
സപ്പീറപ്പെണ്ണും, ചെമ്മേ
മോദംകലർന്നു ചെന്നു
പത്രോസിൻ മുമ്പിൽ നിന്നു



malankaralibrary.com

(ചെണ്ടമേളം. കോറസുകൾ വലയം വയ്ക്കുന്നു. വലയത്തിനുള്ളിൽ പത്രോസ്. ചെണ്ടമേളത്തിന്റെ അകമ്പടിയിൽ മറ്റുള്ളവർ ഭവനം ക്രമീകരിക്കുന്നു)

പത്രോസ്: മിശിഹായിൽ സ്നേഹിതരേ, വിശ്വസിച്ച് ഒരു സമൂഹമായ വരാണ് നാം. പൂർണ്ണഹൃദയത്തോടെ നിങ്ങളെത്തന്നെ അവിടുത്തേക്ക് സമർപ്പിക്കുമ്പോൾ അവിടുന്ന് നമ്മുക്കു പിതാവും, നാമവന് മക്കളുമായിത്തീരും. നമ്മുടെ ഉടമ്പടി മനുഷ്യരോടെല്ല, ദൈവത്തോടാണ്. അതുകൊണ്ട് തന്നെ നമ്മുടെ ഹൃദയവും, നിക്ഷേപവും അവനില്ലെങ്കിൽ നാം ആത്മവഞ്ചകരായി മാറും.

(അനനിയാസ് കടന്നു വരുന്നു. ചെണ്ടമേളം)

പത്രോസ്: അനനിയാസ്, നീ ഈ തുകയ്ക്കു തന്നെയാണോ വയൽ വിറ്റത്?

അനനിയാസ്: അതേ...ഈ തുകയ്ക്കു തന്നെ. കഴിഞ്ഞ ദിവസം മനസ്സിലൊരു തോന്നൽ. എല്ലാം വിറ്റ് വിശ്വാസികളുടെ സമൂഹത്തിൽ ചേരണമെന്ന്. പറഞ്ഞപ്പോൾ പെമ്പ്രന്നോരും പറഞ്ഞു നല്ല കാര്യം ചെയ്യാൻ ഒട്ടും വൈകണ്ടായെന്ന്.

പത്രോസ്: അനനിയാസ്, പരിശുദ്ധാത്മാവിനെ വഞ്ചിച്ച് വിറ്റ തുകയിൽ പാതി മാറ്റിവയ്ക്കാൻ സാത്താൻ നിന്റെ ഹൃദയത്തെ പ്രലോഭിപ്പിച്ചതെന്തുകൊണ്ട്? നീ തെറ്റു ചെയ്തത് മനുഷ്യരോടല്ല, ദൈവത്തോടാണ്.

(കോറസുകൾ തിരിയുന്നു.)

എല്ലാവരും: ആത്മവഞ്ചകാ, ദൈവത്മാവിനെ വഞ്ചിക്കാൻ നിനക്കെങ്ങനെ കഴിഞ്ഞു?

വിറ്റ വയലും, കിട്ടിയ തുകയും നിന്റെ സ്വന്തമായിരുന്നു.

(കോറസുകൾ വലം വയ്ക്കുന്നു. ചെണ്ടമേളം തീരുമ്പോൾ നടുവിൽ അനനിയാസ്. കോറസുകൾ അണിനിരക്കുന്നു.)

ഒന്നാമൻ: അനനിയാസ്, സ്വന്തം വയൽ വിറ്റ് പ്രശസ്തനായവൻ.

രണ്ടാമൻ: വിറ്റ തുക പാതി മറച്ചുവച്ച് തന്നെത്തന്നെ വഞ്ചിച്ചവൻ.

മൂന്നാമൻ: പ്രശസ്തി നേടാൻ മറ്റെത്രയോ വഴികൾ ഈ ലോകത്തിലുണ്ട്. എന്നിട്ടും ദൈവത്തെ വഞ്ചിക്കാൻ ഇവനെങ്ങനെ ധൈര്യം വന്നു.



malankaralibrary.com

(വലതുവശത്തെ കോറസുകൾ ഒന്നുചേർന്ന്.)

കോറസുകൾ: ഇവനാണു പകൽ മാന്യൻ; ആൾക്കൂട്ടത്തിൽ അംഗീകാരം നേടാൻ വിശ്വാസത്തിന്റെ മറ പിടിക്കുന്ന കള്ളക്രിസ്ത്യാനി (ചെണ്ടമേളം)

(കോറസുകൾ അനനിയാസിനെ ചുറ്റി വലം വയ്ക്കുന്നു.)

നോക്കുക കൂട്ടരെ, നാട്ടാരെ വീഴ്ത്തുന്ന
കള്ളക്രിസ്ത്യാനികൾ ചുറ്റിലുണ്ടേ....
ചെന്നായ്ക്കളായിട്ടും ആടിന്റെ തോല് ചുറ്റി
മോടി പറയും പകൽ മാന്യൻമാർ
ദൈവത്തെ പറ്റിച്ച് മാമ്മോനെ സേവിക്കും
വള്ളത്തിൽ രണ്ടിലും കാൽവയ്ക്കുന്നോർ
വിശ്വാസിയാണെന്ന ലേബലണിഞ്ഞിട്ട്
ആശാസ്യമല്ലാത്ത വേല ചെയ്യും

(ചെണ്ടമേളം മുറുകുന്നു. വീണ്ടും അനനിയാസ് നടുവിൽ നിൽക്കുന്നു)

കോറസ് 1: പള്ളിയോട് ചേർന്നുനിൽക്കുന്നവനെന്ന് പേരെടുക്കാൻ മോഹം. വിശ്വാസജീവിതമോ തീരെയില്ല. വചനമനുസരിച്ചു ജീവിക്കാനോ....ചിന്തിക്കുക കൂടി വയ്യ.

കോറസ് 2: വിശ്വാസിയാണെന്നാണ് പറച്ചിൽ. അതിനിടയിൽ പണം നൽകിയോ പൊളിവാക്കുകൾ പറഞ്ഞോ സഭാവിരുദ്ധഗ്രൂപ്പുകാർ വന്നാൽ തൊട്ടടുത്തയാഴ്ച അവരുടെ കൂട്ടത്തിൽ.

കോറസ് 3: ഇവൻ ക്രിസ്ത്യാനിയായിരുന്നു. പക്ഷേ ഇപ്പോൾ പെന്തക്കോസ്തിലാ. കാരണം മറ്റൊന്നുമല്ല പള്ളിവക സ്കൂളിൽ പൊന്നുമോൾക്ക് അഡ്മിഷൻ കിട്ടിയില്ല.

കോറസ് 4: പള്ളിയിലൊക്കെ സ്ഥിരം വരും. പല പല സംഘടനകളിലുമുണ്ട്. രഹസ്യജീവിതത്തെക്കുറിച്ചൊന്നും ചോദിച്ചേക്കരുത്. ങാ....പറഞ്ഞേക്കാം.

കോറസ് 5: വിവാഹമെന്ന കൂദാശയിൽ പരസ്പരസ്നേഹത്തിന്റെ ഉടമ്പടി ചെയ്തിട്ട് ദാമ്പത്യ അവിശ്വസ്തതയിൽ ജീവിക്കുന്നവൻ.



malankaralibrary.com

കോറസ് 6 : ലോകസുഖങ്ങളെല്ലാം ഉപേക്ഷിച്ച് ദൈവത്തിനു തന്നെ ത്തന്നെ സമർപ്പിച്ചിട്ടും ലൗകികമോഹങ്ങളിൽ കുടുങ്ങിക്കി ടക്കുന്നവൻ.

കോറസുകൾ: ഇവനാണ് അനനിയാസ്.....പരിശുദ്ധാത്മാവിനെ വഞ്ചിച്ച് ഹൃദയത്തിന്റെ പകുതി ദൈവത്തിനും, മറുപകുതി സാത്താനും കൊടുത്തവൻ....

(കോറസുകൾ വലം വലം വയ്ക്കുന്നു. വൃത്തത്തിനകത്ത് അനനിയാസ് നിൽക്കുന്നു.)

കോറസുകൾ: അല്ലയോ മനുഷ്യാ, ഒന്നുകിൽ ചൂട് അല്ലെങ്കിൽ തണുപ്പ്. മന്ദോഷ്ണനായാൽ നിന്നെ തുപ്പിക്കയും.

(ഒരു വട്ടം വലംവയ്ക്കുന്നു.)

കോറസുകൾ: നാശത്തിന്റെ പുത്രാ, ദൈവത്തെയും മാമോനെയും ഒരു മിച്ചു സേവിക്കാൻ കഴിയില്ലെന്നു നീ അറിയുക.

(ചെണ്ടമേളം മുറുകുന്നു. കോറസുകൾ വേഗത്തിൽ വലം വയ്ക്കുന്നു. വൃത്തത്തിനുള്ളിൽനിന്ന് അനനിയാസിന്റെ നിലവിളി. ചെണ്ടമേളം താഴുന്നു. ചടുലമായ താളത്തിൽ കോറസുകൾ പാടി വലം വയ്ക്കുന്നു.)

ഏലേലോ ഏലേലോ (2)
ഹൃദയമല്ലേ മുന്തിരിവയൽ
വിൽക്കുക പൂർണ്ണത നേടിടുവാൻ
നൽകുക പൂർണ്ണമായ് ദൈവപിതാവിന്
വിറ്റത്തിൽ പകുതി മുക്കരുത്.
ഹൃദയമറിയും ദൈവമല്ലേ അവൻ
അറിയും സർവ്വ വിചാരമതും
പൂർണ്ണഹൃദയമേകുക ദൈവത്തിൽ
പൂർണ്ണസത്യമതാകുമവൻ
പാതിഹൃദയമവനുവേണ്ട
നൽക നിന്റെ നിക്ഷേപമെല്ലാം
ഏലേലോ....

സൂത്രധാരൻ : പ്രിയമുള്ളവരെ, അനനിയാസിന്റെ പ്രതിരൂപങ്ങളോ നിഴ ലുകളോ ആയിട്ടുള്ളവർ എത്രയോ പേർ നമ്മുക്കിടയിലു മുണ്ട്. ഹൃദയം പൂർണ്ണമായി സമർപ്പിക്കാത്തവരല്ലേ നമ്മിൽ ഏറെയും?



malankaralibrary.com

കോറസ് 1 : വിശ്വാസികൾ ദൈവത്തിനു സമർപ്പിക്കുന്നുണ്ടോ പൂർണ്ണ ഹൃദയം?

കോറസ് 2 : രാഷ്ട്രീയനേതാക്കൾ സമൂഹത്തിനു സമർപ്പിക്കുന്നുണ്ടോ പൂർണ്ണഹൃദയം.

കോറസ് 3 : എന്തിന് ഭാര്യഭർത്താക്കൻമാർ പങ്കാളികൾക്ക് സമർപ്പിക്കുന്നുണ്ടോ പൂർണ്ണഹൃദയം?

കോറസ് 4 : മാതാപിതാക്കൾ മക്കൾക്കും മക്കൾ മാതാപിതാക്കൾക്കും സമർപ്പിക്കുന്നുണ്ടോ പൂർണ്ണഹൃദയം?

കോറസുകൾ : ഇല്ല...ഇല്ല.....ഇല്ല.

സൂത്രധാരൻ : കൂട്ടരേ, പാതിഹൃദയമല്ല. പൂർണ്ണഹൃദയവും നമ്മുക്ക് ദൈവത്തിന് സമർപ്പിക്കുന്നവരാകാം.

വരുംതലമുറയ്ക്ക് കൈമാറേണ്ട
ദീപമാകട്ടെ ഈ ഉൾക്കാഴ്ച
നല്ല നാളേയ്ക്കായി നമ്മുക്കു കൈകോർക്കാം

പൂർണ്ണഹൃദയത്തോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണമനസ്സോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണശക്തിയോടെ ദൈവത്തെ
സ്നേഹിക്കാം
പൂർണ്ണാത്മാവോടെ ദൈവത്തെ
സ്നേഹിക്കാം

(കർട്ടൻ)





malankaralibrary.com

# സത്യനീതിബോധിനി

(രംഗത്ത് അരണ്ട വെളിച്ചം. പിന്നിലായി കോറസുകൾ കുരിശിന്റെ ആകൃതിയിൽ നിൽക്കുന്നു. ഒരാൾ കൈവിരിച്ചും, മറ്റുള്ളവർ ചുറ്റിലും പീഠംപോലെ കുനിഞ്ഞുനിൽക്കുന്നു. പശ്ചാത്തലത്തിൽ വന്ദനഗാനം ആരംഭിക്കുന്നു.)

സനാതന സത്യപ്രകാശമാം ഈശോ
ദൈവപുത്രാ നമോസ്തുതേ.....

(ചെണ്ടമേളം)

പിതാ സ്വർഗ്ഗസ്ഥതേ നാമ
പൂജ്യതാം രാജ്യമശ്നുതാം
യഥാസ്യാൽ തേ ഹിതം സ്വർഗ്ഗേ
തഥൈവാ ഭവതാദ് ഭുവി
ദേഹി ഭോജന മസ്മഭ്യം
പാപർണം ക്ഷമ്യതാം ത്വയാ

(ചെണ്ടമേളം. തകിട തകതിമി (3) തെയ്യന്താ. ചുവടുകൾ വച്ച് കോറസുകൾ പിന്നിലായി പുറം തിരിഞ്ഞുനിൽക്കുന്നു. സൂത്രധാരൻ കടന്നുവരുന്നു.)

സൂത്രധാരൻ : സഹൃദയരേ, ഇവിടെയൊരു നാടകമാരംഭിക്കുകയാണ്. വെറും നാടകമല്ല, വിശുദ്ധഗ്രന്ഥത്തിലെ പ്രവാചകഗ്രന്ഥങ്ങളിൽനിന്നും അടർത്തിയെടുത്ത മനോഹരമായ ഒരു പ്രമേയം. ജറമിയാപ്രവാചകന്റെ പ്രബോധനങ്ങളിൽ വിടരുന്ന ക്രിസ്തീയനീതിസാരത്തിന്റെ അന്തർധാരകളെ നിങ്ങൾക്കു മുമ്പിൽ അനാവരണം ചെയ്യുവാനുള്ള എളിയ ശ്രമമാണ് ഞങ്ങളുടേത്. (സദസ്സിലേക്കു നോക്കി) എന്താ, ആ പുറകിലിരിക്കുന്ന കാർന്നോരു പറയണേ....കത്തിവയ്ക്കാതെ തുടങ്ങാനെന്നോ?.....അങ്ങനെയാകട്ടെ...ഞാൻ നിർത്തി. ഇനി നാടകം തുടങ്ങട്ടെ....(ചെണ്ടമേളം.)



malankaralibrary.com

കേട്ടില്ലേ കൂട്ടരെ കാലപ്രവാഹത്തിൻ
മാറ്റം ചമയ്ക്കുന്ന കേളികൊട്ട്
നീതിസാരങ്ങളെ തച്ചുടച്ചീടുന്ന
ലോകമോഹങ്ങൾ തൻ കേളികൊട്ട്
ദൈവത്തിനുള്ളത് ദൈവത്തിനേകാതെ
സീസറിനുള്ളതും സ്വന്തമാക്കി
വൈരം വളർന്നു അശുദ്ധി പടർന്നപ്പോൾ
ലോകമധർമ്മത്തിൻ സത്രമായി.

(തകതിന്നതിത്ത.....ചുവടു വയ്ക്കുന്നു. കൊട്ടാരത്തിന്റെ ആകൃതിയിൽ കോറസുകൾ നിൽക്കുന്നു. ചെണ്ടമേളം)

സൂത്രധാരൻ: ദൈവം തന്റെ പ്രിയജനമായി തിരഞ്ഞെടുത്ത ഇസ്രായേൽ അവിശ്വസ്തത കാട്ടി വ്യതിചലിച്ചു. ദൈവത്തിന്റെ സ്വന്തമായിരുന്നവൾ, തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ടമുന്തിരിച്ചെടി ബാൽദേവന്റെ ദാസിയായി ജീവിക്കുകയാണ്. ഉന്മത്തയായി പാഞ്ഞുനടന്ന പെണ്ണാട്ടകം, മരുഭൂമിയിലെ കാട്ടുകഴുത, മദം പിടിച്ച് അവൾ ഓടുകയായിരുന്നു. ഇതാ....അഭിനവ ഇസ്രായേൽ ദൈവത്തെ വേർപിരിഞ്ഞുകഴിയുന്ന വസതിയാണിത്. ഇന്നു ജറമിയാ വരേണ്ടതും ഈ അങ്കത്തട്ടിലേയ്ക്കാണ്. (ചെണ്ടമേളം. സൂത്രധാരൻ കോറസിന്റെ കൂടെ പോയി നിൽക്കുന്നു. മൂന്നുപേരുടെ നടുവിൽ ഇസ്രായേൽ ചുവടുവയ്ക്കുന്നു.)

തന്നാരോ തന്നാരോ തക
തന്നാരോ തക തന്നാരോ (2) (ജറമിയ കടന്നുവരുന്നു)

ജറമിയ: നിർത്തൂ....യഹോവയുടെ ഇഷ്ടപത്നിയായ ഇസ്രായേൽ, ദൈവഭവനത്തിൽ രാജ്ഞിയായി കഴിയേണ്ട നീ അന്യദേവനു പാദക്ഷാളനം ചെയ്യുന്നതെന്തിന്?

രാജാവ്: ആരാണ് നീ....എന്തിനിവിടെ വന്നു?

ജറമിയ: യഹോവാ രാജാവിന്റെ ദൂതനാണു ഞാൻ, ജറമിയാ. വിഗ്രഹാരാധനയും സാമൂഹ്യാനീതികളും വഴി തുടരെത്തുടരെ കർത്താവിനെ പ്രകോപിപ്പിക്കുന്ന ഇസ്രായേൽ, നിനക്കു വരാൻ പോകുന്ന ശിക്ഷ ഭയാനകമായിരിക്കും.



malankaralibrary.com

പ്രവാചകൻ: വായടയ്ക്കടാ. കേറിവന്നു തോന്നിയതു വിളിച്ചുപറയാൻ ഇതെന്താ വെള്ളരിക്കാപ്പട്ടണമോ....അഭിനവ ഇസ്രായേലിന്റെ രാജാവും പ്രവാചകരും, പുരോഹിതരുമാണ് ഞങ്ങൾ...

ജറമിയ: ഇസ്രായേലിന്റെ നാശത്തിന് ഉത്തരവാദികളായ നിങ്ങൾ ഒരുപോലെ കുറ്റക്കാരായിരിക്കും. നീതിയുടെ ശബ്ദമാ കേണ്ട നിങ്ങൾ അനീതിക്കു കൂട്ടുനിൽക്കുകയാണ്.

ഇസ്രായേൽ: ജറമിയാ, യഹോവയുടെ പ്രവാചകനായ നിന്നെ ഞാൻ ബഹുമാനിക്കുന്നു. എന്നാൽ ഇന്നിവിടെയൊരു പൂജ നടക്കുകയാണ്. ഞാൻ ദൈവഭവനത്തിൽനിന്ന് സ്വന്തം ഇഷ്ടപ്രകാരമാണ് ഇറങ്ങിത്തിരിച്ചതെങ്കിൽ ദേവനുള്ള ഈ പൂജയും ഞാൻ നടത്തിയിരിക്കും.

ജറമിയ: കർത്താവ് അരുളിച്ചെയ്യുന്നു. യാക്കോബിന്റെ ഭവനമേ, എന്തു കുറ്റം കണ്ടിട്ടാണ് നീയെന്നിൽ നിന്നകന്നുപോയത്? മരണത്തിന്റെ താഴ്വരയിൽ നിന്നു നിന്നെ രക്ഷിച്ച കർത്താവിനെ നീയെന്തിന് പരിത്യജിച്ചു?

പുരോഹിതൻ: ജറമിയാ. കാലം വരച്ച നീതിശാസ്ത്രത്തിൽ തൂങ്ങിപ്പിടിച്ചുകിടക്കുകയാണ് നീ. കാലത്തിനനുസരിച്ച് കോലം മാറണം/ വിശ്വാസങ്ങൾ മാറണം/ധാർമ്മികത മാറണം/നീതിശാസ്ത്രങ്ങൾ മാറണം/അതിനിടെ ദൈവവും മാറണ്ടേ./

ജറമിയ: ഉദരപൂരണത്തിനുവേണ്ടി ദൈവത്തെ വിറ്റുകാശാക്കുന്ന പുരോഹിതാ, ദൈവത്തെ മറന്ന് മതംതേടിയലയുന്ന മനുഷ്യരെ പാട്ടിലാക്കി ആത്മീയതയുടെ കാവിയണിഞ്ഞ് ആൾദൈവമാകുകയും വിശ്വാസികളുടെ ഹൃദയത്തിൽ നിന്ന് ദൈവത്തെ പറിച്ചെടുത്ത് അവിടെ വിഗ്രഹങ്ങൾ ചമയ്ക്കുകയും ചെയ്യുന്ന നിന്നെ ദൈവം കൊളുത്തിട്ടിഴയ്ക്കുന്ന നാൾ വരുന്നു.

ഇസ്രായേൽ: നിർത്തൂ..നിന്റെ അധികപ്രസംഗം. അഭിനവ ഇസ്രായേലിന്റെ നിയന്താക്കളാണിവർ. നീതിശാസ്ത്രങ്ങൾ നീ ഇവരെ പഠിപ്പിക്കേണ്ട. ഇസ്രായേലിന് ഇനിയൊരു തിരിച്ചുവരവില്ലെന്ന് യഹോവയോടു പറഞ്ഞേക്കൂ.



malankaralibrary.com

ജറമിയ: ഇസ്രായേൽ, ദൈവനീതിയെ നീ പരീക്ഷിക്കരുത്. മാതാവിന്റെ ഉദരത്തിൽ നീ ഉരുവാകുന്നതിനുമുമ്പേ നിന്നെ അറിഞ്ഞു വിശുദ്ധീകരിച്ചവനാണ് യഹോവ. യൗവനത്തിൽ മണവാളനടുത്ത സ്നേഹത്തോടെ നിന്നെ സ്വന്തമാക്കിയ അവിടുത്തെ ധിക്കരിച്ച് നീ അവിശ്വസ്തയായി അനീതി പ്രവർത്തിച്ചു.

ഇസ്രായേൽ: എന്ത് അനീതി? പ്രവാചകനായി ഇറങ്ങുംമുമ്പ് നിനക്ക് ചോദിക്കാൻ മേലായിരുന്നോ എന്തു നീതിയാണ് യഹോവ എന്നിൽ നിന്ന് പ്രതീക്ഷിച്ചതെന്ന്?

ജറമിയ: സംശയമെന്ത്? അവിശ്വസ്തത കാട്ടി സ്വന്തം നാശത്തിനു വേണ്ടി നീ ഇറങ്ങിത്തിരിച്ചതു തന്നെയാണ് നിന്റെ അനീതി. നിന്റെ പാപം. നീ നിന്നെത്തന്നെ സ്നേഹിച്ചില്ല. ഒപ്പം നിന്റെ ദൈവത്തെയും. നിന്നോടുതന്നെ നീ നീതി പുലർത്തിയിരുന്നെങ്കിൽ നാശത്തിന്റെ വഴി തെരഞ്ഞെടുക്കില്ലായിരുന്നു.

രാജാവ്: ജറമിയാ, നിനക്കുപോകാം. ഇസ്രായേലിനെ നീതിസാരങ്ങൾ പഠിപ്പിക്കാൻ ഇവിടെ ഞങ്ങളുണ്ട്. ഭരണചക്രം തിരിക്കുന്നത് സീസറാണെങ്കിൽ, നാണയവും, ലിഖിതവും അവന്റെയാണെങ്കിൽ നീതിയുടെ തുലാസ്സിലിട്ട് നന്മയും തിന്മയും വേർതിരിച്ചു കല്പിക്കുന്നത് രാജാവു തന്നെയാണ്. ഞാനാണിവിടെ രാജാവ്.

ജറമിയ: എന്റെ ജനത്തെ വഴിതെറ്റിക്കുന്ന ഇടയാ. നിനക്കു ശാപം സീസറിനു ഭരണം നൽകിയ യഹോവയെ നീ ധിക്കരിച്ചാൽ നിന്റെ ദീപപീഠത്തിലെ അഗ്നി കർത്താവ് എടുത്തുമാറ്റും. ശത്രുസൈന്യവുമായുള്ള ഏറ്റുമുട്ടലിൽ ഇസ്രായേലിന്റെ രാജാവേ നീ വാളിനിരയാകും.

പുരോഹിതൻ: ഇസ്രായേലിന്റെ രാജാവേ, രാജശാസനത്തെ ധിക്കരിച്ച യഹോവയുടെ ഈ ദൂതനെ എന്തുചെയ്യണമെന്നു നീ വിധിച്ചാലും.

രാജാവ്: തിരുവായ്ക്കെതിർ വാ തുറന്നാൽ വായടയ്ക്കണം. യഹോവയുടെ ദൂതനായതിനാൽ ഇവനെ നിങ്ങൾ വധിക്കേണ്ട; എടുത്ത് പൊട്ടക്കിണറ്റിൽ തള്ളിയിടുക. (ചെണ്ടമേളം....



malankaralibrary.com

കോറസുകൾ ചുവടുവച്ചുവരുന്നു. ജറമിയായെ ചുറ്റുന്നു...തക തകിട തക തകിട (2) തിത്താ....കിണറുപോലെ നിൽക്കുന്നു. രണ്ടു പേർ ജറമിയായെ അതിലേയ്ക്കെടുത്തിടുന്നു. കോറസുകൾ നേരെ നിന്ന് കൈയുയർത്തി തീനാളം പോലെ വിറപ്പിക്കുന്നു.

യാഗാഗ്നി മധ്യേ തപസ്സുചെയ്താലുമീ
പാപകർമ്മത്തിൻ പ്രതിക്രിയയാകുമോ....

(തകതകിട തിത്ത....ചുവടുവച്ച് പുറകിലായി കോറസുകൾ പുറം തിരിഞ്ഞു നിൽക്കുന്നു. ജറമിയ നിലത്തിരിക്കുന്നു.)

ജറമിയ: നീതിസൂര്യനായ യഹോവേ, അങ്ങയുടെ ദൂതനു സംഭവിച്ചിരിക്കുന്ന ഈ അപമാനം നീ കാണുന്നില്ലേ? അനീതി നിറഞ്ഞ ഈ ലോകത്തിന്റെ അന്ധകാരത്തിൽ നീതിയുടെ ദീപം തെളിക്കുവാൻ ശ്രമിച്ചതാണോ ഞാൻ ചെയ്ത തെറ്റ്. നീയെന്താണ് ഉത്തരം പറയാത്തത്? ദൈവനീതിയുടെ ശബ്ദം നിലച്ചുപോയോ?

കോറസുകൾ: നീതിയുടെ പ്രവാചക; നന്മ പാദരക്ഷ അണിയുമ്പോഴേയ്ക്കും, തിന്മ ഒരു വട്ടം ലോകത്തെ ചുറ്റിക്കഴിയുമെന്ന് അല്ലയോ പ്രവാചകാ, നീ അറിയുക (2) (ചെണ്ടമേളം)

കോറസ് 1 : ഹേ പ്രവാചകാ, ഈ ലോകമിന്ന് നിയന്ത്രിക്കുന്നത് തിന്മയുടെ ശക്തികളാണ്. ദൈവത്തിന്റെ ശബ്ദം ഈ ജനത്തിന് തീരെ പരിചിതമല്ല. അങ്ങനെയിരിക്കെയാണ് ഇവിടെക്കയറിവന്നുള്ള നിന്റെ വാഗ്വിലാസം.

കോറസ് 2 : എപ്പോൾ നോക്കിയാലും പിഴുതെറിയുന്നതും, തച്ചുടയ്ക്കുന്നതും, ഇടിച്ചുതകർക്കുന്നതും മാത്രമേ നിനക്കു പറയാനുള്ളൂ. കാതിനിമ്പമായി എന്തെങ്കിലും നീ പറയാറുണ്ടോ?

ജറമിയ: പിഴുതെറിയാനും, തച്ചുടയ്ക്കാനും മാത്രമല്ല നട്ടുവളർത്താനും പണിതുയർത്താനുമാണ് യഹോവ എന്നെ അയച്ചിരിക്കുന്നത്.

കോറസ് 3 : അതല്ലേ ഞങ്ങൾ പറയുന്നത്. നിനക്കു തെറ്റുപറ്റി. നാശത്തെക്കുറിച്ചു പ്രവചിക്കാതെ വചനത്തിലല്പം തേൻ കലർത്തൂ. ദൈവനീതി സ്നേഹത്തിന്റേതല്ലേ. സ്നേഹത്തിൽ സത്യം....അതാണു നീ പറയേണ്ടത്.

ജറമിയ: എന്ത് ദൈവനീതിയുടെ പ്രവചനത്തിൽ എന്റേതായൊന്നു കൂട്ടിച്ചേർക്കാനോ? അതും ജനത്തെ പ്രീതിപ്പെടുത്താൻ. നീതിയുടെ പ്രവാചകനായ ഞാൻ ഒരിക്കലും അതു ചെയ്യില്ല.



malankaralibrary.com

(കോറസ് 3 പേർ വലംവയ്ക്കുന്നു)

A തേൻപോൽ മധുരമാം വാക്കുകൾ ചൊല്ലിയാൽ
കേൾക്കും ജനം നിന്നെ നിശ്ചയമായ്
നീതിസാരങ്ങളെ തീർക്കുക സ്നേഹത്തിൻ
വർണ്ണം വിതറിയ പാത്രമൊന്നിൽ
അല്പമൊടിക്കാം വളയ്ക്കാം വചനത്തെ
അല്ലെങ്കിൽ നിൻ പണി പാഴ്വേലയാം

(ചെണ്ടമേളം....ജറമിയ ചിന്താധീനനാകുന്നു. ചെണ്ടമേളം മുറുകുന്നു.)

കോറസ് 1 : ജറമിയാ, നീ ഞങ്ങൾ പറയുന്നതു കേൾക്കൂ....ദൈവത്തിന്റെ നീതി മനുഷ്യന്റെ നീതിയെ അതിശയിക്കുന്നതാണ്. താൻ സ്നേഹിക്കുന്നവരെ കർത്താവു ശിക്ഷണവിധേയനാക്കുന്നു. ദൈവനീതിയിൽനിന്നു വ്യതിചലിച്ച ഇസ്രായേലിനുണ്ടാകാൻ പോകുന്ന നാശം അവൾ സ്വയം വരുത്തി വയ്ക്കുന്നതാണ്.

കോറസ് 2 : ജറമിയാ, നീതിയുടെ പ്രവാചകനാണു നീ. ദൈവവചനം കലർപ്പില്ലാതെ നീ പ്രസംഗിക്കുക. ദൈവനീതിയിൽ കൃപയുടെ അനന്തസാധ്യതകളില്ലേ? നീ ധൈര്യപൂർവ്വം വരാനിരിക്കുന്ന നീതിവിധിയെക്കുറിച്ചു പ്രസംഗിക്കുക.

കോറസ് 3 : മന്ത്രവാദിയുടെ കുഴലൂത്തുകേൾക്കാതിരിക്കാൻ ചെവിയടച്ചിരിക്കുന്ന അണലിയെപ്പോലെ ഇസ്രായേൽ ചെവിതരാതെ നിൽക്കുമ്പോൾ നീ ഭയപ്പെടേണ്ട. നീതി കലർപ്പില്ലാതെ പ്രസംഗിക്കുക.

(3 കോറസുകൾ വലംവയ്ക്കുന്നു)

B നീതിസാരത്തിൻ പ്രഘോഷകാ ചൊല്ലുക
വേഗമൊരുങ്ങിയിറങ്ങിടുക
ദൈവത്തിലേയ്ക്കു തിരിഞ്ഞില്ലായെങ്കിലോ
തൽക്ഷണം നാശമെന്നോതുക നീ

(ചെണ്ടമേളം....കോറസുകൾ മുഴുവൻ വലം വയ്ക്കുന്നു. കൈചൂണ്ടി A,B മാറിമാറിപ്പാടുന്നു. ചെണ്ടമേളം മുറുകുന്നു. ജറമിയ എല്ലാവരെയും തട്ടി മാറ്റുന്നു. കോറസുകൾ പുറം തിരിഞ്ഞുനിൽക്കുന്നു.)

(ജറമിയ കൈകൾ വിരിച്ച്)



malankaralibrary.com

ജറമിയ: സർവ്വശക്തനായ യഹോവേ, ഞങ്ങളുടെ നീതിയെക്കാൾ നിന്റെ അനീതി എത്രയോ ശ്രേഷ്ഠമാണ്. തൊണ്ണൂറ്റി യൊൻപതു നീതിമാൻമാർക്ക് മരുഭൂമി സമ്മാനിച്ചിട്ട് പാപിക്കു നീ നൽകുന്നത് നിന്റെ കരതലത്തിലെ സംര ക്ഷണം. നിന്റെ നീതിയുടെ വാൾ എന്നെ അണിയിക്കുക. ഇസ്രായേലിനോടു പ്രവചിക്കാൻ ഞാൻ തയ്യാറാണ്. (ചെണ്ടമേളം)

യാത്രയായ് അവൻ യാത്രയായ്
ദൈവവചനമാം വാളേന്തി ജറമിയാ
ഇസ്രായേൽ മുന്നിലായ് യാത്രയായി
ശങ്കകൂടാതവൻ ഘോഷിച്ചു ദൈവത്തിൻ
എത്രവിശിഷ്ടമാം നീതിശാസ്ത്രം
ദുഷ്ടപ്രവാചകൻ നീച പുരോഹിതൻ
കുടിലനാം മന്നനും ഭീഷണിയായ്
തകതിന്ന തിത്ത.....

(ചുവടുവച്ചു നീങ്ങുന്നു....കോറസ് വട്ടം കറങ്ങുന്നു. രാജാവിനെ വട്ടത്തിലാക്കുന്നു.... കോറസ് മുന്നോട്ടു നോക്കി പുറകിലായി നിരന്നു നിൽക്കുന്നു.)

കോറസ് 1: ഈ നാടിന്റെ രാജാവേ, ജനത്തെ വഞ്ചിച്ചു ഭരണചക്രത്തി ലേറിയ നീ ദൈവനീതിക്കു കണക്കു പറയേണ്ടി വരും.

കോറസ് 2: ആയിരങ്ങൾ ഒരു നേരത്തെ ആഹാരത്തിനുവേണ്ടിയലയു മ്പോൾ ആഡംബരക്കാറുകളിൽ അലസമായി അലയുന്ന നീ തടിച്ചുകൊഴുത്തത് ഈ ജനത്തെ ചവിട്ടിമെതിച്ചിട്ടല്ലേ...?

കോറസ് 3: പട്ടിണിമരണങ്ങളും ആത്മഹത്യകളും പീഡനങ്ങളും നാട്ടിൽ അരങ്ങേറുമ്പോൾ അതിന്റെ കാരണമെന്തെന്നു നീ തിരക്കിയിട്ടുണ്ടോ?

കോറസ് 4: മുതലാളിവർഗ്ഗത്തിനുവേണ്ടി നിയമങ്ങളുണ്ടാക്കുന്ന നീ വികസനമെന്ന പേരിൽ ഇവിടെ നടത്തിയതെല്ലാം വെറും പ്രഹസനങ്ങൾ മാത്രമല്ലേ?

കോറസ് 5: മാനവസമൂഹത്തെ താങ്ങി നിർത്തിയ മൂല്യസംസ്ക്കാ രത്തെ തിന്മയുടെ ശക്തികൾക്കു പിന്തുണ പ്രഖ്യാപിച്ചു നീ തകർത്തെറിഞ്ഞില്ലേ. ആത്മഹത്യയ്ക്കും സ്വവർഗ്ഗാനു രാഗത്തിനും നിയമപിന്തുണ നൽകിയ നീ ഈ ജനത്തിന്റെ ശാപമല്ലേ?



malankaralibrary.com

കോറസ് 6 : ഉള്ളവനും, ഇല്ലാത്തവനും തമ്മിലുള്ള വിടവു വിടർത്തി ആഗോളവൽക്കരണത്തിന്റെ പേരിൽ നീ ഒപ്പിട്ടുകൂട്ടിയ അന്താരാഷ്ട്രക്കരാറുകൾക്ക് പിന്നിൽ മാനവനീതിയുടെ കണിക പോലുമുണ്ടായിരുന്നില്ല.

(ചൂണ്ടിക്കൊണ്ട്)

കോറസുകൾ: നീതി ജലം പോലെ ഒഴുകട്ടെ.
ന്യായവിധി വറ്റാത്ത നീരുറവ പോലെയും (3)

(ചെണ്ടമേളം ചുവടു വച്ചു നീങ്ങുന്നു. പ്രവാചകനെ വട്ടത്തിലാക്കുന്നു.)

കോറസ് 1 : ഭാവി പ്രവചിക്കേണ്ട പ്രവാചകൻ. ദൈവനീതിയുടെ മാധ്യമാകേണ്ടവൻ. പക്ഷേ....ഇവൻ വിളിച്ചോതുന്നതോ അനീതിയുടെ കാഹളധ്വനികൾ.

കോറസ് 2 : പണത്തിനുവേണ്ടി ജനത്തെ കരുവാക്കാൻ മാധ്യമങ്ങളുടെ മായികപ്രപഞ്ചം സൃഷ്ടിക്കുന്നവൻ.

കോറസ് 3 : ജീവിതസത്യത്തിന്റെ മുഖം മറച്ചുവച്ച് നീ തീർക്കുന്ന റിയാലിറ്റി ഷോകളും...കപടസദാചാരവും, ലൈംഗികാധപതനവും സ്ത്രീകളുടെ കണ്ണീരുവിതയ്ക്കുന്ന പരമ്പരകളും എത്രയോ യുവാക്കളുടെയും കുടുംബങ്ങളുടെയും തകർച്ചയ്ക്കു കാരണമായി.

കോറസ് 4 : നന്മകൾ പങ്കുവയ്ക്കേണ്ട നീ കൈമാറിയതോ തിന്മയുടെ വർണ്ണപ്രപഞ്ചങ്ങൾ, മനുഷ്യമനസ്സിന്റെ ദൗർബല്യങ്ങളെ മുതലെടുക്കുന്ന വിപണനതന്ത്രങ്ങൾ, പ്രശസ്തി നേടുവാൻ യുവാക്കളെ മോഹിപ്പിക്കുന്ന മോഹനവാഗ്ദാനങ്ങൾ.

കോറസ് 5 : മൂല്യസംസ്ക്കാരത്തിന് മാധ്യമമാകേണ്ട നീ മാനവികതയുടെ ഹിംസകനായി. മനുഷ്യമനസ്സാക്ഷിയുടെ നീതിപീഠത്തിനുമുമ്പിൽ പ്രവാചകാ നീ തലകുനിക്കേണ്ടി വരും.

കോറസ് 6 : സത്യം മറച്ചുവച്ച നിന്നെ ദൈവം തൂത്തെറിയുന്ന നാൾ വരുന്നു. മാധ്യമലോകത്തു നീ നേടിയതെല്ലാം നീതിയുടെ ദൈവം തകർത്തുകളയും.

കോറസുകൾ : (ചൂണ്ടിക്കൊണ്ട്) നീതിജലം പോലെ ഒഴുകട്ടെ
ന്യായവിധി വറ്റാത്ത നീരുറവപോലെയും (3) ചെണ്ടമേളം

ജറമിയ : കൂട്ടരേ, ദൈവത്തിന്റെ നീതിവിധി ആരംഭിച്ചുകഴിഞ്ഞു. ദൈവനീതിക്കു ചെവികൊടുക്കാതിരുന്ന ഇസ്രായേലിന്റെ മേൽ ദൈവം നാശം വരുത്തി. ദൈവസാന്നിദ്ധ്യമായിരുന്ന



malankaralibrary.com

അവളുടെ ദൈവാലയം തകർക്കപ്പെട്ടു. (കോറസ് ചുവടു വയ്ക്കുന്നു) ബാബിലോണിന്റെ അടിമത്തത്തിന് ദൈവമക്കളെ വിട്ടുകൊടുത്തു....ജനത്തെ വഴിതെറ്റിച്ച ഭരണാധികാരിയും, മാധ്യമങ്ങളുടെ മായികലോകം തീർത്ത പുരോഹിതനും ശിക്ഷിക്കപ്പെട്ടു. (ചെണ്ടമേളം. കോറസുകൾ ചുവടു വയ്ക്കുന്നു. മുഖരെയും നടുവിലേയ്ക്കിടുന്നു. വട്ടം കറങ്ങുന്നു. കൈ ചൂണ്ടിക്കൊണ്ട് B പാടുന്നു....ചെണ്ടമേളം മുറുകുന്നു. ആ... നിലവിളി ചെണ്ടമേളം നിൽക്കുന്നു....കോറസുകൾ മുന്നോട്ടു നോക്കി നിരന്നു നിൽക്കുന്നു. സൂത്രധാരൻ നടുവിൽ)

കോറസ് : താനാരോ തന്നാരോ തക
താനാരോ തന്നാരോ
നീതിജലംപോലൊഴുകണമൂഴിയിൽ
ന്യായവിധിയൊരു നീരുറവ (2)
ദുഷ്ടനുമേലും ശിഷ്ടനുമേലും
തന്റെ കൃപമാരി നൽകിടുവോൻ
പാപിക്കു ശിക്ഷണം നൽകുമവയ്ക്കൊപ്പം
രക്ഷകതൻ വാതിലുമേകിടുമേ
തിന്മപരത്തുന്ന ശക്തി തകർക്കുവോൻ
സത്യത്തിൽ സ്നേഹവും നീതിയുമേ.
താനാരോ....തന്നാരോ....

കോറസ് 1 : ദൈവത്തിന്റെ നീതി എത്രയോ ശ്രേഷ്ഠം. അനേകം ജനതകളിൽ നിന്നു തിരഞ്ഞെടുത്തു സ്വതന്ത്രമാക്കിയവളെ നാശത്തിനു വിട്ടുകൊടുത്തില്ല ദൈവം. നീതിവിധികളിൽ അവിടുന്ന് അചഞ്ചലൻ തന്നെ.

കോറസ് 2 : തിന്മയുടെ ശക്തികളെ നശിപ്പിച്ച ദൈവം തന്നെ ഇസ്രായേലിന്റെ തിന്മയുടെ അടിമത്തത്തെ അനുവദിക്കുന്നു. ദൈവത്തിന്റെ നീതിശാസ്ത്രം എത്രയോ വ്യത്യസ്തം.

കോറസ് 3 : അവിശ്വസ്തയായ ഇസ്രായേലിന് ലഭിച്ച ശിക്ഷ അർഹതപ്പെട്ടതുതന്നെ. വ്യാജപ്രവാചകരുടെ അന്ത്യവും ഉചിതം തന്നെ. എന്നാൽ ദൈവത്തിന്റെ നീതിയിൽ സ്നേഹത്തിനു കുറവുവന്നോയെന്നൊരു സംശയം.

സൂത്രധാരൻ: ഒരിക്കലുമില്ല....കൂട്ടരേ. ദൈവത്തിന്റെ നീതി അസ്തമിക്കുന്നില്ല. മറ്റൊരുവന്റെ മണവറയിൽ കയറി മലിനയായ മണവാട്ടിയെ വീണ്ടെടുക്കാൻ ദൈവം തീരുമാനിച്ചു. വഴിതെറ്റി



malankaralibrary.com

പ്പോയ ജനത്തെ ദൈവം വീണ്ടെടുക്കാൻ രക്ഷകനെ അയച്ചില്ലേ. നീതിസൂര്യനായ മിശിഹാ പാപത്തിലാണ്ട ജനത്തെ തിന്മയിൽ നിന്നു കരകയറ്റിയില്ലേ. ജറമിയായിലൂടെ ദൈവം ഇസ്രായേലിൽ നൽകിയ വാഗ്ദാനമല്ലേ വെളിപാടു പുസ്തകത്തിൽ നാം കാണുന്നത്. വിജനപ്രദേശത്തുനിന്നും ആത്മനാഥന്റെ മാറിൽ ചാഞ്ഞുവരുന്ന മണവാട്ടി...അതാ കാണുന്നില്ലേ....(പുറകിലേക്കു ചൂണ്ടുന്നു. ചെണ്ടമേളം മുറുകുന്നു. ഈശോയുടെ തോളിലേക്കു ചാരി സഭ. രണ്ടു വശങ്ങളിലായി ചുവടുവച്ച് കോറസ്.)

ആനന്ദിക്കുക പ്രിയപുത്രീ
ആത്മവിഭൂഷിത മണവാട്ടി...
നിന്നെയിതാതിരു മണവാളൻ

സൂത്രധാരൻ: സഹൃദയരേ, നീതിസൂര്യനായ മിശിഹായുടെ രണ്ടാംവരവിനു സമയമായിരിക്കുന്നു. നീതിവിധിയുടെ സമയം സമാഗതമായിരിക്കുന്നു. മുൻപൻമാർ പിമ്പൻമാരാകുകയും-അവസാന മണിക്കൂറിലെത്തുന്നവൻ തുല്യകൂലി നേടുകയും ചെയ്യുന്ന അന്ത്യവിധിയുടെ സമയമായി. ദൈവവുമായി നമ്മെ രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഒരുങ്ങിയിരിക്കുവിൻ.

തത്തിന തിം തിന തിം
തിനതിന്നാ, (2)
നീതിരൂപപാലകാ, സകലപാപമോചകാ
നീതിസൂര്യനീശോയെ വാഴ്ത്തിടുന്നിതാ
സത്യസ്നേഹരൂപമേ, സത്യനീതി പാലകാ
ഭുവനമാകെ വാഴ്ക നിൻ ദൈവികരാജ്യം
ജീവ: പന്ഥ: പരംസത്യം
അരൂപോ നര രൂപവാൻ
ദാരുപീഠേ മൃത: ഈശോ
ദേവദൂത വചേയദ്ഭവ:

(ഈരടികൾക്കു ചുവടുവച്ച് രണ്ടുവട്ടം വലം വച്ച് വേദിയിൽ നിന്നുപോകുന്നു. അവസാനത്തെയാൾ പുറത്തേക്കു കടക്കുമ്പോൾ കർട്ടൻ വീഴുന്നു.)



malankaralibrary.com

# അഗ്നിനക്ഷത്രം

(യവനിക ഉയരുമ്പോൾ രംഗത്ത് അരണ്ട വെളിച്ചം. മഞ്ഞിന്റെ പുകപടലം. പശ്ചാത്തലത്തിൽ ശോകസംഗീതം അലയടിക്കുന്നു....)

ഗായൂസ് : അന്ധകാരത്തെ പ്രണയിച്ച അഗ്നിനക്ഷത്രമേ, നിന്റെ വിലാപദിനങ്ങൾ ഇനിയും കഴിഞ്ഞില്ലേ. രക്തപ്പൂക്കളുടെ താഴ്വരയിൽ നിന്നും ഇനിയെങ്കിലും മടങ്ങിക്കൂടേ.

യൂദിത്ത: വാടിക്കൊഴിഞ്ഞ പൂവാണു ഞാൻ. ഇലകൊഴിഞ്ഞ അത്തിവൃക്ഷം. എന്റെ പ്രിയൻ മയങ്ങുന്ന ഈ മണ്ണുവിട്ട് ഞാൻ എവിടേക്കാണ് മടങ്ങേണ്ടത്.

ഗായൂസ് : യൂദിത്താ, മരിച്ചവനെയോർത്ത് ഇനി വിലപിക്കരുത്. അവന്റെ ഭവനം ശൂന്യമായിത്തീരണം എന്നത് പ്രവചനങ്ങളുടെ പൂർത്തീകരണമല്ലേ.

യൂദിത്താ: ശരിയാണ്.....എന്റെ പ്രിയന്റെ ഭവനം ഇന്നു ശൂന്യമാണ്. യുഗാന്ത്യത്തിന്റെ മണി മുഴങ്ങുമ്പോൾ യോസഫാത്തു താഴ്വരയിൽ ഇസ്രായേലിന്റെ പന്ത്രണ്ടു സിംഹാസനങ്ങളിലൊന്നിൽ എന്റെ പ്രിയൻ വാഴുന്നത് ഞാൻ സ്വപ്നം കണ്ടിരുന്നു. അതെല്ലാം മരീചിക മാത്രം.

ഗായൂസ് : അത്യുന്നതന്റെ പദ്ധതികളെ സ്വപ്നങ്ങളുടെ കോട്ട കെട്ടിത്തിരിക്കരുത് മകളെ....ഈശോയുടെ ദൈവരാജ്യത്തിനു കുറുകെ ഉടവാളും പണക്കിഴിയുംകൊണ്ട് അവൻ പണിതത് ബാബേൽ ഗോപുരമാണ്.

യൂദിത്താ: ഈശോയെക്കാളും അധികം അദ്ദേഹം എന്നെയാണ് സ്നേഹിച്ചത്. നസ്രായന്റെ പണസഞ്ചിയിൽ നിന്നും നാണയത്തുട്ടുകൾ എടുത്തു മാറ്റുമ്പോഴും ആ മനസ്സിൽ എന്നോടൊത്തുള്ള ജീവിതമായിരുന്നു. എന്നിട്ട് യൂദിത്തയോട് ഒരു വാക്കുപോലും മിണ്ടാതെ....



malankaralibrary.com

ഗായൂസ്: ഈശോയെ അവൻ സ്നേഹിച്ചിരുന്നെങ്കിൽ നിന്നോടുള്ള അവന്റെ പ്രണയവും സത്യമാകുമായിരുന്നു. പക്ഷേ അവൻ സ്നേഹിച്ചത് അവനെത്തന്നെയാണ്. അവന്റെ ഉടവാളിനെ.... അവന്റെ പണക്കിഴിയെ....അവന്റതന്നെ നിഴലിനെ.....ആ പ്രണയത്തിന്റെ വസന്തകാലത്തിലേക്ക് നീ ഒന്നു തിരിഞ്ഞു നോക്കൂ യൂദിത്താ....

(യൂദിത്തായുടെ വീട്. പാദക്ഷാളനത്തിനുള്ള വലിയ കല്ഭരണികൾ, ഈറ കൊണ്ടുള്ള വലിയ വിരിപ്പുകൾ, പൂച്ചെടികൾ നിരത്തിവച്ചിരിക്കുന്നു. രംഗം പ്രകാശിതമാകുമ്പോൾ യൂദിത്താ കല്ഭരണികളിൽ വെള്ളം നിറയ്ക്കുന്നു. രംഗത്ത് യൂദാസ് കടന്നുവരുന്നു.)

യൂദാസ്: യൂദിത്താ

യൂദിത്താ : അത്ഭുതമായിരിക്കുന്നു, അങ്ങെന്താ ഇവിടെ....

യൂദാസ് : ഇന്നു ഗുരു ജറുസലേമിലുണ്ടായിരുന്നു. മടങ്ങുംമുമ്പ് എന്റെ മാടപ്രാവിനെ ഒന്നു കാണണമെന്നു തോന്നി....

യൂദിത്താ : ജറുസലേമിലെന്തായിരുന്നു വിശേഷിച്ച്?

യൂദാസ് : ഈശോയുടെ രാജകീയപ്രവേശം. സൈത്തുമരച്ചില്ലകളേന്തി ജനം അവിടുത്തെ എതിരേറ്റു. ഇളകി മറിഞ്ഞ ആ ജനസാഗരം നീയൊന്നു കാണേണ്ടതായിരുന്നു യൂദിത്താ...

യൂദിത്താ : (സ്വപ്നത്തിലെന്നപോലെ) എനിക്കു കാണാൻ കഴിയുന്നുണ്ട്, പ്രഭോ. ഈശോ രാജാവായി വരുന്ന ആ കാഴ്ച. സത്യത്തിൽ അങ്ങെത്ര ഭാഗ്യവാനാണ്. ഒരു ജനം മുഴുവൻ കാത്തിരുന്ന രക്ഷകന്റെ ശിഷ്യനാകുക. ഈ പാവം പെണ്ണിന്റെ മനസ്സിൽ അങ്ങയോട് ആരാധന തോന്നിച്ചതും ആ ശിഷ്യസ്ഥാനമാണ്.

യൂദാസ് : യൂദിത്താ, ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിലും ഇങ്ങുതാഴെ ഭൂമിയിൽ പുഞ്ചിരി തൂകി നില്ക്കുന്ന പൂവിതളിലും എന്തിന്...എന്റെ മനസ്സിന് കുളിർമ പകരുന്ന സർവ്വചരാചരങ്ങളിലും ഞാനിപ്പോൾ കാണുന്നത് ഒന്നു മാത്രം. അത്...നിന്റെ മുഖമാണ് യൂദിത്താ....

യൂദിത്താ: പ്രഭോ....

(യൂദാസ് യൂദിത്തയോട് ചേർന്നു നില്ക്കുന്നു. യൂദിത്താ ചുവരിൽ നിന്ന് കിന്നരമെടുത്ത് പാടുന്നു. യൂദാസ് ശ്രദ്ധിക്കുന്നു. സംഗീതം.....ഗായൂസ് കടന്നുവരുന്നു)



malankaralibrary.com

ഗായൂസ് : ഇതാരാ, യൂദാസോ.....ജറുസലേമിൽ ഗുരു വന്നെന്നറിഞ്ഞു....ഇതെന്താ ഈശോയുടെ ശിഷ്യന്റെ അരയിലും ഉടവാളോ?

യൂദാസ് : വാളില്ലാത്തവൻ കുപ്പായം വിറ്റ് വാളു വാങ്ങാൻ പറഞ്ഞു എന്റെ ഗുരു. ഈ ഒരു വാക്കിനായി ഞാൻ കാത്തിരിക്കുകയായിരുന്നു. അധികാരത്തിനുവേണ്ടി പീലാത്തോസിനു മുമ്പിൽ അഭിമാനം അടിയറവു പറയുന്ന അധികാരിവർഗ്ഗത്തിനു മുന്നിൽ ദൈവരാജ്യത്തിന്റെ കിന്നരം മീട്ടിയിട്ട് കാര്യമില്ല. ഉടവാളെടുക്കണം.

ഗായൂസ് : യൂദാസ്.....നസ്രായന്റെ ശിഷ്യനായ നീയെനിക്ക് ബഹുമാന്യനാണ്. പക്ഷേ നിന്റെ ജീവിതം കാണുമ്പോൾ ആ ഗുരുവിൽ നിന്നും നീ അകലുകയാണോയെന്നു ഞാൻ ഭയക്കുന്നു.

യൂദാസ് : അങ്ങു വിചാരിക്കുംപോലെ അകൽച്ചയൊന്നുമില്ല. പക്ഷേ ചില കാര്യങ്ങളിൽ ഈശോയുടെ ആശയങ്ങളോട് എനിക്കു യോജിക്കാനാവില്ല. ജറുസലേമിലേക്ക് വന്നതോടെ ഈശോയുടെ വാക്കുകളിൽ ചില പൊരുത്തക്കേടുകൾ. അത്ഭുതങ്ങളില്ല....അടയാളങ്ങളില്ല. എപ്പോഴും കീഴടങ്ങുന്നതിനെയും കഴുമരത്തെയുംകുറിച്ച് സംസാരിക്കുന്നു.

ഗായൂസ് : ദൈവത്തിന്റെ മനസ്സറിയാൻ ആർക്കാണു കഴിയുക, യൂദാസ്?

യൂദാസ് : മരിക്കുവാനല്ല, നഷ്ടപ്പെട്ട യഹൂദസാമ്രാജ്യം തിരിച്ചുപിടിക്കാനാണ് ഞാൻ അവനോടൊപ്പം കൂടിയത്. അധികാരത്തിന്റെയും അംഗവസ്ത്രത്തിന്റെയും ആഡംബരങ്ങളിലേക്ക് യഹൂദരെ തിരിച്ചുകൊണ്ടുവരാൻ.....അതിനായില്ലെങ്കിൽപ്പിന്നെ ഈ ഉടവാളിൽ ഞാനെന്റെ ജീവിതം അവസാനിപ്പിക്കും. (മാൽക്കൂസ് കടന്നുവരുന്നു.)

മാൽക്കൂസ് : കൊള്ളാം യൂദാസ്, നസ്രായന്റെ കൂടെ നടന്നിട്ട് ഒടുവിൽ തെറ്റിപ്പോയെന്ന് തോന്നിത്തുടങ്ങിയല്ലേ?

യൂദാസ് : തെറ്റും ശരിയും തിരിച്ചറിയാത്ത കുട്ടിയല്ല യൂദാസ്. അന്നുമിന്നും യൂദാസിന് ശരി ഒന്നേ ഉള്ളൂ. അത് എന്റെ മാത്രം ശരിയാണ്. അതിജീവനത്തിന് വേണ്ടത് അധികാരമാണ്.



malankaralibrary.com

റോമൻ പൗരത്വം. അതു നേടാൻ ഈ യൂദാസിന് പണം വേണം.

മാൽക്കൂസ് : പരിഭവിക്കരുത് യൂദാസ്. ഈശോയുടെ ശിഷ്യനായതു കൊണ്ടുതന്നെ പ്രധാനപുരോഹിതനോട് നിനക്കു വിരോധമുണ്ടാകുമെന്നറിയാം. പക്ഷേ, ഈ മാൽക്കൂസ് നിന്റെ ശത്രുവല്ല.

യൂദാസ് : സ്ഥിരമായി ആരും ഈ യൂദാസിന്റെ ശത്രുവല്ല.....മിത്രവും....

മാൽക്കൂസ് : എങ്കിൽ, റോമൻ പൗരത്വംനേടാൻ ഈ മാർക്കൂസ് നിന്നെ സഹായിക്കും.

ഗായൂസ് : യൂദാസ്....തെറ്റിലേയ്ക്കാണ് നീ നടന്നടുക്കുന്നത്.. നിന്റെ ഗുരു ദൈവപുത്രനാണെന്ന് നീ മറക്കുന്നു.

മാൽക്കൂസ് : നസ്രായന്റെ ശിഷ്യനെ ഈശോ ആരാണെന്നു പഠിപ്പിക്കാൻ താങ്കളും ഈശോയും തമ്മിൽ എന്തു ബന്ധമാണുള്ളത്?

ഗായൂസ് : മാൽക്കൂസ്...കഴിഞ്ഞതൊന്നും മറക്കാൻ പാടില്ല. ഒരു ജനത്തിന്റെ കാത്തിരിപ്പിന്റെ സാഫല്യമാണ് ഈശോ. ഹേറോദോസിന്റെ കിങ്കരന്മാർ പിഞ്ചുകുഞ്ഞുങ്ങളെ കഴുത്തു ഞെരിച്ചു കൊന്ന രാത്രിയിൽ എന്റെ ജോഷ്വായെ എനിക്കു നഷ്ടപ്പെട്ടു. അതുകണ്ടു നെഞ്ചുപൊട്ടിയാ എന്റെ അകീലാ മരിച്ചത്. അന്ന് എല്ലാമുപേക്ഷിച്ച് ഞാനും നിന്റെ അപ്പനും ജറുസലേമിലേക്ക് വന്നപ്പോൾ മരിച്ചു പോയ എന്റെ കുഞ്ഞിന് പകരം ഒരു രക്ഷകനെ ലഭിച്ചതിന്റെ സമാധാനമായിരുന്നു.

യൂദാസ് : മാൽക്കൂസ്....ഞാൻ പോകുന്നു....എനിക്കു വലുത് ലക്ഷ്യമാണ്. മാർഗ്ഗമല്ല. അതിനാൽ നാമിനിയും കണ്ടുമുട്ടും.

മാൽക്കൂസ് : യൂദാസ്, ആർക്കും പിടിതരാത്ത വേട്ടമൃഗമാണ് നീ....പക്ഷേ ഈ മാൽക്കൂസിന്റെ വലയിൽ നീ കുടുങ്ങിയിരിക്കുന്നു.

(കയ്യാഫാസിന്റെ അരമന. മധുചഷകങ്ങളിൽ വീഞ്ഞുനുകരുന്ന അന്നാസും കയ്യാഫാസും. കയ്യാഫാസ് ചുരുൾ കൈയ്യിൽ പിടിച്ചിരിക്കുന്നു.)



malankaralibrary.com

കയ്യാഫാസ്: പ്രധാന പുരോഹിതന്റെ അരമനമുറ്റത്ത് അപശകുനത്തിന്റെ പാതിരാകോഴി കൂവിയത് അങ്ങു കേട്ടില്ലേ അന്നാസ്. ചില്ലറ മാന്ത്രികവിദ്യകൾ കൊണ്ട് പശിയടക്കിയ കുറേപ്പേർ അവ നോടൊപ്പമുള്ളതാണ് നമ്മുടെ പ്രശ്നം.

അന്നാസ് : ജനത്തിന്റെ ശബ്ദം നാം ഭയക്കണം. പോംവഴി ഒന്നേയു ള്ളു. ഈശോ വധിക്കപ്പെടണം. എന്നാൽ, പ്രവാചകന്മാരെ കൊന്നവരെന്ന ദുഷ്പേര് നമുക്കുണ്ടാവരുത്.

കയ്യാഫാസ് : അതെങ്ങനെ സാധ്യമാകും.

അന്നാസ് : കാര്യം നിസ്സാരം. ഈശോ സീസറിന്റെ ശത്രുവാണെന്ന് നാം വരുത്തിത്തീർക്കണം. അതിന് യഹൂദന്യായാസന ത്തിനു മുമ്പിൽ കുറ്റവാളിയായി അവനെ പിടിച്ചുകെട്ടണം.

കയ്യാഫാസ് : അങ്ങ് കാണുന്നതിലും സൂത്രശാലിയാണ്. പക്ഷേ നസ്രാ യനെ പിടിച്ചുകെട്ടാൻ ഇന്നത്തെ അവസ്ഥയിൽ സാദ്ധ്യ മാണോ?

അന്നാസ് : അന്ധകാരത്തിന്റെ കരിമ്പടത്തിനുള്ളിൽ സൂര്യനൊളിച്ചുക ഴിഞ്ഞാൽ കാട്ടുമൃഗങ്ങളുടെ കൂത്താട്ടമാണ്. അമാവാസി യാണെങ്കിലും കുരുക്കിട്ട കുഞ്ഞാടിന്റെ കാല്പാടുകൾ പിന്തുടർന്നുചെന്നാൽ ഇടയന്റെ ആല കണ്ടെത്താം.

കയ്യാഫാസ് : അതിവർണന നിർത്തി കാര്യം വ്യക്തമാക്കൂ....

അന്നാസ് : വ്യക്തമാക്കാം. ഇതാ ഇരയെപ്പിടിക്കാനുള്ള വലയുമായി മാൽക്കൂസ് വന്നുകഴിഞ്ഞു....

(മാൽക്കൂസ് കടന്നുവരുന്നു....പ്രണമിക്കുന്നു)

മാൽക്കൂസ് : അതെ പ്രഭോ. ഇരുളിന്റെ മറവിൽ അവനെ കാട്ടിത്തരാൻ നമുക്കൊരു ഒറ്റുകാരനെ കിട്ടിയിരിക്കുന്നു. ഇടയനെതിരെ കൊമ്പുയർത്താൻ ഒരു കോലാട്....യൂദാസ്. ഇതാ മുഖം കാണിക്കാൻ കാത്തുനിൽക്കുന്നു.

(യൂദാസ് കടന്നുവരുന്നു. അരയിൽ വാൾ)



malankaralibrary.com

അന്നാസ് : പെസഹായ്ക്കു മുമ്പ് നസ്രായനെ ബന്ധിച്ച് പന്തിയോസ് പീലാത്തോസിന്റെ മുമ്പിലെത്തിക്കണം. അതിന് ഈ യൂദാസ് നമ്മെ സഹായിക്കും.

കയ്യാഫാസ് : യൂദാസ്, യഹൂദന്മാരുടെ മാനം കാത്ത സിംഹക്കുട്ടിയാണ് നീ. ഇനി പറയൂ. എങ്ങനെയാണ് നീ അത് സാദ്ധ്യമാക്കുക?

യൂദാസ് : തിരക്കു കൂട്ടരുത് പ്രഭോ. ഗത്സമനിലെ ഒലിവുമരങ്ങൾക്കിടയിൽ ഈശോ പ്രാർത്ഥനാനിരതനായിരിക്കുന്ന രാത്രികളുണ്ട്. ശിഷ്യരുടെ കൂട്ടത്തിൽ നിന്നും അവനെ തിരിച്ചറിയാൻ ഞാൻ സഹായിക്കാം. ഞാൻ ചുംബിക്കുന്നവനായിരിക്കും എന്റെ ഗുരു.

കയ്യാഫാസ് : ചുംബനം! വഞ്ചനയ്ക്കു പറ്റിയ ആയുധം.

യൂദാസ് : പക്ഷേ, അതിനു മുമ്പ് പറഞ്ഞ തുക കൃത്യമായി എനിക്കു വേണം. മുപ്പതു വെള്ളിക്കാശ്. റോമൻ പൗരത്വം സ്വന്തമാക്കാൻ അങ്ങയുടെ ഒരു ചെറിയ സഹായവും.

അന്നാസ് : തീർച്ചയായും യൂദാസ്....നീ ബുദ്ധിമാനാണ്. റോമാക്കാരുടെ പുതുവീഞ്ഞ് നിന്നെയും ലഹരി പിടിപ്പിച്ചു.

യൂദാസ് : ഇവിടുത്തെ അധികാരവർഗ്ഗം മുഴുവൻ ആ പുതുവീഞ്ഞ് മട്ടുവരെ കുടിച്ചു തീർക്കുമ്പോൾ ഈ യൂദാസും എന്തിന് നോക്കിനിൽക്കണം. ഒരുകാര്യം കൂടി. ഗുരുവിനെ കാട്ടിത്തന്നാൽ എന്റെ ദൗത്യം പൂർത്തിയാകും ഈശോയുടെ അരുതങ്ങൾക്കുമുന്നിൽ പിടിച്ചുനിൽക്കാൻ ശക്തിയുമായിട്ടേ കെദ്രോൻ അരുവി കടക്കാവൂ എന്ന് അങ്ങയുടെ പടയാളികളോട് പറയണം. കുറ്റവാളി രക്ഷപ്പെട്ടാൽ യൂദാസ് ഉത്തരവാദിയല്ല.

കയ്യാഫാസ് : പടയാളികളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം യൂദാസ്.

(താലത്തിൽ പണക്കിഴിയുമായി മാൽക്കൂസ് വരുന്നു.
പണക്കിഴി കയ്യാഫാസ് കൊടുക്കുന്നു)

കയ്യാഫാസ് : ഇതാ യൂദാസ്, നിന്റെ ഗുരുവിന്റെ വില

യൂദാസ് : ഗുരുവിന്റെ വിലയല്ല. എന്റെ ഗുരുവിന് നിങ്ങൾ നല്കുന്ന വില.

(യൂദാസ് പണക്കിഴി വാങ്ങി കുലുക്കി നോക്കുന്നു. പോകുന്നു)



malankaralibrary.com

അന്നാസ് : കലാപത്തിൽ കൊല നടത്തിയ ബറാബാസിനെ പീലാത്തോസിന്റെ തടങ്കൽപ്പാളയത്തിലേക്ക് മാറ്റിയെന്നു കേട്ടു. നമ്മൾ മനസ്സു വച്ചാൽ ശിക്ഷയിൽ ഇളവെന്തെങ്കിലും....

കയ്യാഫാസ് : വാളെടുക്കുന്നവൻ വാളാലേ....പോയി നശിക്കട്ടെ.

അന്നാസ് : അങ്ങനെയല്ല, താങ്കളിതിൽ ഇടപെടണം. യേശുവിനെ വച്ച് ബറാബാസിന് വില പറയണം. യഹൂദതീവ്രവാദികളുടെ രക്തബലി നടത്തിയ പീലാത്തോസിന് നമ്മൾ നല്കുന്ന മൗനപ്രതികാരം.

കയ്യാഫാസ് : പക്ഷേ, ബറാബാസിനെ വീണ്ടെടുക്കുക..എങ്ങനെ?

അന്നാസ് : പെസഹായ്ക്കു വിട്ടുതരുന്ന തടവുപുള്ളി ബറാബാസ്സാകണം. ക്രൂശിക്കുന്നത് ഈശോയെയും. നമ്മുടെ പിന്തുണ ബറാബാസിന് കിട്ടിയാൽ ഈശോയെ ക്രൂശിക്കാതെ വിട്ടയക്കാൻ പീലാത്തോസിന് കഴിയാതെ വരും.

കയ്യാഫാസ് : നമുക്കു സന്തോഷമായി....നസ്രായന്റെ ശബ്ദം ഇനി നമുക്കെതിരെ ഉയരരുത്. അവൻ നമ്മെ അധിക്ഷേപിച്ചതു കേട്ടില്ലേ....മൂലക്കല്ല് വലിച്ചെറിഞ്ഞ പണിക്കാരെന്ന്....ഇനി ആ മൂലക്കല്ല് മതിലിന് പുറത്ത്.

(കയ്യാഫാസും അന്നാസും നിശ്ചലരാകുന്നു. പശ്ചാത്തലത്തിൽ പടയാളികളുടെ ശബ്ദം. കുതിരക്കുളമ്പടി. ഒരു നിലവിളി ഉയരുന്നു. കുഞ്ഞാടിന്റെ ശബ്ദം. നിലച്ചുവരുന്നു.... രംഗം ഇരുളുന്നു.)

(കയ്യാഫാസിന്റെ അരമന....അന്നാസ് കയറിവരുന്നു)

കയ്യാഫാസ് : ഈ കയ്യാഫാസിന് ഇത് സന്തോഷത്തിന്റെ ദിവസമാണ്. ജനം മുഴുവൻ നശിക്കാതിരിക്കാൻ മരിക്കേണ്ടവനെ നാം കാൽവരിയിലേക്ക് പറഞ്ഞയച്ചിരിക്കുന്നു.

അന്നാസ് : അധികാരത്തിന്റെ ലഹരി....അതിന്റെ മത്തുപിടിച്ചാൽ അധികാരിയും അടിയാളനും ഒന്നുപോലെ. പീലാത്തോസ് കൈകഴുകി. ബറാബാസിനെ വിട്ടുതരാൻ അല്പം മടിച്ചു. ജനം ആർപ്പുവിളിച്ചപ്പോൾ പീലാത്തോസിനെ അടിമുടി വിറച്ചു.



malankaralibrary.com

കയ്യാഫാസ് : കുറുക്കന്റെ ബുദ്ധിയാണ് പീലാത്തോസിന്. കിട്ടിയ തക്കത്തിന് ചെങ്കുപ്പായമണിയിച്ചു. ഹോറോദോസിന് തിരിച്ചയച്ചു.....എന്തിനാ....പ്രീണനം...

അന്നാസ് : ഹേറോദോസും മോശമല്ല. നസ്രായനെ അടുത്തു കണ്ടപ്പോൾ അത്ഭുതം കാണാനായിരുന്നു ആ രാജപുംഗവനും കൊതി. ഏതായാലും ഗലീലിയും പീലാത്തോസ് കുട്ടയിലാക്കി. മരപ്പലകയിൽ ആ പീലാത്തോസ് എഴുതിവച്ചത് കണ്ടില്ലേ....യൂദന്മാരുടെ രാജാവായ നസ്രായനായ ഈശോ എന്ന്. നമ്മൾ പറഞ്ഞിട്ടും അയാൾ തിരുത്തിയില്ല.

കയ്യാഫാസ് : ഛീ....അത് നമുക്കു ക്ഷീണമാണല്ലോ. വിദേശികൾ കണ്ടാൽ അത് സത്യമാണെന്നു കരുതില്ലേ....

അന്നാസ് : നമ്മെ അപമാനിക്കാൻ കിട്ടുന്ന ഒരവസരവും അയാൾ നഷ്ടപ്പെടുത്തില്ലല്ലോ....

കയ്യാഫാസ് : ഹാ പിന്നെ....കല്ലറയിൽ ഒരു കാവൽ വേണം. അവൻ മരിച്ചാലും ഉയിർത്തെഴുന്നേൽക്കുമെന്ന് ചില സ്ത്രീകൾ പറഞ്ഞു പരത്തുന്നുണ്ട്. അവന്റെ ശിഷ്യർ അതു മുതലെടുക്കാൻ അനുവദിക്കരുത്. (യൂദാസ് അലറിക്കൊണ്ട് കടന്നുവരുന്നു)

യൂദാസ് : മാൽക്കൂസ്.....

അന്നാസ് : നീ എന്തിന് ഇവിടെ വന്നു?

യൂദാസ് : എന്റെ ഗുരുവിനെ അവർ ക്രൂശിച്ചു.

കയ്യാഫാസ് : പീലാത്തോസിന്റെ മുന്നിൽച്ചെല്ലുന്ന തീവ്രവാദിപ്പരിഷകളെ അയാൾ ഓമനിച്ച് തിരിച്ചയക്കാറില്ല. നിയമലംഘകർക്കുള്ള ശിക്ഷയാണ് കുരിശ്.

യൂദാസ് : നിങ്ങളെന്നെ വഞ്ചിച്ചു.

കയ്യാഫാസ് : ശരിയാണ്, ഞങ്ങൾ ഒരു വഞ്ചകനെ വഞ്ചിച്ചു. പക്ഷേ നീയോ? ഒരു കുഞ്ഞാടിന്റെ നിഷ്കളങ്കരക്തത്തെ.....(ചിരി)

അന്നാസ് : സ്വന്തം ഗുരുവിനെ മുപ്പതുവെള്ളിക്കാശിന് ഒറ്റിക്കൊടുത്തത് നീയല്ലേ. അതിന് ഞങ്ങളെന്തു പിഴച്ചു.

യൂദാസ് : ഞാൻ...ഞാനല്ല...



malankaralibrary.com

അന്നാസ് : ഇല്ല യൂദാസ്. നിനക്കു നിഷേധിക്കാനാവില്ല. മരണപാശത്തിലേക്ക് തള്ളിവിടാൻ നീ അവന് നല്കിയ ചുംബനത്തിന്റെ ചൂട് ഇനിയും മാറിയിട്ടില്ല.

യൂദാസ് : അത്.....അതുപിന്നെ...അത്ഭുതം കാട്ടി അവൻ രക്ഷപ്പെടുമെന്ന് ഞാൻ വിചാരിച്ചു....പക്ഷേ....നിങ്ങളവനെ കുരിശിൽ.... ഇല്ല എനിക്കെന്റെ ഗുരുവിനെ തിരിച്ചുവേണം...

കയ്യാഫാസ് : അപ്പോൾ ഞങ്ങൾ നിനക്കുതന്ന മുപ്പതു വെള്ളിക്കാശ് ആരു തിരിച്ചു തരും. എടാ സ്കറിയോത്തുകാരാ, നിന്നെ ആരാ പണസഞ്ചി ഏൽപ്പിച്ചത്. നസ്രായനെ ക്രൂശിക്കാൻ തന്നെയാ ഞങ്ങൾ നിന്നെ ഒറ്റുകാരനാക്കിയത്. പണസഞ്ചിയുടെ കിലുക്കത്തിൽ ഞങ്ങളുടെ ഗൂഡാലോചനകൾ നീ കേട്ടില്ല....അല്ലേ....

അന്നാസ് : ഇരുട്ടിന്റെ മറവിൽ അവനെ തിരിച്ചറിയാൻ നിന്നെ വേണോ? വഴിക്കവലകളിലിരുന്ന് വിലാപഗാനം പാടുന്ന തെരുവുകുട്ടികൾ പോരേ....ഇപ്പോൾ യൂദന്മാരുടെ രാജാവിനെ ഒറ്റിക്കൊടുത്തവൻ നീയാണ്. ശിക്ഷ വിധിച്ചത് പീലാത്തോസും. ഞങ്ങൾ....(കൈമലർത്തുന്നു....ചിരിക്കുന്നു.....)

യൂദാസ് : ഇല്ല.....ലോകത്തിനു മുന്നിൽ ഞാനെല്ലാം വിളിച്ചുപറയും. എന്റെ തെറ്റ് ഞാനേറ്റു പറയും.

കയ്യാഫാസ് : ആരോട്? ആരുനിന്നെ കേൾക്കും. ഗുരുവിനെ ഒറ്റിക്കൊടുത്ത നിന്നെ ശിഷ്യർ ആട്ടിയോടിക്കും. നസ്രായന്റെ ആളുകൾ നിന്നെ പട്ടിയെപ്പോലെ കല്ലെറിയും. പടയാളികളുടെ കൈയ്യിൽപ്പെടാതിരിക്കാൻ മറ്റുള്ളവരെപ്പോലെ നീയും രക്ഷപ്പെടാൻ ശ്രമിക്ക്.

യൂദാസ് : ഇല്ല....യൂദാസിനെ കുറ്റവാളിയാക്കി നിങ്ങൾക്കു രക്ഷപ്പെടാനാവില്ല. ഇതാ നിങ്ങളുടെ പിച്ചക്കാശ്....(പ്രധാന പുരോഹിതന്റെ മുഖത്തേക്ക് വലിച്ചെറിയുന്നു. നാണയങ്ങൾ ചിതറുന്നു. ഭ്രാന്തനെപ്പോലെ യൂദാസ് പെരുമാറുന്നു.) ലോകത്തിനുമുന്നിൽ ഒറ്റുകാരനായി ജീവിക്കാൻ യൂദാസിന് മനസ്സില്ല. എന്റെ വിധി ഞാൻ തിരഞ്ഞെടുക്കുന്നു.

(രംഗം ഇരുളുന്നു. ഭീകരശബ്ദങ്ങൾ.....യൂദാസിന്റെ അലർച്ച. ഇടിമിന്നലിന്റെ വെട്ടത്തിൽ വേദിയിൽ തൂക്കുകയർ.....ദൃശ്യമാകുന്ന രംഗം പതിയെ പ്രകാശിതമാകുമ്പോൾ



malankaralibrary.com

അക്കൽദാമയിൽ യൂദിത്ത ശോകമൂകയായി ഇരിക്കുന്നു. കയ്യാഫാസും മാൽക്കൂസും വരുന്നു. കയ്യാഫാസിന്റെ കയ്യിൽ പണസഞ്ചി)

കയ്യാഫാസ് : സ്വപ്നങ്ങളുടെ ശവകുടീരം പോലെ നിശ്ചലയായിരിക്കുന്ന ഇവൾ ആരാണ് മാൽക്കൂസ്?

മാൽക്കൂസ് : ഇവൾ യൂദിത്ത. യൂദാസിന്റെ.....

കയ്യാഫാസ് : ഓ ശരിയാണ്. അത്തരമൊരു പ്രണയകഥയുടെ വിശേഷം നമ്മുടെ ചെവികളിലും എത്തിയിരുന്നു. ദാ...ഇതു കണ്ടോ (യൂദിത്തയെ നോക്കി) നസ്രായനായ നിങ്ങളുടെ രാജാവിനും നിന്റെ പ്രാണപ്രിയനും നാമിട്ട വില. മുപ്പതു വെള്ളിക്കാശ്. ഇതുകൊണ്ട് ഈ രക്തപ്പൂക്കളുടെ താഴ്വര എഴുതിവാങ്ങിക്കാൻ പോവുകയാണ് നാം. ഒപ്പം റോമാക്കാരുടെ ചാരനായിരുന്ന യൂദാസിന്റെ മാടപ്രാവ് യൂദിത്തയെയും (ചിരിക്കുന്നു. യൂദിത്തായെ സ്പർശിക്കുമ്പോൾ)

മാൽക്കൂസ് : അരുത് പ്രഭോ....പ്രധാനപുരോഹിതന്റെ വീഞ്ഞുകോപ്പകൾക്ക് നിഷ്കളങ്കസ്ത്രീകളുടെ കണ്ണീർ നല്ലതല്ല.

കയ്യാഫാസ് : മാൽക്കൂസ്, (മാൽക്കൂസിന്റെ കഴുത്തിൽ പിടിച്ചുകൊണ്ട്) കയ്യാഫാസിന്റെ കാവൽ നായ്ക്കൾ ഒരിക്കലും ഉടമസ്ഥനു നേരെ കുരയ്ക്കാറില്ല. അങ്ങനെ സംഭവിച്ചാൽ തല്ലിക്കൊന്ന് ഏതെങ്കിലും പൊട്ടക്കിണറ്റിൽ തള്ളും ഞാൻ.

മാൽക്കൂസ് : (ധൈര്യമുൾക്കൊണ്ട്) ഇല്ല പ്രഭോ, ധൂപകലശങ്ങൾ മാത്രം എടുത്ത് ശീലിച്ച ഈ കരങ്ങൾക്ക് അതിനുള്ള ശക്തിയില്ല. കൊല്ലാനറിയാത്ത, കൊല്ലിക്കാൻ മാത്രമറിയുന്ന ചെന്നായ്ക്കളാണ് നിങ്ങൾ. എന്നെക്കൊല്ലാൻ ഇനിയുമൊരു യൂദാസിനെ കണ്ടെത്തേണ്ടി വരും അങ്ങേക്ക്.

കയ്യാഫാസ് : മാൽക്കൂസ്....നീ.....

മാൽക്കൂസ് : അതേ, മാൽക്കൂസ് തന്നെ. കാപട്യങ്ങളുടെ ചതുപ്പുനിലങ്ങളിൽ നിങ്ങൾ മയക്കി വീഴ്ത്തിയ അനേകം ഇരകളിലൊരാൾ. ഇനി വയ്യ. മനുഷ്യക്കുരുതിക്കൊണ്ട് നിങ്ങൾ നടത്തുന്ന പരിഹാരബലികൾക്ക് കൂട്ടുനില്ക്കാൻ ഇനി ഞാനില്ല.



malankaralibrary.com

കയ്യാഫാസ് : അരമനരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരന് ചെങ്കോലും വടിയും സ്വന്തമാക്കാനുള്ള മോഹമാണ് മനസ്സിലുള്ളതെങ്കിൽ നിനക്കുവേണ്ടിയും പ്രത്തോറിയമുണർത്തേണ്ടിവരും. മറക്കേണ്ട.... (കയ്യാഫാസ് കുപിതനായി പോകുന്നു)

യൂദിത്താ: സ്വന്തം ഗുരുവിനെ ഒറ്റിക്കൊടുക്കാൻ മാത്രം വിലകെട്ട യൂദാസിനെ സ്നേഹിച്ചവളാണിവൾ. ഈ പാവം പെണ്ണിനു വേണ്ടി എന്തിനാണ് അങ്ങ് സ്വയം ഒറ്റിക്കൊടുക്കുന്നത്.

മാൽക്കൂസ് : അല്ല യൂദിത്ത, ഇതൊരു പരിഹാരബലിയാണ്. മനുഷ്യരക്തം ചിന്താത്ത ബലി. ഉടവാളുകൊണ്ട് ഛേദിക്കപ്പെട്ട ചെവി സുഖപ്പെടുത്തിയ നസ്രായനോടുള്ള മാൽക്കൂസിന്റെ ആത്മബലി....മാൽക്കൂസിനെ ഏതുസമയത്തും വിചാരണയ്ക്കും വിധിക്കും വിട്ടുകൊടുക്കാൻ ധൈര്യമുണ്ടെങ്കിൽ യൂദിത്താ, എന്റെ ജീവിതത്തിലേക്കു നിനക്കു സ്വാഗതം.

(ഗായൂസ് കടന്നുവരുന്നു)

ഗായൂസ് : ഈ വൃദ്ധന് സന്തോഷമായി മാൽക്കൂസ്. നിന്റെ തീരുമാനത്തിൽ എന്റെ ജോഷ്വായും ഇപ്പോൾ സന്തോഷിക്കുന്നുണ്ടാകും.

മാൽക്കൂസ് : നമുക്കിനി ഇവിടെ നിൽക്കണ്ട. ജറുസലേമിലേക്ക് പോകാം. മഹാരാജാവിന്റെ നഗരത്തിലേക്കുള്ള യാത്രയിൽ നമുക്കു ഉടവാളുകൾ വേണ്ട....നിന്റെ കിന്നരം മതി, യൂദിത്താ....

(യൂദിത്ത കിന്നരമെടുത്ത് മീട്ടുന്നു....ഗായൂസും മാൽക്കൂസും യാത്രയാകുന്നു. മഴപെയ്യുന്നു. തപ്പെടുത്ത് ചുവടുകൾ വച്ചുകൊണ്ട് ഇരുവശത്തുനിന്നും ചെറുപ്പക്കാർ നീങ്ങുന്നു. താളച്ചുവടുകൾക്കൊപ്പം തിരശ്ശീല താഴുന്നു.)





malankaralibrary.com

# യൂദാതോമാ

(വേദിയിൽ മധ്യഭാഗത്തായി ഉത്ഥിതനായ ഈശോയുടെ വിലാവിലേക്ക് കരങ്ങൾ നീട്ടി നിൽക്കുന്ന തോമാശ്ലീഹാ. മുകളിൽ കുന്തം ഉയർത്തിപ്പിടിച്ചിരിക്കുന്നു. മുന്നിൽ നിൽക്കുന്ന ചേരമാൾ പെരുമാളും കൂട്ടരും തോമാ കാണിക്കുന്ന ദിശയിലേക്ക് കണ്ണുകളുയർത്തി നിൽക്കുന്നു. നൃത്തക്കാരൻ ചുവടുകൾ വച്ച് വേദിയിൽ പ്രവേശിച്ച് വിഷയം അവതരിപ്പിക്കുന്നു. പശ്ചാത്തലത്തിൽ അനൗൺസ്മെന്റ്.)

എ. ഡി. 52ൽ ഭാരതത്തിലെത്തിയ മാർതോമാശ്ലീഹായുടെ പ്രേഷിതപര്യടനം വിവരിക്കുന്ന പുരാതനക്രിസ്തീയപാട്ടുകളിൽ അഗ്രഗണ്യമാണ്, തോമാശ്ലീഹായുടെ ശിഷ്യൻമാരിൽ ഒരാളെന്നു വിശേഷിപ്പിക്കപ്പെടുന്ന നിരണത്ത് മാളിയേക്കൽ തോമാ കത്തനാർ രചിച്ച തോമാപർവ്വം. തോമാപർവ്വത്തിന്റെ ഒരു ലഘുദൃശ്യാവതരണം ഞങ്ങൾ നിങ്ങൾക്കുമുന്നിൽ അവതരിപ്പിക്കുന്നു...**യൂദാതോമാ.**

(രംഗത്ത് ശംഖുനാദം മുഴങ്ങുന്നു. ചേരമാൾ പെരുമാളിന്റെ കൊട്ടാരം. ആനയുടെ ചിന്നംവിളി. രണ്ടുപേർ പതുമ്മിപ്പതുമ്മി രണ്ടു വശങ്ങളിൽനിന്നു വരുന്നു. നടുവിലെത്തുമ്പോൾ കൂട്ടിമുട്ടുന്നു. പേടിച്ചു നിലവിളിച്ചോടുന്നു.)

കുടുമൻ : ങ്ങേ.....നീയോ കൃപാണം. ഈയുള്ളവന്റെ പാതി ഉയിര് പോയി.

കുട്ടമണി : അറിഞ്ഞോ വൃത്താന്തം. ചോഴമണ്ഡലത്തിരുമനസ്സിന്റെ കനിഷ്ഠന് ആയുസ്സില്ലാത്രേ....അറ്റകൈനോട്ടം ഏറ്റില്ലാത്രേ....വേലു സിദ്ധൻ തിരിച്ചുപോയീന്ന്.

കുടുമൻ : ചോഴപ്പെരുമാളിനു തിരുമനസ്സിലങ്ങോട്ടു നല്ല ദശയല്ലാന്നാ തോന്നണേ.

കുട്ടമണി : ദ് എന്തായിപ്പം അങ്ങനെ തോന്നാൻ. ആളു നല്ല തടിച്ചുകൊഴുത്ത് ഗജവീരനായല്ലേയിരിക്കണേ. ദശയ്ക്കിപ്പം എന്താ കുറവ്.

കുടുമൻ : വഷളൻ. ആ ദശയല്ല.....ശനിദശ.....രാജധാനി പണിയാന്നു പറഞ്ഞ് ഒരു വരത്തൻ പോയിട്ട് ഒരു പരവതാനിയെങ്കിലും പണിതോ.



malankaralibrary.com

കുട്ടമണി : തിരുമനസ്സിനങ്ങനെ തന്നെ വരണം. ചേരരാജ്യത്തിൽ മൂശാരിമാരില്ലാഞ്ഞിട്ടാ.....അറേബ്യേന്നു വരത്തനെ വരുത്തിയേ....

കുടുമൻ : കുട്ടമണി, അതവൻ കേമനാണു നീരീച്ചല്ലേ. ചേരക്കുലപതിയുടെ കണ്ണിൽ പൂഴി വിതറി വരത്തൻ മാല്യങ്കര പൂകൂന്ന് ആരു നീരീച്ചു.

കുട്ടമണി : കേമായി....എന്തായിരുന്നു മന്ത്രീപുംഗവന്റെ പടുവാക്ക്. ദിവ്യ ജ്ഞാനം, ശില്പവിദ്യ, ഗൂഢശാസ്ത്രം...അവസാനം യൂദാതോമാ കടലുതാണ്ടി....

(ഹാബാൻ കടന്നുവരുന്നു. ഇരുവരും നിശബ്ദരായി രണ്ടുവശത്തേക്ക് മാറുന്നു.)

ഹാബാൻ : എന്താ രാവിലെ തന്നെ തുടങ്ങിയോ രണ്ടും പരദൂഷണം.

കുടുമൻ : പരദൂഷണമല്ല പ്രഭോ....കനിഷ്ഠൻ തിരുമനസ്സിന്റെ ദീനത്തെക്കുറിച്ച്....

ഹാബാൻ : എന്നിട്ടെന്താ തോമായെക്കുറിച്ച് പറഞ്ഞത്.

കുട്ടമണി : അതു പിന്നെ, ദീനംമാറിയാ.....തിരുമനസ്സിന്റെ ദണ്ണം മാറും..... ദണ്ണം മാറിയാ, ചോഴമണ്ഡലത്തിലുത്സവമല്ലേ. ഉത്സവത്തിനു ഘോഷയാത്ര പോകാൻ രാജധാനി പണിയാന്നു പറഞ്ഞു പോയ തോമായെന്നാ വരാത്തേ വരാത്തേന്നു ഞങ്ങളിങ്ങനെ പറഞ്ഞു വിഷമിക്കുവായിരുന്നു....അല്ലേ കുടുമാ.....

ഹാബാൻ: അധികം വിഷമിക്കണ്ട.....എന്തിനാ ഉരുണ്ടു പൂഴി പറ്റിക്കണേ... എനിക്കുറപ്പുണ്ട്...കണ്ഠത്തിൽ ഉയിരുണ്ടെങ്കിൽ തോമ വരും....ഈ ഹാബാനോട് ചെയ്ത ഓത്തു കൈക്കൊണ്ട് മാല്യങ്കരയിൽനിന്നു പത്തേമാരിയിൽ വരും, യൂദാതോമാ.

(ശംഖുനാദം ഉയരുന്നു. രാജകീയ സംഗീതം ഉയരുന്നു. പെരുമാൾ കടന്നുവരുന്നു. പശ്ചാത്തലത്തിൽ ആർപ്പുവിളി. കുടുമനും, കുട്ടമണിയും പിന്മാറുന്നു.)

രാജാധി രാജൻ, ചോഴാതിരാജൻ, മേൽപ്പടി ചേരപ്പെരുമാൾ പൂജ്യശ്രീ കൊച്ചേരകോൻമാല മണ്ഡലത്തു മഹാദേവർ പട്ടണത്തു വിജയിക്കുമാറാകാ.....ആർപ്പോ.

പെരുമാൾ: മന്ത്രിപുംഗവാ.

ഹാബാൻ: പ്രണാമം. രാജശ്രീ.



malankaralibrary.com

പെരുമാൾ: ചോഴമണ്ഡലത്തിന്റെ നീചപ്രയോഗം തങ്കൾ അറിഞ്ഞുകാണുമല്ലോ.

ഹാബാൻ: കേട്ടു രാജശ്രീ. കനിഷ്ഠത്തിരുമനസ്സുകൊണ്ട് ദീനം കലശലായെന്നാ വേലുസിദ്ധൻ പറയണേ. എങ്കിലും തിരുമനസ്സ് ഇഛവെടിയരുത്. മൂവുലകം വാഴും തമ്പുരാന്റെ മനോഗുണത്താൽ അങ്ങുന്നിന്റെ ശ്രീ പുനപ്രാപ്തിയായിടും.

പെരുമാൾ: ചോഴമണ്ഡലത്തിന്റെ ശ്രീ....ചോഴമണ്ഡലത്തിന്റെ പട്ടണവാതിൽക്കൽ യൂദശില്പവിദ്യയിലുയരുന്ന രാജധാനി, അതായിരുന്നു ഈ രാജ്യത്തിന്റെ ശ്രീ. പക്ഷേ അയാൾ എവിടെ? അറേബ്യയിൽ നിന്നെത്തിയ യൂദശില്പി യൂദാതോമാ...

ഹാബാൻ : തിരുമനസ്സിൽ അതൃപ്തി തോന്നരുത്. വർഗ്ഗസ്നേഹം കൊണ്ട് പറയണതല്ല. തോമാ ചതിക്കില്ല.

പെരുമാൾ: തോമാ തോമാ തോമാ....ചതിക്കില്ലെങ്കിൽ അയാളെവിടെ..ചിങ്ങത്തിൽ വന്നു പൊൻപണം വാങ്ങിയിട്ട് ഇന്നിപ്പോൾ കന്നി, തുലാം, വൃശ്ചികം....നിജം താനേ? എവിടെ തോമാ....മാല്യങ്കരയിൽ നിന്നു മാഞ്ഞുപോയോ അതോ.....രാജധാനി പണിതില്ല.... എങ്കിൽ പണം എവിടെ? ഇത്ര മേലായിട്ടും ഹാബാൻ നിങ്ങൾ പറയുന്നു....തോമാ വരുമെന്ന്....തോമാ എവിടെ?...

(പശ്ചാത്തലത്തിൽനിന്നും: "തമ്പുരാനേ....യൂദാതോമാ എത്തി...." പശ്ചാത്തലത്തിൽ തോമാശ്ലീഹായുടെ വീരഗാഥകൾ വർണ്ണിക്കുന്ന മാർഗ്ഗംകളിപ്പാട്ട്....രംഗാവതരണം)

തോമാ: ചോഴമണ്ഡലം വാഴുന്ന മന്നവേന്ദ്രനും ദേശക്കാർക്കും മാറൻ ഈശോമിശിഹായുടെ ശാന്തിയുണ്ടാകുമാറാകട്ടെ....

ഹാബാൻ: അങ്ങെന്താണീ ചെയ്തത്. തിരുവഞ്ചിക്കുളം കൊട്ടാരത്തിലേക്കെന്നു പറഞ്ഞ് പോയിട്ട് നാളുകളെത്ര കഴിഞ്ഞു.

തോമാ : രാജാധികളും പ്രഭുകുടുംബങ്ങളും സുവിശേഷത്തിൽ വിശ്വസിച്ച യഹൂദജനവും.....ആയിരങ്ങളാണ് മാമ്മോദീസാ സ്വീകരിച്ചത്. പിന്നെ അവിടെ നിന്ന് കൊല്ലം, തൃക്കപാലേശ്വരം, ചായൽ, കോക്കമംഗലം, കോട്ടക്കാവ്, പാലയൂർ....അതിനിടയിലാണ് തിരുമനസ്സിന്റെ ദേശക്കാർ നമ്മെ തേടിയെത്തിയതറിഞ്ഞത്.



malankaralibrary.com

പെരുമാൾ: തോമാ, ഊരുചുറ്റിയ വീരഗാഥകൾ പിന്നെയാകാം. ചിങ്ങമാസത്തിൽ ഏറ്റുവാങ്ങിയ പൊൻപണംകൊണ്ട് നീ പണിത കൊട്ടാരമെവിടെ?

തോമാ : രത്നഖചിതമായ താഴികക്കുടങ്ങൾ, കല്ലിൽ കൊത്തിയ സ്തൂപങ്ങൾ, നാലുകെട്ടുകൾ, മണ്ഡപങ്ങളും കൽപ്പടവുകളുമടങ്ങിയ മനോഹരമായൊരു കൊട്ടാരം അങ്ങേയ്ക്കു വേണ്ടി ഈയുള്ളവൻ പണിതുകഴിഞ്ഞു.

പെരുമാൾ : തോമാ....നിങ്ങൾ ജൂതൻമാർ ബുദ്ധിശാലികളാണ്. വാണിജ്യത്തിൽ പ്രബലർ. ഈ നിൽക്കുന്ന ഹാബാനടക്കം അനേകം ജൂതർ ഈ ചോഴമണ്ഡലത്തിൽ ഉന്നതസ്ഥാനീയരായതും അതുകൊണ്ടുതന്നെ. പക്ഷേ നെറികേടു കാട്ടിയാൽ ജൂതനായാലും പാർത്ഥ്യനായാലും ശിക്ഷ ഒന്നാണ്. മരണം.

തോമാ : അങ്ങേയ്ക്കുവേണ്ടി ഞാൻ കൊട്ടാരം പണിതെന്നു പറഞ്ഞത് സത്യം തന്നെയാണ്. പിന്നെ മരണത്തെക്കുറിച്ച് പറഞ്ഞ് അങ്ങീ ജൂതനെ വിരട്ടരുത്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ഒരു ജൂതരാജാവിന്റെ ശിഷ്യനാണു ഞാൻ.

പെരുമാൾ : തന്ന തുകയിൽ പകുതിയും ജൂതക്കോളനിയിലെ പട്ടിണിപ്പരിശകൾക്കും അഷ്ടിക്കുവകയില്ലാത്ത ശൂദ്രച്ചികൾക്കും നീ കൊടുത്തുവെന്ന് ഞാനറിഞ്ഞു.

തോമാ: അങ്ങറിഞ്ഞതു സത്യമാണ്. തന്ന തുക പകുതിയല്ല, തുക മുഴുവനും ആ ദരിദ്രർക്കു ഞാൻ കൊടുത്തു. അതെന്റെ ഗുരുവിന്റെ കല്പനയാണ്. പക്ഷേ ആ ഗുരുവിന്റെ കൃപയാൽ അങ്ങയുടെ രാജധാനിയും ഞാൻ പണിതു.

ഹാബാൻ : തോമാ....അങ്ങെന്താണീ പറയുന്നത്. പൊൻപണമില്ലാതെ കൊട്ടാരം പണിതെന്നോ?

പെരുമാൾ : എങ്കിൽ എവിടെ നീ പണിത കൊട്ടാരം?

തോമാ : അങ്ങേയ്ക്കുവേണ്ടി ഈയുള്ളവൻ കൊട്ടാരം പണിതത് സ്വർഗ്ഗത്തിലാണ്.

പെരുമാൾ : സ്വർഗ്ഗത്തിലോ?

തോമാ : അതേ രാജൻ. അങ്ങു നൽകിയ പൊൻനാണയങ്ങൾകൊണ്ട്



malankaralibrary.com

എന്റെ ഗുരുവായ ഈശോമിശിഹായുടെ സന്നിധിയിൽ ഞാന ങ്ങേയ്ക്കായി ഒരു കൊട്ടാരം പണിതിരിക്കുന്നു.

പെരുമാൾ : ഹാബാൻ...നിങ്ങളുടെ വിശ്വസ്തത കണക്കിലെടുത്താണ് നാമീ മനുഷ്യനോട് ഇതുവരെ ക്ഷമിച്ചത്. ഇനി ഇല്ല. നമ്മെ പരിഹസിച്ച ഈ ധിക്കാരിക്കുള്ള മറുപടി പെരുമാളിന്റെ വാൾ നൽകും. (വാൾ വലിച്ചൂരുന്നു)

ഹാബാൻ : അരുത് രാജൻ. തോമായുടെ രക്തം അങ്ങയുടെ ഉടവാളിൽ വീഴരുത്. ഈ മനുഷ്യൻ അത്യുന്നത ദൈവപുത്രന്റെ ശിഷ്യ നാണ്. ഇദ്ദേഹത്തെ വധിച്ച് ദൈവകോപം വരുത്തിവയ്ക്കരുത് പ്രഭോ.

പെരുമാൾ : ഹും ധിക്കാരികളേ, ചോഴമണ്ഡലം വാഴുന്ന ഈ പെരുമാ ളിനെ കബളിപ്പിക്കാമെന്നു കരുതിയോ. ആരും കാണാത്ത സ്വർഗ്ഗത്തിൽ നീ പണിത കൊട്ടാരം ഞാൻ വിശ്വസിക്കണമെ ങ്കിൽ അതു കണ്ടയൊരാൾ സാക്ഷി പറയട്ടെ. ആരു പറയും നിനക്കു സാക്ഷ്യം?

തോമാ : മിശിഹാതമ്പുരാൻ തരും സാക്ഷ്യം. അവന്റെ സാക്ഷ്യം സത്യ മാണ്. മൂവുലകത്തിന്റെയും കർത്താവിന്റെ ഉത്ഥാനം തൊട്ടറി ഞ്ഞവനാണ് തോമായെങ്കിൽ അവനു സാക്ഷ്യമേകാൻ ദൈവ മയയ്ക്കും....സാക്ഷിയെ. ദാ നോക്ക്....

(തോമാ വിരൽ ചൂണ്ടുന്ന ദിക്കിൽ നിന്നും പെരുമാളിന്റെ അനുജൻ സുഖം പ്രാപിച്ചവനായി കടന്നുവരുന്നു)

അനുജൻ : ജ്യേഷ്ഠാ.....

പെരുമാൾ : അനുജാ....നീ

അനുജൻ : എനിക്കു സൗഖ്യം ലഭിച്ചു ജ്യേഷ്ഠാ....

പെരുമാൾ : എനിക്കു വിശ്വസിക്കാനാവുന്നില്ല. മരണശയ്യയിലായിരുന്ന നീ.

അനുജൻ : മരണത്തിലേക്കു താണുപോയ ഞാൻ ഒരു വലിയ കാഴ്ച കണ്ടു. അങ്ങയുടെ മനോഹരമായ രാജധാനി. അതു കണ്ട് അത്ഭുതം പൂണ്ടുനിന്ന എന്നെ ജീവിതത്തിലേക്കു തിരിച്ചുകൊ ണ്ടുവന്നത് ഈ തോമായാണ്. ഇയാൾ ദൈവമനുഷ്യനാണു ജ്യേഷ്ഠാ...



malankaralibrary.com

പെരുമാൾ : പ്രഭോ....ഈയുള്ളവന്റെ അവിവേകം പൊറുക്കൂ....അങ്ങയുടെ മഹത്തവാനായ ഗുരു ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ചോഴമണ്ഡലത്തിന്റെ സർവ്വപ്രതാപവും അങ്ങയുടെ കാൽക്കൽ ഞാൻ അടിയറവു വയ്ക്കുന്നു. പകരം വരാനിരിക്കുന്ന ലോകത്തെ ആ രാജകൊട്ടാരത്തിലെത്തിക്കാൻ ഈയുള്ളവൻ എന്തു ചെയ്യണമെന്നു പറഞ്ഞാലും.

തോമാ : നരരക്ഷകനായ എന്റെ ഗുരുവിനെ ദൈവപുത്രനായി അങ്ങ് അംഗീകരിക്കുന്നുവെങ്കിൽ നിത്യശുദ്ധ ത്രിയേക ദൈവനാമത്തിൽ സ്നാനം സ്വീകരിക്കുവിൻ.

(പശ്ചാത്തലത്തിൽ ഗാനത്തിന്റെ ഈരടികൾ. ഏവരും തോമായുടെ പാദത്തിങ്കൽ മുട്ടുകുത്തുന്നു. തോമാ കരങ്ങളുയർത്തി അനുഗ്രഹിക്കുന്നു.)

ഓ സതാതന സത്യഗുരുവേ, നിന്റെ സുവിശേഷത്തിന്റെ പ്രകാശം ഇന്ത്യയുടെ അന്ധകാരം നീക്കട്ടെ....

ഇവിടുത്തെ രാജപ്രജാദികളെല്ലാം നീയാകുന്ന മാർഗ്ഗത്തിൽ നീങ്ങട്ടെ.

നിന്റെ രക്ഷയുടെ രഹസ്യങ്ങൾ ഇവർക്കു ജീവനേകട്ടെ....

(ഏവരും താണുവണങ്ങുന്നു)

തോമാ : ഞാൻ നൽകിയ രക്ഷയുടെ സുവിശേഷം നിങ്ങളുടെ സന്തതികൾക്കു കൈമാറുവിൻ. ദൈവികജീവനിൽ അവരും പങ്കുകാരാകുവാൻ ഞാൻ പഠിപ്പിച്ചവിധം ദിവ്യരഹസ്യങ്ങളുടെ ഓർമ്മയാചരിക്കുവിൻ. നിങ്ങളുടെ മേൽപ്പട്ടക്കാരെ എന്നെയെന്ന വണ്ണം അനുസരിക്കുവിൻ. മലയാളക്കരയിലെ എന്റെ അജഗണങ്ങളെ കാണുവാൻ കരമാർഗ്ഗം ഞാൻ യാത്രയാവുന്നു. നിങ്ങൾക്കേവർക്കും മിശിഹായുടെ സമാധാനമുണ്ടാകട്ടെ....

(അനുഗ്രഹിക്കുന്ന തോമായുടെ പിന്നാലെ എല്ലാവരും നീങ്ങുന്നു. പശ്ചാത്തല





malankaralibrary.com

# ഓർക്കൂട്ട്

(കർട്ടൻ ഉയരുമ്പോൾ രംഗത്ത് മൂന്നുപേർ മൂന്നു ദിശകളിലേക്ക് നോക്കി നിൽക്കുന്നു. പശ്ചാത്തലത്തിൽ സംഗീതം ഒഴുകിയെത്തുന്നു. സഹൃദയരെ, മൂന്നു പേരുടെ സൗഹൃദത്തിന്റെ കഥയാണിത്. അവർ പരസ്പരമല്ല സൗഹൃദം പങ്കിട്ടത്. അവർക്കു മൂന്നുപേർക്കും വ്യത്യസ്തമായ സൗഹൃദമാണ് ഉണ്ടായിരുന്നത്. ഒരു പക്ഷേ, നമ്മുടെ സൗഹൃദങ്ങളും ഇതിലേതെങ്കിലുമാകാം. ഓർക്കൂട്ട്. കൂട്ടിനെക്കുറിച്ച് ഒരു ഓർമ്മ പ്പെടുത്തൽ. (ഓർമ്മകൾ വേരോടും ഈ നല്ല തീരത്ത്....ഗാനം....ദൃശ്യാവതരണം. വിദ്യാലയത്തിലെ പഠനവും വഴക്കും കൂട്ടുകെട്ടുകളും കുസൃതികളും കോറസുകൾ ചേർന്ന് അവതരിപ്പിക്കുന്നു.)

ചെണ്ടമേളം (കോറസുകൾ ചുവടുകൾ വച്ചു വരുന്നു)

സ്നേഹിതർ (3) വന്നിടുന്നു
സൗഹൃദം (3) പങ്കിടുന്നു

(കോറസുകൾ പിന്നിൽ നിരന്നു നിൽക്കുന്നു. നടുവിൽ ഒന്നാമൻ)

കോറസ് 1 : ഇവനാണ് കേശു. KESU കേശു. എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. മുഖം കണ്ടാലറിയില്ലേ അല്പം ഗമയനാണ്. പാന്റും ജീൻസും വാച്ചും. സെറ്റപ്പു കാണുന്നതുപോലെ ഒരു പണച്ചാക്കു തന്നെയാ.

കോറസ് 2 : ഈ സ്കൂളിലെ ഒറ്റ കുട്ടികളോട് ഇവൻ മിണ്ടില്ല. ഇവന്റെ സൗഹൃദങ്ങളെല്ലാം പുറത്താണ്. പുറത്തെന്നുവച്ചാൽ ഈ പുറ ത്തല്ല (പുറംതിരിഞ്ഞുനിന്ന്) പിന്നെ.....കാത്തിരിക്കുക.

കോറസ് 3 : ഇവന്റെ കൂട്ടുകാരെ നിങ്ങൾക്കു കാണണ്ടേ...എങ്കിൽ കണ്ടോളൂ. (ചെണ്ടമേളം. കോറസുകൾ താളത്തിനൊത്തു ചുവടുകൾ വയ്ക്കുന്നു. കോറസുകൾ പലയിടങ്ങളിലായി തലകുനിച്ചു പിൻതിരിഞ്ഞുനിൽക്കുന്നു. ഒന്നാമൻ മുഖം കാണിക്കുന്നു.)

ഒന്നാമൻ : ഹായ് കേശു.

കേശു : ഹായ് ദീപു.
How are you?



malankaralibrary.com

I'm fine. You?
I too da, thanks.

(ചെണ്ടമേളം)

| | |
|---|---|
| Hallo Babu | Hai Kesu |
| How do do? | I do do da |
| Ok da | Potte da |

(ചെണ്ടമേളം)

| | |
|---|---|
| Hai Meena | Hai Kesu |
| I mis u da | I too da |
| Enthedukkuva | Chummathirikuva, Monday Exam. |

Scrap അയയ്ക്കണേ Um dadi Konnillel.

ചെണ്ടമേളം

കോറസുകൾ Hai Kesu Hallo Kesu da Kesu.....dear Kesu

കേശു....കേശു....കേശു.....(കേശുവിനെ ചൂണ്ടി....ചെണ്ടമേളം. കോറസുകൾ പിന്നിൽ നിരക്കുന്നു.)

കോറസ് 3 : അതിശയം.....ഇത്രയേറെ സുഹൃത്തുക്കൾ ഒരു മനുഷ്യായുസ്സിൽ നേടാനാകുമോ. അതും....ഈ ചെറുപ്രായത്തിൽ.

കോറസ് 4 : എങ്കിൽ ഇതും കൂടി കേട്ടോ....ഇവരൊക്കെ ഈ നാട്ടിലുള്ളവരല്ല. ബാംഗ്ലൂർ, മാഗ്ലൂർ, മദ്രാസ്, ചെന്നൈ, ഗോവ.....അങ്ങനെ പോകുന്നു. ഇന്ത്യക്കു പുറത്തുമുണ്ടേ.

കോറസ് 5 : ഇവരെല്ലാം ഇവന്റെ ഓർക്കൂട്ടിലെ ഫ്രണ്ട്സാണ്. 2436 ഫ്രണ്ട്സാണ് ഇവനുള്ളത്. പകുതിയിലേറെയും പെൺകുട്ടികളാണ്. പോരാത്തതിന് 900 community കളും.

കോറസുകൾ ഒന്നുചേർന്ന്

ഇവനാണ് കേശു.....ഓർക്കൂട്ടിന്റെ മായികലോകത്ത്
സൗഹൃദങ്ങളുടെ ചിലന്തിവലതീർത്ത വ്യത്യസ്തനായ കേശു...
മുന്നിലെ ബഞ്ചിലിരിക്കുന്ന സോദരൻ
ആരെന്നറിയാത്ത വിഡ്ഢി കേശു.....



malankaralibrary.com

കൂടെപ്പഠിക്കുന്ന കൂട്ടുകൾ കൈവിട്ടു
നെറ്റിലെ സെറ്റുകൾ തേടി നീങ്ങി
ആരെന്നറിയാതെ, ആരൊക്കെയോ ചേർത്ത
കൂട്ടുകൾ അന്ധമായ് ആഘോഷിച്ചു.
മുട്ടകൾ കൂട്ടമായ് മാർക്കായ് ലഭിച്ചിട്ടും
നെറ്റിലെ കൂട്ടുകൾ വിട്ടതില്ല.

(ചെണ്ടമേളം)

കോറസ് : ഓർക്കൂട്ടു വീരൻ കേശുവിന് അവസാനം എന്തുപറ്റിയെന്നു കേൾക്കണ്ടേ. വർഷാവസാനപ്പരീക്ഷയിൽ എട്ടുനിലയിൽ പൊട്ടി. അവനെയാശ്വസിപ്പിക്കാൻ ഒരു കൂട്ടുകാരും എത്തിയില്ല. ക്ലാസിലുള്ള മറ്റു കൂട്ടുകാർക്ക് നല്ല വിജയവും.

കോറസ് 5 : പക്ഷേ അവനെയാശ്വസിപ്പിക്കാൻ ഒരാളുണ്ടായിരുന്നു. ഓർക്കൂട്ടിലെ കൂട്ടുകാരി റോസി. പല വിഷയങ്ങൾക്കും അവൾക്കും പേരുതിരിഞ്ഞ മാർക്കാ കിട്ടിയത്....സീറോ.

കോറസ് 6 : ഏതായാലും ഓർക്കൂട്ടു വഴി തോൽവി പങ്കിടാൻ ഒരാളെക്കിട്ടിയല്ലോ.

കോറസ് : അതല്ലേ രസം. ദുഃഖം പങ്കുവയ്ക്കാൻ അവർ നേരിൽ കാണാൻ തീരുമാനിച്ചു. അതൊരു ദുരന്തമുഹൂർത്തമായിരുന്നു.

കോറസുകൾ : ദുരന്തമോ.....പറയൂ കേൾക്കട്ടെ....

കോറസ് : റോസിയുടെ യഥാർത്ഥ പേര് കാർത്തികയെന്നായിരുന്നു. അതായത് കേശുവിന്റെ അനിയത്തി. റോസിയാണന്നു കരുതി അവൻ പ്രണയ മെസേജുകൾ അയച്ചുകൊടുത്തത് സ്വന്തം അനിയത്തിക്ക്...കലികാലവൈഭവം. (ചെണ്ടമേളം)

കോറസുകൾ ചേർന്ന് : ഓർക്കൂട്ടിലെ കൂട്ട് കൂട്ടല്ല കൂട്ടരെ
കൂടുവാൻ കൂട്ടരെ നേടിടേണം
കൂടെപ്പഠിക്കുന്ന കൂട്ടരെ കാണാതെ
നെറ്റിലെ സെറ്റുകൾ തേടരുതെ...
നിന്നെയറിയുന്ന നീയറിഞ്ഞീടുന്ന
കൂട്ടുകാർ നിന്നുടെ ക്ലാസിലല്ലേ....



malankaralibrary.com

(ചെണ്ടമേളം എല്ലാവരും ചേർന്ന് താളത്തിനൊപ്പം ചുവടുകൾ വയ്ക്കുന്നു. അദ്ധ്യാപകൻ ക്ലാസെടുക്കുന്നു. ഒഴപ്പുന്ന കൂട്ടുകാർ....കോപ്പിയടിക്കുന്നു. അദ്ധ്യാപകനെ കളിയാക്കുന്നു. അദ്ധ്യാപകൻ ക്ലാസ്സിൽ നിന്നു പോകുമ്പോൾ ചെണ്ടമേളം നിൽക്കുന്നു.)

കൂട്ടുകാരൻ: ബാബു, നീയിന്നു ക്ലാസുകഴിഞ്ഞ് ഞങ്ങളുടെ കൂടെ വരണം.

ബാബു : എടാ ഇന്നു പറ്റില്ല. അമ്മയുടെ കൂടെ ആശുപത്രിയിൽ പോണം.

കൂട്ടുകാരൻ : എടാ ആശുപത്രിയിൽ നാളെയും പോകാം. പക്ഷേ, കൂട്ടുകാരുടെ ഒരു അത്യാവശ്യത്തിൽ കൂടെ നിൽക്കാതിരിക്കുന്നത് അത്ര ശരിയല്ല.

കൂട്ടുകാരൻ 1 : നിനക്ക് ഞങ്ങളോട് ശരിക്കും കൂട്ടുണ്ടെങ്കിൽ നീയിന്ന് ഞങ്ങളുടെ കൂടെ വരും.

ബാബു : പിണങ്ങല്ലേടാ.....ഞാൻ വരാം. അതൊക്കെ പോട്ടേ....ഇന്നെന്താ പരിപാടി.

കൂട്ടുകാരൻ 2 : അതേ.....ചെറിയൊരു കൊട്ടേഷനാ

ബാബു : കൊട്ടേഷനോ.....ആർക്കിട്ടാ....?

കൂട്ടുകാരൻ 1 : നമ്മുടെ മോനിട്ടർ സുബൂന്ന്...

ബാബു : സുബുവോ....എന്താടാ കാര്യം....അവനൊരു പാവമല്ലേ....

കൂട്ടുകാരൻ 1 : പാവം....അവനിപ്പം പല തവണയായി ക്ലാസ്സിൽ സംസാരിച്ചതിന് എന്റെ പേര് എഴുതുന്നു. ഇതങ്ങനെ വിട്ടാൽ പറ്റില്ല.

ബാബു : എടാ വിട്ടേര്.....

കൂട്ടുകാരൻ 1 : നീ ഞങ്ങളുടെ കൂടെ നിന്നാ മതി. ചെറിയൊരു വിരട്ട്....

(ചെണ്ടമേളം....സുബു വരുന്നു....കൂട്ടുകാർ വളയുന്നു. ഒന്നാമൻ കുത്തുന്നു. കൂട്ടുകാർ വരുമ്പോൾ രണ്ടുപേരും ഓടുന്നു. ബാബു കത്തി വലിച്ചുരുന്നു. ചെണ്ടമേളം നിൽക്കുന്നു. കോറസുകൾ ഇടതുകൈകൊണ്ടു കണ്ണുപൊത്തി വലതുകരം ബാബുവിനെ ചൂണ്ടി വട്ടത്തിൽ നിൽക്കുന്നു.)

അനൗൺസ്മെന്റ് : ഇവനാണ് ബാബു. കൂട്ടുകാരുടെ ചതിവിൽപ്പെട്ട് ജയിൽ ശിക്ഷയനുഭവിക്കേണ്ടി വന്നവൻ. ചീത്ത കൂട്ടുകെട്ടുകളിൽപ്പെട്ട് ജീവിതം നശിപ്പിക്കുന്നവർക്ക് ബാബുവിന്റെ ജീവിതം പാഠമാകട്ടെ.

കോറസുകൾ : കൂട്ടർകൂടി തകർത്തോരാ
കൂട്ടുകൂടും കിടാങ്ങളേ
കൂട്ടുകൂടല്ല, മര്യാദ
കൂട്ടുകാരോടു ചേരണം (2)



malankaralibrary.com

(കോറസുകൾ വേഗത്തിൽ വലം വയ്ക്കുന്നു. ചെണ്ടമേളം.)

(വേദിയിൽ ദീപു ദുഃഖിതനായിരിക്കുന്നു. ജോസഫ് കടന്നുവരുന്നു.)

ജോസഫ് : ദീപു.....

ദീപു : ജോസഫ്, നീയോ?

ജോസഫ് : നീയെന്താടാ ഇങ്ങനെ ഒറ്റയ്ക്കിരിക്കുന്നത്? പരീക്ഷ അടുത്ത വരുവല്ലേ? തനിച്ചിരുന്നത് വേണ്ടാത്തത് ആലോചിച്ചുകൂട്ടണ്ടാ.

ദീപു : മനസ്സിനെ നിയന്ത്രിക്കാൻ പറ്റുന്നില്ലടാ....പഠിക്കാനിരിക്കുമ്പോൾ മനസ്സിൽ അമ്മയുടെ മുഖമാ....എന്റെ അമ്മയ്ക്ക് എന്നെ എന്തിഷ്ടമായിരുന്നെന്നോ. മഴയുള്ള ദിവസം പുതപ്പിനടിയിൽ എന്നെ കെട്ടിപ്പിടിച്ച് അമ്മ ഉറക്കുമായിരുന്നു....അമ്മ മരിച്ചുപോയെന്ന് മനസ്സിനെ വിശ്വസിപ്പിക്കാനാവുന്നില്ല.

ജോസഫ് : കണ്ണു തുടയ്ക്ക്. ദേ ഇങ്ങനെ വിഷമിക്കുന്നത് നിന്റെ അമ്മയ്ക്ക് സഹിക്കുമോ. നീ പഠിച്ച് വലിയ ആളാകണമെന്നായിരുന്നില്ലേ അമ്മയുടെ ആഗ്രഹം. നീ ഈ പരീക്ഷ നന്നായി എഴുതണം, നിന്റെ അമ്മയ്ക്കുവേണ്ടി.

ദീപു : ജോസഫ്.....

ജോസഫ് : റെക്കോർഡ് ബുക്കിന്റെ കാര്യമോർത്ത് നീ വിഷമിക്കണ്ടാ. നീ ലീവിലായിരുന്ന സമയത്ത് ഞാൻ നിന്റെ കൂടി വരച്ച് റെഡിയാക്കി. ദാ പിടിച്ചോ നല്ല ചൂട് സാധനം. (റെക്കോർഡ് ബുക്ക് കൊടുക്കുന്നു.)

ദീപു : ജോസഫേ.....നിന്നോടെങ്ങനെയാ ഞാൻ നന്ദി പറയണ്ണേ...

ജോസഫ് : എന്തിനാടാ നമ്മുക്കിടേലൊരു നന്ദി....ഞാൻ നിന്റെ ബെസ്റ്റ് ഫ്രണ്ടല്ലേ....(കെട്ടിപ്പിടിക്കുന്നു. അനൗൺസ്മെന്റ്...ഇവനാണ് ജോസഫ്. സ്നേഹിതനുവേണ്ടി ജീവൻപോലും കൊടുക്കാൻ മടിക്കാത്ത സൗഹൃദം. ഇന്നത്തെ വിദ്യാലയ സൗഹൃദങ്ങൾ ഇവന്റെ സ്നേഹം കണ്ടുപഠിക്കട്ടെ..)

(കോറസുകൾ വലം വച്ച്)

സ്നേഹം പൊന്നല്ലേ
സ്നേഹം വിണ്ണിൽ നി-
ന്നാമോദം കൈയേറ്റുവാങ്ങാം



malankaralibrary.com

സ്നേഹം നൽകീടും
സ്നേഹിതനായീടാം
സഹജന്റെ കണ്ണീർ തുടയ്ക്കാം. (ചെണ്ടമേളം)

ദീപു : ജോസഫേ....

ജോസഫ് : ദീപു.....എന്താടാ, നല്ല സന്തോഷത്തിലാണല്ലോ?

ദീപു : എന്റെ അമ്മയുടെ പ്രാർത്ഥന ഫലിച്ചു. എനിക്ക് A+ ഉണ്ടെടാ...

ജോസഫ് : ദീപു. congrats..... ഓ....എനിക്കു സന്തോഷമായെടാ....പിന്നെ ഞാനിവിടെ നിന്നത് നിന്നോടൊരു കാര്യം പറയാനാ.....ഞങ്ങളുടെ വീടു വിൽക്കുകയാണ്. ഒറ്റപ്പാലത്തെ കുടുംബവീട്ടിലേയ്ക്കാ പോകുന്നത്....ഡിഗ്രി പഠനമൊക്കെ ഇനി അവിടെയായിരിക്കും.

ദീപു : നീ പോകുകയാണോ?....എന്നെ ഒറ്റയ്ക്കാക്കി. നീയില്ലായിരുന്നെങ്കിൽ എനിക്കൊരിക്കലും ഈ വിജയം കിട്ടുമായിരുന്നില്ല. നിന്റെ വാക്കുകളായിരുന്നു എന്റെ ശക്തി....നീ പോയാൽ എനിക്കാരാ കൂട്ട്.....?

ജോസഫ് : എടാ ഒറ്റപ്പാലത്തേക്കാ പോകുന്നത്....ശവപ്പെട്ടീലോട്ടല്ല. എത്ര അകലെപ്പോയാലും ഞാൻ നിന്റെ ഫ്രണ്ടല്ലേടാ....നീ എന്റെയും. നമുക്കു തമ്മിൽ പിരിയാൻ പറ്റുമോ....പറയെടാ പാക്കരാ.

ദീപു : പോടാ പാച്ചു (കെട്ടിപ്പിടിക്കുന്നു.)

(...വിദ്യാലയങ്ങൾ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ വേദികളാകണം. നല്ല സൗഹൃദങ്ങൾ നല്ല വ്യക്തികളെ സൃഷ്ടിക്കുന്നു; നല്ല വ്യക്തികൾ നല്ല സമൂഹത്തെയും)

പിരിയുന്ന കൂട്ടുകാർ നമ്മൾ..... (ബോഡിഗാർഡ് : പേരില്ലാരാജ്യത്തെ)
പിരിയാത്ത നന്മയോടെ
നൊമ്പരങ്ങളും പുഞ്ചിരിയാകു
യാത്രാമൊഴിയോടെ
കരയില്ല കണ്ണുനീർ പോലും
വിട ചൊല്ലി യാത്രയായി
.....
.....(ഗാനത്തിന്റെ ഈരടിയിൽ കർട്ടൻ താഴുന്നു.)



malankaralibrary.com

# വനം ഒരു വരം

(കോറസുകൾ ഒറ്റനിരയായി പുറംതിരിഞ്ഞുനിൽക്കുന്നു. ചെണ്ടമേളം. താളച്ചുവടുകൾക്കൊപ്പം കോറസുകൾ വട്ടം ചുറ്റുന്നു.)

തന്താനോ താനോ തക തന്താനം താനോം (2)
നാമെല്ലാമൊത്തു വാഴും
സ്വർഗ്ഗമല്ലോ ഭൂമി
ജീവനും വളർച്ചയ്ക്കും
എല്ലാം നൽകും ഭൂമി
തന്താനോ താനോ തക..... (കോറസുകളുടെ വൃത്തത്തിനുള്ളിൽ സൂത്രധാരൻ കയറുന്നു)

സൂത്രധാരൻ : സഹൃദയരെ.....കാലചക്രം തിരിയുകയാണ്. ജീവനു സുരക്ഷയും മനസ്സിനു സന്തോഷവും നൽകി മനുഷ്യരെയും സകല ജീവജാലങ്ങളെയും പരിപാലിക്കുന്ന പ്രകൃതിയുടെ വരദാനമാണ് വനങ്ങൾ. പക്ഷേ, ഇന്നീ വനങ്ങൾ കാണണമെങ്കിൽ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പോകണം. അവിടെയും വനങ്ങൾ വെട്ടിനിരത്തുന്നതാണ് മറ്റൊരു കാഴ്ച. ഈശ്വരൻ പ്രകൃതിക്കു സമ്മാനിച്ച പച്ചപ്പുതപ്പ് വലിച്ചുകീറുന്ന കിരാതൻമാരുടെ കണ്ണുതുറക്കാൻ എന്താണൊരു പോംവഴി. ബോധവൽക്കരണം. അതിനുള്ള ഒരു എളിയ ശ്രമം ഞങ്ങൾ ആരംഭിക്കട്ടെ....വനം ഒരു വരം (ചെണ്ടമേളം കോറസുകൾ തിരിയുന്നു.)

തകിടതകധിമി (3) തെയ്യന്താ.....
വരമാണേ വരമാണേ വനമൊരു വരമാണ്
വരവായി വരമാരി വനമാലയിലായ്
നിറവായി നിറവായി വനജീവികൾ തിങ്ങുന്ന
വനമല്ലോ ഉലകത്തിൽ ജീവനു രക്ഷ

(ചെണ്ടമേളം....കോറസുകൾ വലം വയ്ക്കുന്നു. നടുവിൽ മരത്തിന്റെ ആകൃതിയിൽ നിൽക്കുന്നു.)



malankaralibrary.com

ഒന്നാമൻ: കണ്ടില്ലേ കൂട്ടരെ, പടർന്നു പന്തലിച്ച ഒരു പൂമരം.

രണ്ടാമൻ : വെറും മരമല്ല.....ഒരു വനം.

മൂന്നാമൻ : മണ്ടത്തരം പറയാതെ! മരം കണ്ടിട്ട് വനമാണെന്നുപറയുന്നോ. ശുദ്ധ അസംബന്ധം.

നാലാമൻ : ഭാഷാസ്വാധീനത്തിന്റെ കുറവാ....എന്നാ കേട്ടോ....ഓരോ മരത്തിലും ഒരു വനമുണ്ട്.

കോറസ് : വനമുണ്ട് വൃക്ഷത്തിൽ
പൂവിലോ പൂക്കാലം
നിന്നിലോ നാളത്തെ ജനതയുണ്ട് (2)

(ചുവടുവച്ച് നിൽക്കുന്നു)

ഒന്നാമൻ : എത്രയോ സഞ്ചാരികൾ, എത്രയോ വഴിപോക്കർ ഈ മരത്തിന്റെ തണലിൽ വിശ്രമിച്ചു.

രണ്ടാമൻ : എത്രയോ പക്ഷികൾ, ശലഭങ്ങൾ, ചെറുപ്രാണികൾ ഈ മരച്ചില്ലകളിൽ കൂടുകൂട്ടി.

മൂന്നാമൻ : ശുദ്ധവായുവിന്റെ സമൃദ്ധി. കാർബൺഡൈ ഓക്സൈഡിന്റെയും ഓക്സിജന്റെയും സംതുലനം ഈ മരത്തിന്റെ ദാനമല്ലേ....

നാലാമൻ : ഒരു മരത്തിന്റെ സംരക്ഷണത്തിൽ എത്രയോ ജീവജാലങ്ങൾ വളരുന്നു. അങ്ങനെയെങ്കിൽ മരങ്ങൾ തിങ്ങി വളരുന്ന വനത്തിലോ...

കോറസുകൾ : അതേ....വനങ്ങൾ സംരക്ഷിക്കുക. വനങ്ങൾ ജീവന്റെ സുരക്ഷയ്ക്ക്.....

തന്നാരോ തന്നാരോ തക
താനാരോ തന്നാരോ (കോറസുകൾ വലം വയ്ക്കുന്നു. ചെണ്ടമേളം. ഓരോ വരിക്കുംശേഷം ചെണ്ടമേളത്തിന്റെ സമയത്ത് ദൃശ്യാവതരണം)

മരങ്ങളല്ലോ വനിയിൽ സുലഭം
പ്രകൃതിദേവി തൻ കരങ്ങളാണവ
കിളികളെല്ലാം പറന്നുചെന്നതിൽ



malankaralibrary.com

കൂടുകൂട്ടും വാസവ്യവസ്ഥ
വന്യമൃഗജാലമെല്ലാം
ഒത്തുവാഴും കാനനത്തിൽ
ജന്തുസസ്യജാലമെല്ലാം
കാത്തുപോരുക വനങ്ങളല്ലോ.

(ചെണ്ടമേളം നടുവിൽ മരം. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ ജന്മിയും മരംവെട്ടുകാരനും വരുന്നു.)

ജന്മി : മാന്യമഹാജനങ്ങളെ, വികസനസ്വപ്നങ്ങൾ പൂവണിയാൻ സമയമായി. ഈ വെള്ളരിക്കാപട്ടണത്തിലും ഹൈവേ വരാൻ പോകുന്നു. നഗരമദ്ധ്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്. വിദേശികളെ ആകർഷിക്കാൻ ടൂറിസം.

കോറസുകൾ : വികസനസ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഞങ്ങൾ എന്താണു ചെയ്യേണ്ടത്?

ജന്മി : പാതയോരത്തെ ഈ വനപ്രദേശം നീക്കം ചെയ്യണം. പക്ഷികൾ ചേക്കേറുന്ന ഈ മരം...ഈ വനം വെട്ടിമാറ്റണം.

കോറസുകൾ : വനം വെട്ടി നശിപ്പിക്കാനോ? ജന്തുജാലങ്ങളുടെ ആവാസ വ്യവസ്ഥ ഇല്ലാതാക്കാനോ?

മരംവെട്ടുകാരൻ: ഒന്നു ചീഞ്ഞാലേ മറ്റൊന്നിനു വളമാകൂ....നാടിന്റെ വികസനത്തിനുവേണ്ടി ചിലതൊക്കെ നഷ്ടപ്പെടുത്തണ്ടേ?

കോറസ് 1 : വികസനം വേണ്ടതു തന്നെ. പക്ഷേ ജീവനെ നിലനിർത്തുന്ന വനം നഷ്ടമായാൽ...?

കോറസ് 2 : വനങ്ങൾ മാത്രമോ? അതിൽ വസിക്കുന്ന സസ്യങ്ങൾ, മൃഗങ്ങൾ, ചെറുപ്രാണികൾ, അരുവികൾ....എല്ലാം നഷ്ടമാകില്ലേ?

കോറസ് 3 : ഭാവിതലമുറയ്ക്കു അവകാശപ്പെട്ട ഈ വനസമ്പത്ത് ഇല്ലാതാക്കുന്നത് പാപമല്ലേ?

ജന്മി : ഹഹഹ.....നിങ്ങളാണ് വികസനത്തിന്റെ ശത്രുക്കൾ. നിങ്ങളുടെ പഴഞ്ചൻ ചിന്താഗതികൾ വികസനത്തിനു തടസ്സമാണ്.

മരംവെട്ടുകാരൻ : നാടോടുമ്പോൾ നടുവേ ഓടണം. പാമ്പിനെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുമുറിതന്നെ തിന്നണം.



malankaralibrary.com

ജന്മി : പാരമ്പര്യങ്ങളെയും, വിശ്വാസങ്ങളെയും മുറുകെപ്പിടിച്ചു നിന്നാൽ ഇന്നത്തെ വികസനം തകരാറിലാകും. നാളെയെക്കുറിച്ച് എന്തിനു ചിന്തിക്കണം. വികസനം ഇന്നിനുവേണ്ടിയാണ്. നോക്കിനിൽക്കാൻ സമയമില്ല. വികസനത്തിനു തടസമായി നിൽക്കുന്ന ഈ മരം....ഈ വനം വെട്ടിമാറ്റുന്നു.

(ചെണ്ടമേളം മുറുകുന്നു. മരംവെട്ടുകാരൻ മരം വെട്ടാനൊരുങ്ങുന്നു)

(കോറസുകൾ ചുവടുകൾ വയ്ക്കുന്നു)

അറിയാതെ ജനനിയെപ്പരിണയിച്ചൊരു-യവന
തരുണന്റെ കഥയെത്രപഴകി
പുതിയകഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു.

സൂത്രധാരൻ : നിർത്തൂ....വികസനത്തിന്റെ മായാസ്വപ്നങ്ങൾ നൽകി ലോകത്തെ ഇരുട്ടിലാക്കുന്ന നരാധമാ....നിന്റെ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി വനങ്ങൾ വെട്ടിനിരത്താൻ നിനക്കാരാണ് അവകാശം നൽകിയത്? ഇവന്റെ ദുഷ്പ്രവർത്തികൾക്കു കൂട്ടുനിന്ന സമൂഹമനസാക്ഷി....ഇതിനു മറുപടി പറയേണ്ടത് നിങ്ങളാണ്. (കോറസുകളെ ചൂണ്ടി)

കോറസുകൾ : ഞങ്ങളോ?

സൂത്രധാരൻ : അതേ, നിങ്ങൾ തന്നെ. വികസനമോഹങ്ങളാൽ വഞ്ചിതരായി അടുത്ത തലമുറയ്ക്ക് അവകാശപ്പെട്ട പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിച്ചാൽ ഭാവിതലമുറയ്ക്കു മുമ്പിൽ നാമായിരിക്കും കുറ്റവാളികൾ.

കോറസുകൾ : ഭാവിതലമുറയ്ക്കുവേണ്ടി ഞങ്ങൾ എന്താണു ചെയ്യേണ്ടത്?

സൂത്രധാരൻ : ജീവന്റെ സംരക്ഷകരാകാൻ വനനശീകരണം തടയണം.... മരങ്ങൾ വച്ചുപിടിപ്പിക്കണം. പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കണം. അതിലൊക്കെ ഉപരിയായി പരിസ്ഥിതിയെ നശിപ്പിച്ച് വികസനത്തിന്റെ ചീട്ടുകൊട്ടാരങ്ങൾ പണിയുന്ന ഇവനെപ്പോലുള്ളവരെ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തണം.

(കോറസുകൾ വലം വയ്ക്കുന്നു....നടുവിൽ ജന്മിയും, മരംവെട്ടുകാരനും....ചെണ്ടമേളം മുറുകുന്നു....നടുവിൽനിന്നും നിലവിളി ഉയരുന്നു....ആ.....ചെണ്ടമേളം നിലയ്ക്കുന്നു.)



malankaralibrary.com

താനാരോ തന്നാരോ.....

.....

മരങ്ങളല്ലോ വനിയിൽ സുലഭം
പ്രകൃതിദേവിതൻ കരങ്ങളാണവ
കിളികളെല്ലാം പറന്നു ചെന്നതിൽ
കൂടുംകൂട്ടും വാസവ്യവസ്ഥ
വന്യമൃഗജാലമെല്ലാം
ഒത്തുവാഴും കാനനത്തിൽ
ജന്തുസസ്യജാലമെല്ലാം
കാത്തുപോരുകവനങ്ങളല്ലോ
നല്ല ലോകം വാർത്തെടുക്കാൻ
വന്യജീവൻ യോജ്യമല്ലോ.
ജീവനേകും വനസമ്പത്ത്
കാത്തിടേണ്ടോർ നാമെല്ലാരും
ലോകമെങ്ങും ഈ സന്ദേശം
പങ്കുവയ്ക്കാം കൂട്ടുകാരെ.

(വേദിയിൽ രണ്ടു പ്രാവശ്യം വലംവച്ച് പാടിയശേഷം വേദിയിൽനിന്നും പിൻവലിയുന്നു. കർട്ടൻ താഴുന്നു.....)





malankaralibrary.com

# പണിതീരാപട്ടണം

(കർട്ടൻ ഉയരുമ്പോൾ മുന്നിൽ നിൽക്കുന്നവന്റെ തോളിൽ കൈപിടിച്ച് നിരനിരയായി ചുവടുകൾവച്ച് കോറസുകൾ വേദിയിൽ പ്രവേശിക്കുന്നു. സദസ്സിനെ വന്ദിക്കുന്നു. തലയിൽ ധരിച്ചിരിക്കുന്ന തൊപ്പിയൂരി സദസ്സിനെ അഭിവാദ്യം ചെയ്തശേഷം പാട്ടിന്റെ താളത്തിനൊത്തു ചുവടുകൾ വയ്ക്കുന്നു.)

എങ്കാ ഇങ്കേ ബാലപൊത്താല (2)
ല ലലല ബാല പൊത്താല (2)
അമ അബി സുമ സുബി ആ ഊ ഏ.

സൂത്രധാരൻ : സഹൃദയരേ....പാട്ടിന്റെ ഈരടികൾ ഇഷ്ടപ്പെട്ടുവെന്നു കരുതുന്നു. പക്ഷേ അർത്ഥം മനസ്സിലായില്ലെന്നു മുഖം കണ്ടാലറിയാം. സാരമില്ല, ലക്ഷക്കണക്കിനു ഭാഷകളിൽ നമ്മുക്കറിവില്ലാത്ത ഭാഷയായി ഇതിനെയും കണക്കാക്കിയാൽ മതി. ഭൂമിയിൽ ഒരു ഭാഷയും ഒരു സംസാരരീതിയും മാത്രമുണ്ടായിരുന്ന കാലമുണ്ടായിരുന്നു. അത്തരമൊരു കാലത്തിലേക്ക് നിങ്ങളെ ഞങ്ങൾ കൊണ്ടുപോകുകയാണ്. എങ്കിൽ ഞങ്ങൾ ആരംഭിക്കട്ടെ. പണിതീരാപട്ടണം.

പട്ടണം പട്ടണം പട്ടണം
പണിതീരാപട്ടണം
പട്ടണം പട്ടണം ചുറ്റണം
പടിവാതിലിലെത്തണം.

(കോറസുകൾ പട്ടണത്തിന്റെ ആകൃതിയിൽ നിൽക്കുന്നു. പണിയെടുക്കുന്നവർ.... മണ്ണുകുഴയ്ക്കുന്നവർ, ശില്പം നിർമ്മിക്കുന്നവർ).

സൂത്രധാരൻ : ഇതാണ് ഷീനാർ സമതലം. ഈ കാണുന്നവരെല്ലാം കിഴക്കുനിന്നു കുടിയേറി വന്നവരാണ്. ഇപ്പോൾ ഒരു സമൂഹമായി ഇവിടെ ജീവിതമാരംഭിച്ചിരിക്കുകയാണ്. (സൂത്രധാരൻ പോകുന്നു.)



malankaralibrary.com

ഒന്നാമൻ : കണ്ടില്ലേ കൂട്ടരേ...നല്ല പശിമയും ഉറപ്പുമുള്ള മണ്ണ്. നമ്മുക്കിതുകൊണ്ട് ഇഷ്ടിക ചുട്ടെടുക്കാം.

രണ്ടാമൻ : അതുകൊള്ളാം. പക്ഷേ വെറുതെ ചുട്ടെടുത്തിട്ട് എന്തെടുക്കാനാ, തിന്നാൻ കൊള്ളില്ലല്ലോ.

മൂന്നാമൻ : നമുക്ക് നല്ല വീടുകൾ പണിയാം. ചുടുകട്ടയിൽ കെട്ടിപ്പൊക്കിയ വീടുകൾ.....

നേരാണതു നേരാണേ
കെട്ടിപ്പൊക്കിയ വീടുകൾ കാണാൻ
രസമാണേ അതു രസമാണേ

രണ്ടാമൻ : പക്ഷേ....വീടുകൾ പണിതാൽ നമ്മൾ തമ്മിലുള്ള ഐക്യം കുറയും. ഓരോരുത്തരും അവനവന്റെ വീട്ടിലൊതുങ്ങും. പുറത്തുള്ളവനെ ശ്രദ്ധിക്കാൻ ആർക്കും സമയം കാണില്ല.

വീടായാൽ പല മുറിയാകും
മുറിയായാൽ ചിലവേറീടും
മുറിയും മുറിയും തമ്മിൽ തിരിക്കാൻ
ഭിത്തികൾ കെട്ടിപ്പൊക്കേണം
വീടായാൽ പല വീടാകും
വീടിന്നെണ്ണം ഏറീടും
വീടിന്നതിരുകൾ തമ്മിൽ തിരിക്കാൻ
സർവ്വേക്കല്ലുകൾ നാട്ടേണം

(ചെണ്ടമേളം....കോറസുകൾ മാറിനിന്ന് ചിന്തിക്കുന്നു. ഒരുവൻ ഓടിവന്ന്)

ഒന്നാമൻ : ആ.....കിട്ടിപ്പോയി.....നമുക്കൊരു പട്ടണം പണിയാം. ഷീനാറിന്റെ സമതലത്തിലെ ഒരു ജനത വാഴുന്ന പട്ടണം. ആകാശംമുട്ടുന്ന ഗോപുരവും പണിത് നമ്മുടെ പ്രശസ്തി നിലനിർത്തണം.

രണ്ടാമൻ : സമ്മതിച്ചിരിക്കുന്നു സുഹൃത്തേ....ഗംഭീരൻ ആശയം. പട്ടണമായാൽ നമ്മെത്തകർക്കാൻ ആർക്കുമാവില്ല. പട്ടണത്തിൽ ആളുകൾക്ക് ഒരുമിച്ചുകൂടുവാൻ ഉല്ലാസകേന്ദ്രങ്ങൾ പണിയണം.

മൂന്നാമൻ : അന്തിനേരങ്ങളിൽ വെള്ളമടിക്കുവാൻ മദ്യഷാപ്പുകൾ തുറക്കണം. ഭക്ഷണപ്രിയരെ ആകർഷിക്കുവാൻ കൊതിയൂറുന്ന വിഭവങ്ങളുമായി റെസ്റ്റോറന്റുകളും തട്ടുകടകളും.



malankaralibrary.com

കോറസ് 1 : സിനിമാശാലകളും ഇണക്കുരുവികൾക്ക് വേണ്ടി ഐസ്ക്രീം പാർലറുകളും.

കോറസ് 2 : ബാച്ചിലർ പാർട്ടികളെ കയ്യിലെടുക്കുന്ന നിശാക്ലബ്ബുകളും...

കോറസ് 3 : കൊള്ളാം....ഇത്രയുമായാൽ വീട്ടിലിരിക്കാൻ ആർക്കും നേരം കിട്ടില്ല.

(ചെണ്ടമേളം. കോറസുകൾ നിരന്നുനിൽക്കുന്നു. താളത്തിനൊത്തു ചുവടുകൾ വയ്ക്കുന്നു. പട്ടണം പണി ആരംഭിക്കുന്നു.)

പട്ടണം പട്ടണം ലോകരെല്ലാം ഞെട്ടണം
കെട്ടണം കെട്ടണം കൊത്തളങ്ങൾ കെട്ടണം
ചുറ്റണം ചുറ്റണം വേലി ചുറ്റും കെട്ടണം
കൂട്ടണം കൂട്ടണം കട്ടകെട്ടി പൊക്കണം
പൊക്കണം പൊക്കണം കോട്ട കെട്ടി പൊക്കണം

(കോറസുകൾ പട്ടണവാതിൽ പണിയുന്നു. രണ്ടുപേർ നിന്ന് ഭംഗിയാസ്വദിക്കുന്നു.)

ഒന്നാമൻ : അത്ഭുതമായിരിക്കുന്നു. ചുരുങ്ങിയ ദിവസംകൊണ്ടല്ലേ നാമീ പട്ടണം പണിതുയർത്തിയത്.

രണ്ടാമൻ : കൊത്തളങ്ങൾ, മണ്ഡപങ്ങൾ, തൂണുകൾ എല്ലാം ഒന്നിനൊന്നുമെച്ചം. വഴിക്കവലകളിലെല്ലാം സംസാരവിഷയം മറ്റൊന്നല്ല. ചുരുക്കം പറഞ്ഞാൽ നാട്ടിലെങ്ങും പാട്ടായി.

മൂന്നാമൻ : ദൈവത്തിനുപോലും അസൂയതോന്നുന്നവിധമല്ലേ നാമിതു പണിതിരിക്കുന്നത്. ഇനി സ്വർഗ്ഗത്തോളമെത്തുന്ന ഗോപുരം കൂടി പണിതാൽ മുകളിലിരിക്കുന്നവനൊന്നു കിടുങ്ങും.

മാനത്തുവാഴണ ദൈവം
താഴത്തുവന്നൊന്നു കണ്ടാട്ടേ
മാലോകർ തീർത്തൊരു പട്ടണം
കണ്ടുനീ പാരം ഞടുങ്ങല്ലേ....
തന്താനോ തന്താനേ തക തന്താനോ....

(വൃദ്ധൻ കടന്നുവരുന്നു.)

വൃദ്ധൻ : മക്കളേ....എന്തൊക്കെയാണു നിങ്ങൾ കാണിച്ചുകൂട്ടുന്നത്?

ഒന്നാമൻ : അപ്പൂപ്പാ....ഈ പട്ടണത്തിന്റെ പ്രൗഢിയും ഗാംഭീര്യവും കാണുന്നില്ലേ. ഇതു തലമുറകളോളം നിലനിർത്താൻ സ്വർഗ്ഗംമുട്ടുന്ന ഒരു ഗോപുരം പണിയണം.



malankaralibrary.com

വൃദ്ധൻ : മൂഢൻമാരെ.....സ്വർഗ്ഗംമുട്ടുന്ന ഗോപുരം പണിയാൻ നിങ്ങൾക്കാവുമോ.

രണ്ടാമൻ : അതെന്താ അപ്പൂപ്പനങ്ങനെ പറഞ്ഞത്? ഈ വലിയ പട്ടണം പണിതതു ഞങ്ങളല്ലേ? ആനയെ വാങ്ങാമെങ്കിൽ ഒരു തോട്ടി വാങ്ങാൻ വല്യ പ്രയാസമില്ല.

വൃദ്ധൻ : ആനയെ വാങ്ങിയെന്നാരാ പറഞ്ഞേ. നിങ്ങളീ പണിതുയർത്തിയതെല്ലാം ദൈവത്തിന്റെ ശക്തിക്കുമുന്നിൽ വെറും ചാരമാ. സ്രഷ്ടാവിനോടു മത്സരിക്കുന്ന നിങ്ങൾ പരുന്തിനെ കണ്ട് പല്ലിറുമ്മുന്ന തവളകളാണ്.

ഒന്നാമൻ : അപ്പൂപ്പനു ഞങ്ങളേക്കാൾ പ്രായമുണ്ട്. പക്ഷേ അറിവുപോരാ. അതാണിങ്ങനെ സംസാരിക്കുന്നത്. മനുഷ്യൻ ചിതറിക്കിടക്കുന്നതുകൊണ്ടല്ലേ ദൈവത്തിന്റെ ശക്തിക്കുമുന്നിൽ ഒന്നുമല്ലാത്തത്. മനുഷ്യശക്തിയൊരുമിച്ചു കൂടിയാൽ ദൈവത്തിനൊന്നും ചെയ്യാൻ സാധ്യമല്ല.

വൃദ്ധൻ : നിർത്തൂ.....അറിവുകേടധികമായാൽ അഹന്തയാകരുത്. നിങ്ങൾ ദൈവത്തെ എതിർക്കാൻ ഗോപുരം പണിതാൽ ദൈവമീ പട്ടണം നശിപ്പിക്കും. പിന്നെയീ പട്ടണത്തിൽ വസിക്കാൻ തെരുവുപട്ടികൾ മാത്രമേ കാണൂ.

രണ്ടാമൻ : ശാസ്ത്രം വികസിക്കുമ്പോൾ അതിനു തടസ്സം നിൽക്കുന്നത് നിങ്ങളെപ്പോലുള്ളവരാണ്. പഴമയെ കെട്ടിപ്പിടിച്ചുകൊണ്ടിരുന്നാൽ നാളത്തെ സൗഭാഗ്യങ്ങൾ ആസ്വദിക്കാനാവില്ല. ഈ ഗോപുരം പണിതാൽ എന്തൊക്കെ നേട്ടങ്ങളാണുണ്ടാവുകയെന്ന് അപ്പൂപ്പനു കേൾക്കണോ?

കോറസ് 1 : ഈ ഗോപുരം പണിതാൽ അതിലൂടെ മനുഷ്യർക്കു ദൈവത്തിന്റെ ലോകത്തിലെത്താം. അവിടെയും മനുഷ്യന് പട്ടണങ്ങൾ പണിയാം.

കോറസ് 2 : ദൈവം എങ്ങനെയാണ് ലോകത്തെ സൃഷ്ടിച്ചതെന്നറിയാൻ ദൈവത്തിന്റെ കണിക നമുക്കു കണ്ടെത്താം. അങ്ങനെയായാൽ നമുക്കും മറ്റൊരു ഭൂമിതന്നെ പണിയാം.



malankaralibrary.com

കോറസ് 3 : ഇനി ദൈവത്തിനു താത്പര്യമുണ്ടെങ്കിൽ സ്വർഗ്ഗത്തിലിരുന്നു മടുക്കുമ്പോൾ ഈ ഗോപുരത്തിലൂടെ ഇറങ്ങിവന്ന് നമ്മുടെ പട്ടണം കണ്ട് സന്തോഷിച്ചു മടങ്ങുകയും ചെയ്യാം.

വൃദ്ധൻ : അജ്ഞത കൊണ്ടു നിങ്ങൾക്കു സുബോധം നശിച്ചിരിക്കുകയാണ്. പക്ഷേ, ഒന്നു നിങ്ങളോർത്തോ....പാറയിൽ തൊഴിച്ചാൽ പാറയ്ക്കൊന്നും പറ്റില്ല. തൊഴിക്കുന്നവന്റെ കാലുചതയും.

(ചെണ്ടമേളം. ഗോപുരം പണി തുടങ്ങുന്നു....ഏലോ ഏലോ ഹേ....കോറസുകൾ രണ്ടുപേരുടെ മുകളിൽ ഒരുവൻ കയറുന്നു. കോറസുകൾ ചുറ്റിലും നിന്ന് ഗോപുരം പോലെ നിൽക്കുന്നു.)

ഒരു ജനത ഒരു മനമായ്
ഒരു നവഭേരി മുഴങ്ങുന്നു
പുതുജനത യുവജനത
നവയുഗലോകം പണിയുന്നു.
ഓ.....ഹോയ് ഓ ഓ ഹോ..... (ചെണ്ടമേളം നിശ്ചലം)

അനൗൺസ്മെന്റ് : അവരിപ്പോൾ ഒരു ജനതയാണ്. അവർക്ക് ഒരു ഭാഷയും. അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേയായുള്ളൂ. നമുക്കിറങ്ങിച്ചെന്ന് അവരുടെ ഭാഷ ചിതറിക്കാം.

(ചെണ്ടമേളം. ഗോപുരത്തിനു ചുറ്റുമുള്ളവർ ചിതറി വീഴുന്നു. ചുവടുകൾ വച്ച് കോറസുകൾ പിന്നിൽ പണിക്കാരായി അണിനിരക്കുന്നു.)

ഒന്നാമൻ : ആ ചാന്തിവിടെ കൊണ്ടുവാ ഒന്നുവേഗം.

രണ്ടാമൻ : ഇതാ.

ഒന്നാമൻ : ഇതാണോ ചാന്ത്....ഇതു കളിമണ്ണല്ലേ?

രണ്ടാമൻ : കളിമണ്ണല്ലേ ആശാൻ ചോദിച്ചത്?

ഒന്നാമൻ : ശവം....ചാന്തു ഞാനെടുക്കാം. നീ പോയി ചുടുകട്ട കൊണ്ടുവാ. (ഒരാൾ ഓടി വരുന്നു)

ആശാനേ മുകളിൽ പണിയുന്നവരെല്ലാം താഴെയിറങ്ങി.... എല്ലാവരും നല്ല കലുപ്പിലാണ്. പറയുന്നതൊന്നും ആരും എടുത്തുകൊടുക്കണില്ലെന്ന്. എല്ലാവർക്കും ഒരു ജാതി ബോധക്കേടുപോലെ. പറയുന്നതൊന്നും തിരിയണില്ല.



malankaralibrary.com

രണ്ടാമൻ : എന്ത്‌ര് ഇവിടെ ഒച്ച. പൊളപ്പനായിട്ട് പണി നടക്കുവായിരുന്നല്ലോ. ആരാടാ മൊടയെടുക്കണേ...ദാ ക്ട്ക്കണ് ചുടുകട്ട.

ഒന്നാമൻ : നുമ്മ നിന്നോടു ചാന്തെടുക്കാൻ പറഞ്ഞിട്ട് ശവി നീ ചുടുകട്ടയുമായി വന്നിരിക്കുന്നോ....നിന്നെയിന്നു ഞാൻ (ചെണ്ടമേളം) നീർത്തിനെടാ.....അവന്റെ ഗോപുരോം പണീം.....

ബാബേൽ ഗോപുരം പണിയും

മനുഷ്യാ.....

ദൈവത്തെ നീ മറന്നുവോ

തിരുസന്നിധിയിൽ നിന്നകന്നുവോ

(പണിതീരാത്ത ഗോപുരവും നിലത്തു ചിതറിവീണ കോറസുകളും)

സൂത്രധാരൻ : സഹൃദയരെ.....ദൈവത്തോടു മത്സരിച്ച് ഗോപുരം പണിതവരുടെ അവസ്ഥ കണ്ടില്ലേ. ശാസ്ത്രം കൊണ്ട് ദൈവത്തെ തോല്പിക്കാമെന്നു ചിന്തിക്കുന്നവരുടെ അവസ്ഥയും ഇതു തന്നെ. ദൈവദാനമാണു ബുദ്ധിയെന്നു തിരിച്ചറിഞ്ഞ് എളിമയോടുകൂടി ദൈവത്തെ സമീപിക്കുന്നവന് ദൈവം ശാസ്ത്രത്തിന്റെ പുതിയ വികസനപാതകൾ തുറന്നുകൊടുക്കും.

കോറസ് 1 : ആശാനേ.....ദൈവം ചിതറിച്ചുകളഞ്ഞ ഭാഷയെ ദൈവമെപ്പോഴെങ്കിലും ഒന്നിപ്പിക്കുമോ?

സൂത്രധാരൻ : തീർച്ചയായും. ദൈവഹിതപ്രകാരം ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നിടത്ത് ഭാഷ ഒന്നായിത്തീരുന്നു. ഏവരുടെയും മനസ്സു ഗ്രഹിക്കുവാൻ തക്കവിധം ദൈവഹിതത്തിൽ എല്ലാവരും ഒരേ മനസ്സും ഹൃദയവുമുള്ളവരാകുന്നു. വചനത്തിലേയ്ക്കൊന്നു നോക്കൂ. (ചെണ്ടമേളം. കോറസുകൾ പിന്നിലേക്ക് തിരിഞ്ഞിരിക്കുന്നു. മധ്യത്തിൽ പത്രോസ്)

പാവനം പാവനം ഈശോനാമം പാവനം
മോഹനം മോഹനം ഈശോദർശനം സദാ (2)

(കോറസുകൾ എഴുന്നേൽക്കുന്നു)



malankaralibrary.com

കാറ്റായ് കൊടുങ്കാറ്റായ് വന്നിറങ്ങീ
റൂഹ തീനാളമായി ഇറങ്ങിവന്നു
ഓരോ ശിരസ്സിലും കത്തിജ്വലിക്കുന്ന
നാളമായ് നാവായ് ഇറങ്ങി റൂഹ....

പത്രോസ് : ഇസ്രായേൽ ജനങ്ങളേ.....വാഗ്ദാനമായ പരിശുദ്ധാത്മാവിനെ ദൈവം നമ്മിലേക്ക് വർഷിച്ചിരിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും.

പാവനം പാവനം.....

കോറസുകൾ : അത്ഭുതമായിരിക്കുന്നു! പാർത്തിയാക്കാരും മേദിയാക്കാരും മെസപ്പെട്ടോമിയൻ നിവാസികളുമായ നാമെല്ലാവരും ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ ഇവർ വിവരിക്കുന്നത് താന്താങ്ങളുടെ മാതൃഭാഷയിൽ കേൾക്കുന്നുവല്ലോ?

സൂത്രധാരൻ : കേട്ടില്ലേ കൂട്ടരേ.....ദുരാഗ്രഹങ്ങൾ ചിതറിച്ച ഭാഷയെ ദൈവത്തിന്റെ അരൂപിയാൽ ഒന്നിപ്പിച്ചത്. ദൈവഹിതപ്രകാരം ജീവിച്ചാൽ ഭാഷയും ശാസ്ത്രവും മനുഷ്യനെ ഒന്നിപ്പിക്കും. മറിച്ചായാൽ ലോകം ചിതറിക്കപ്പെടും. (സൂത്രധാരൻ നിശ്ചലനാകുന്നു)

(കോറസുകൾ ചുവടുകൾ വയ്ക്കുന്നു)

പാടാം പാടാം സ്തോത്രഗീതങ്ങൾ
പാരിന്റെ നാഥനായ് സ്തോത്രഗീതങ്ങൾ
ല ലലല സ്തോത്രഗീതങ്ങൾ
ഭാഷയും ശാസ്ത്രവും ദൈവദാനമേ

(കോറസുകൾ രണ്ടുവട്ടം വലം വച്ചശേഷം വേദിയിൽ നിന്നു പിൻവാങ്ങുന്നു.)





malankaralibrary.com

# ഗർഷോം

കഥാപാത്രങ്ങൾ

1. ഗർഷോം : അഭയാർത്ഥി
2. തൽമൂദ് 1-ാമൻ : ഗ്രാമത്തലവൻ
3. റിഷി : ഗ്രാമത്തലവന്റെ മകൻ
4. എമീമ : മകൾ
5. കാലിബാൻ : പുരോഹിതൻ
6. ഡോൺ : ക്യാപ്റ്റൻ
7. ഡയാന : ഭാര്യ

(കർട്ടൻ ഉയരുമ്പോൾ രംഗത്ത് അരണ്ട വെളിച്ചം. ചീവീടുകളുടെ കരച്ചിൽ. വനാന്തരത്തിലെ ഭീകരശബ്ദങ്ങൾ. കാട്ടുവള്ളികൾക്കിടയിലായിക്കിടക്കുന്ന ഒരു പഴയ സത്രത്തെ അവ്യക്തമായി കാണാം. സത്രത്തിന്റെ വാതിലിൽ ഒരു റാന്തൽവിളക്ക് തൂക്കിയിട്ടിട്ടുണ്ട്. കാട്ടിലൂടെ രണ്ടുപേർ നടന്നു വരുന്ന ശബ്ദം. കയ്യിലൊരു പഴയ ടോർച്ചുണ്ട്. യുവതിയുടെ കയ്യിൽ തുകൽബാഗ്. ക്യാപ്റ്റൻ ഡോൺ സത്രത്തിന്റെ വാതിലിനു മുന്നിലുള്ള മാറാലകൾ വകഞ്ഞു മാറ്റുന്നു. വാതിലിൽ മുട്ടുന്നു. കുതിര കരയുന്ന ശബ്ദം. ബൂട്ടിന്റെ ശബ്ദം അടുത്തടുത്തു വരുന്നു. കതകു തുറക്കുന്ന ശബ്ദം. താന്ത്രിക സംഗീതത്തിന്റെ അകമ്പടിയോടെ ഒരു സാത്വികരൂപം കടന്നുവരുന്നു. രംഗം അല്പം പ്രകാശിതമാകുന്നു.)

കാലിബാൻ : ആരാണ് നിങ്ങൾ? വഴിതെറ്റി വന്നതോ, വഴി തേടി വന്നതോ?

ഡോൺ : ജെലീദിയാ കപ്പലിലെ നാവികനാണു ഞാൻ. ഇതെന്റെ ഭാര്യ ഡയാന. സമുദ്രയാത്രയിലിന്നുവരെ വഴിതെറ്റിയിട്ടില്ല. ആഗമനോദ്ദേശ്യം ഒന്നു മാത്രം; പാരഡീസയുടെ പുരോഹിതനെ കാണുക.

കാലിബാൻ : അത് ഞാൻ തന്നെ. കാലിബാൻ ബാവ (താന്ത്രിക സംഗീതം അലയടിക്കുന്നു.)

ഡയാന : സമ്പൽസമൃദ്ധിയുടെ നാടായിരുന്നു പാരഡീസ. പൗരാണികതകൊണ്ടും മാനവസമ്പത്തുകൊണ്ടും ഒരു കാലത്ത് സംസ്കാരങ്ങളെ കീഴടക്കിയ പാരഡീസ. പാരഡീസയിലെ



malankaralibrary.com

രത്നക്കല്ലുകൾക്കും ആനക്കൊമ്പിനുമൊക്കെ പാശ്ചാത്യ നാടുകളിലുണ്ടായിരുന്ന പുകഴ്ച എത്രയോ വലുതായിരുന്നു.

ഡോൺ : പൗരസ്ത്യദേശത്തെ ദീപസ്തംഭമായിരുന്നു പാരഡീസ. പക്ഷേ ഇന്നിവിടെ രമ്യഹർമ്മ്യങ്ങളില്ല, അശ്വാരൂഢരായ യുവപോരാളികളില്ല, താഴികക്കുടങ്ങളില്ല. അകാല വാർദ്ധക്യം ബാധിച്ച ജനങ്ങൾ, അജ്ഞാതരോഗികളായ യുവാക്കൾ. ഒരു കാലത്ത് ഡെയ്സിപ്പൂക്കൾ വിരിഞ്ഞ്നിന്നിരുന്നു. സിലാഹിപ്പുഴയുടെ തീരങ്ങളിൽ ഞങ്ങൾ കണ്ടത് വന്യമൃഗങ്ങളുടെ ശവശരീരങ്ങളാണ്.

കാലിബാൻ : കണ്ടതു സത്യംതന്നെ. പാരഡീസ മരിച്ചു. നൂറ്റാണ്ടുകൾ പാടിവാഴ്ത്തിയ അവളുടെ സമ്പൽസമൃദ്ധി നശിച്ചുകഴിഞ്ഞു. ഇനി അവശേഷിക്കുന്നത് കാലാതിർത്തിയെ കാത്തുകഴിയുന്ന ഈ പുരോഹിതനും ഇടിഞ്ഞുവീഴാറായ രാജമന്ദിരവുമാണ്.

ഡയാന : ബാവാ...പാരഡീസയ്ക്കെന്തുപറ്റി? മനുഷ്യമനസ്സുകളിലെന്നും സ്വപ്നഭൂമിയായിരുന്ന പാരഡീസയുടെ പതനകാരണം ഞങ്ങളോടു പറഞ്ഞാലും. അതു കണ്ടെത്താനാണ് കടൽകടന്ന് ഞങ്ങളുടെ സംഘം ഇവിടെയെത്തിയത്.

കാലിബാൻ : പാരഡീസയുടെ പതനം! പുറം ലോകമറിയാത്ത ആ ദുരന്തകഥ ഞാൻ പറയാം. ഒരു പക്ഷേ ഇതെന്റെ നിയോഗമാകാം. നിയമഗ്രന്ഥങ്ങളും ഡെക്കലോഗുകളും മറന്നുകളഞ്ഞ ലോകത്തോടു പാരഡീസയുടെ പതനകഥ പറയേണ്ടത് ഞാൻ തന്നെ....പാരഡീസയുടെ പുരോഹിതൻ കാലിബാൻ (പശ്ചാത്തലത്തിൽ ഇടിമിന്നലിന്റെ ശബ്ദം. രംഗത്ത് വെള്ളിവെളിച്ചം മിന്നിമറയുന്നു) രമ്യഹർമ്മ്യങ്ങൾക്കും കുതിരപ്പടയാളികൾക്കും പേരുകേട്ട പാരഡീസ. (നാടോടിസംഗീതം അലയടിക്കുന്നു.) പാരഡീസയുടെ തലവൻ തൽമൂദ് ഒന്നാമൻ. ഞാനിവിടുത്തെ പുരോഹിതൻ. സമ്പൽസമൃദ്ധികൊണ്ടും സാംസ്കാരികശക്തികൊണ്ടും പാരഡീസയോടു കിടപിടിക്കാൻ ഇവിടെയൊരു ദേശം മാത്രമേയുണ്ടായിരുന്നുള്ളൂ-സിഫില്ല. ഒരിക്കൽ സിഫില്ലയിൽ മരണശിക്ഷക്കു വിധിക്കപ്പെട്ട ഒരു തടവുപുള്ളി അഭയാർത്ഥിയായി പാര



malankaralibrary.com

ഡീസയിലെത്തി. അഭയാർത്ഥിസംരക്ഷണമെന്ന പേരിൽ പുരോഹിതനായ എന്റെ വാക്കുകൾ പോലും ധിക്കരിച്ച് തലവൻ അവന് അഭയം നൽകിയപ്പോൾ പാരഡീസയുടെ പരിണാമം ആരംഭിക്കുകയായിരുന്നു. ഗർഷോം-അതായിരുന്നു അവന്റെ പേര്. (പശ്ചാത്തലത്തിൽ വെള്ളിവെളിച്ചം മിന്നിമറയുന്നു.) (ദ്രുതഗതിയിലുള്ള സംഗീതത്തിന്റെ പിന്നാലെ രംഗം ഇരുളുന്നു. സംഗീതം നിറഞ്ഞുനിൽക്കുന്നു. വെട്ടം വീഴുമ്പോൾ പാരഡീസയുടെ തലവന്റെ മന്ദിരം. ഒരു പെൺകുട്ടി തൂക്കിയിട്ടിരിക്കുന്ന ചെടിച്ചട്ടികളിൽ വെള്ളം ഒഴിക്കുന്നു. വെൺകൽഭരണിയുമായി അകത്തേക്കു പോകാനൊരുങ്ങുമ്പോൾ ഒരു കുതിരവണ്ടിയുടെ ശബ്ദം. പെൺകുട്ടിയുടെ മുഖത്ത് ആകാംക്ഷ. വണ്ടിയുടെ ശബ്ദം നിലക്കുമ്പോൾ കുതിര മുരളുന്നു. ബൂട്ടിന്റെ ശബ്ദം അടുത്തടുത്ത് വരുന്നു. ഗ്രാമത്തലവൻ, തൽമൂദിന്റെ മകൻ റിഷി പ്രവേശിക്കുന്നു. തോളുവരെ ഇടതൂർന്നു കിടക്കുന്ന മുടി, തലയിൽ കൗബേജ് തൊപ്പി, കൈയിൽ കുതിരച്ചാട്ട.)

എമീമ : ഏട്ടാ, എത്രനാളായി എന്റെ ഏട്ടനെ കണ്ടിട്ട്

റിഷി : എമീമ, എന്റെ കുഞ്ഞനുജത്തി വളർന്നുവലിയ പെണ്ണായിപ്പോയല്ലോ. ആയിത്താഴ്വരയിലെ ജിപ്സിപ്പെണ്ണുങ്ങളെ കാണുമ്പോഴൊക്കെ ഞാൻ നിന്നെപ്പറ്റി ഓർക്കാറുണ്ടായിരുന്നു.

എമീമ : എന്നിട്ടെന്തേ ഇങ്ങോട്ടു വരണമെന്നു തോന്നിയില്ല.

റിഷി : നിന്നെക്കാണണമെന്നു മോഹമില്ലാഞ്ഞിട്ടല്ല, എമീമ. നിനക്കറിയാമല്ലോ, റിഷിക്കു ജീവിതത്തിലേറെ ശത്രുക്കളുണ്ട്. പക്ഷേ ഇന്നെന്റെ ഏറ്റവും വലിയ ശത്രു നമ്മുടെ അപ്പനാണ്. എന്റെ വാക്കിനു സ്ഥാനമില്ലാത്തിടത്ത് വലിഞ്ഞുകേറിവരാൻ ഞാനത്ര വിഡ്ഢിയല്ല.

എമീമ : അതൊക്കെ ഏട്ടന്റെ തോന്നലാ. എന്തൊക്കെയാണെങ്കിലും ഇത് ഏട്ടന്റെകൂടെ വീടല്ലേ.

റിഷി : വീട്.....മൺകട്ടകൾകൊണ്ട് കെട്ടിപ്പൊക്കിയ സൗധമാണോ എമീമ...വീട്. ഇത് വെറും സത്രം. ബാല്യവും കൗമാരവും കഴിച്ചുകൂട്ടാൻ കാലം ഔദാര്യമായിത്തന്ന സത്രം. പാരമ്പര്യമായി കൈമാറി കിട്ടിയ അധികാരക്കസേരയിൽനിന്ന് രക്തബന്ധത്തിന് വില കല്പിക്കാത്ത നിന്റെ അപ്പൻ എന്നിറങ്ങുന്നോ അന്നേ ഈ വീട്ടിലേക്കൊരു മടക്കയാത്രയുള്ളു



malankaralibrary.com

വെന്ന് മനസ്സിലുറച്ചിരുന്നതാണു ഞാൻ. (അകത്തുനിന്ന് സംഭാഷണം കേട്ടുകൊണ്ട് ഗ്രാമത്തലവൻ ഇറങ്ങിവരുന്നു.)

തൽമൂദ് : പിന്നെ എന്തിനിങ്ങോട്ടു കെട്ടിയെടുത്തു?

റിഷി : വന്നതല്ലല്ലോ, വരുത്തിയതല്ലേ. അധികാരക്കൊതി പൂണ്ട അപ്പന്റെ ഭരണതന്ത്രങ്ങൾ പ്രശസ്തിക്കു വേണ്ടിയാണെന്നു തിരിച്ചറിഞ്ഞിട്ടും ഒരു ദേശത്തെ മുഴുവൻ മരണത്തിന്റെ മുൾമുനയിൽ നിർത്തി ഒരു അഭയാർത്ഥിക്കുവേണ്ടി അപ്പൻ നടത്തിയ യുദ്ധം കണ്ടിട്ടും റിഷി സ്വയം നിയന്ത്രിച്ചു. പക്ഷേ കെട്ടുപ്രായം തികഞ്ഞ എന്റെ കുഞ്ഞനുജത്തി താമസിക്കുന്ന വീട്ടിൽ അപ്പൻ ഒരു അഭയാർത്ഥിച്ചെക്കനെ പാർപ്പിച്ചിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അടങ്ങിയിരിക്കാൻ ആത്മാഭിമാനം റിഷിയെ അനുവദിച്ചില്ല.

തൽമൂദ് : ആത്മാഭിമാനം....ലജ്ജയില്ലേ നിനക്കതു പറയാൻ....എമ്മീ, നീ അകത്തു പോ.....പോകാൻ. പാരഡീസയുടെ അധികാരക്കസേരയിലേറേണ്ട നീ എന്റെ വാക്കു ധിക്കരിച്ചു നാടുതെണ്ടികണ്ട ജിപ്സിപ്പെണ്ണുങ്ങൾക്കൊപ്പം അന്തിയുറങ്ങുന്നതാണോ നിന്റെ ആത്മാഭിമാനം. കുഞ്ഞനുജത്തിയോടുള്ള സ്നേഹം...ഹും...കഴുതപ്പുലികൾക്കും, കുറുനരികൾക്കും കൊടുക്കാതെ അവളെ സംരക്ഷിക്കേണ്ട നീ ഇതുവരെ എവിടെയായിരുന്നു.

റിഷി : അന്നും ഇന്നും നിങ്ങൾക്കു കുറ്റപ്പെടുത്താനേ അറിയൂ. സിഫില്ലയുമായി യുദ്ധം ചെയ്യാൻ ഞാൻ വിസമ്മതിക്കുമെന്നറിയാമായിരുന്ന നിങ്ങൾ മുന്നണിയിൽ നിന്നെന്നെ മാറ്റി നിർത്തി. തേരോട്ടത്തിൽ ഞാൻ പരാജയപ്പെടാൻ എതിരാളികളോടു നിങ്ങൾ ഒത്തുചേർന്നു. എന്റെ കുതിരയെ നിങ്ങൾ കൊന്നു. സ്വന്തം മകനോട് അല്പം പോലും കരുണകാട്ടാതെ എവിടെനിന്നോ വന്ന കുറ്റവാളിക്കു നിങ്ങൾ രക്ഷകനായിരിക്കുന്നു.

തൽമൂദ് : അഭയാർത്ഥിയെ സ്വീകരിക്കുകയെന്നത് പാരഡീസയുടെ സംസ്കാരത്തനിമയാണ്. മുതുമുത്തച്ഛൻമാർ നിലനിർത്തിയ ആ സൽപ്പേര് എനിക്കും നിലനിർത്തണം. അവൻ സിഫില്ലയിൽ കുറ്റവാളിയായിരിക്കാം. എന്നാൽ പാരഡീസയിൽ അവൻ അതിഥിയാണ്.



malankaralibrary.com

റിഷി : അതിഥി. പ്രായം തികഞ്ഞ മകളെക്കുറിച്ചുപോലും ചിന്തിക്കാതെ വലിഞ്ഞുകേറി വന്നവനു വീട്ടിൽ കിടക്കയൊരുക്കുന്ന നിങ്ങളൊരു അപ്പനാണോ. ഒരാണായ എനിക്ക് നിങ്ങളുടെ വിലകെട്ട പിതൃത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇപ്പോൾ ലജ്ജ തോന്നുന്നു.

തൽമൂദ് : റിഷി, നീ അതിരു കടക്കുന്നു. ഇനിയാ നാവു ശബ്ദിച്ചാൽ ഞാനത് അരിഞ്ഞെടുത്ത് നരികൾക്കിട്ടുകൊടുക്കും.

റിഷി : എതിർക്കുന്ന നാവുകൾ അരിഞ്ഞെടുക്കുക നിങ്ങൾക്ക് ഹരമാണ്. പക്ഷേ വളഞ്ഞ നട്ടെല്ലിനേക്കാൾ അരിഞ്ഞ നാവു തന്നെയാണ് റിഷിക്കിഷ്ടം.

തൽമൂദ് : എങ്കിൽ ഒന്നു നീയോർത്തോ. പുകഞ്ഞ കൊള്ളി പുറത്ത്. എന്റെ വാക്കു ധിക്കരിച്ചാൽ നിനക്കീ വീട്ടിൽ സ്ഥാനമില്ല. പിന്നെ, പ്രായപൂർത്തിയായ ഒരു പെണ്ണുള്ള വീടാണിത്. കുലടകളോടൊപ്പം കറങ്ങി നടക്കുന്ന നിന്നേക്കാൾ എനിക്കിപ്പോൾ വിശ്വാസം ആ അഭയാർത്ഥിച്ചെക്കനെത്തന്നെയാ.

റിഷി : തൃപ്തിയായി അപ്പാ. ഒരു അഭയാർത്ഥിയുടെ വിലപോലും നൽകാത്ത ഈ വീട്ടിൽ റിഷിയിനി നിൽക്കില്ല. എന്റെ പെങ്ങളെ ഞാനവളുടെ അപ്പന്റെ കയ്യിൽ വിട്ടിട്ട് പോകുന്നു. പക്ഷേ, പിതൃഗൃഹത്തിൽവച്ച് അവൾക്കെന്തെങ്കിലും അപമാനം സംഭവിച്ചാൽ റിഷി ഒരിക്കൽകൂടി വരും. അന്നു നിങ്ങളെനിക്ക് അപ്പനായിരിക്കില്ല; ഞാൻ നിങ്ങൾക്ക് മകനും. (റിഷി പോകുന്നു. ഗർഷോം കയറിവരുന്നു. രൂക്ഷമായി നോക്കുന്നു. അപ്പനെയും എമീമയെയും തിരിഞ്ഞ് നോക്കിയിട്ട്.)

ഗർഷോം : അയാൾ ദേഷ്യത്തിലായിരുന്നല്ലോ. സംസാരവിഷയം ഞാൻ തന്നെയായിരിക്കും അല്ലേ. തെരുവീഥിയിലും ആളുകളുടെ നോട്ടം അർത്ഥം വച്ചുകൊണ്ടുതന്നെ. ....അവരെയെന്തിനു പറയുന്നു. സമ്പൽസമൃദ്ധമായ പാരഡീസയ്ക്ക് ഞാൻ ഒറ്റയൊരുത്തൻ കാരണം യുദ്ധം ചെയ്യേണ്ടി വന്നില്ലേ.

തൽമൂദ് : കുതിരപ്പോരാളികളുടെ ദേശമാണ് പാരഡീസ. ഞാനിവിടുത്തെ ഗ്രാമത്തലവനും. ഗർഷോം, ഇവിടെ നിന്നെ സ്വീകരിച്ചതും, സംരക്ഷണം ഉറപ്പുതന്നതും ഞാനാണ്. ഈ വീട്ടിൽ നീ സുരക്ഷിതനായിരിക്കും.



malankaralibrary.com

ഗർഷോം : നന്ദി പറയേണ്ടതെങ്ങനെയെന്ന് എനിക്കറിയില്ല. സിഫില്ലയിലെ തടവറയിൽ ഞാനനുഭവിച്ച പീഡനങ്ങൾ, അപമാനങ്ങൾ, ഒടുവിൽ മരണശിക്ഷ. അമ്മയെപ്പോലെ വിലപ്പെട്ട ജന്മഭൂമി ഒരുവനെ കൈവെടിഞ്ഞാൽ പിന്നെയാരവനെ സ്വീകരിക്കും. പക്ഷേ നിങ്ങൾ അതിഥിയെപ്പോലെ എന്നെ സ്വീകരിച്ചു. സിഫില്ലയോട് യുദ്ധം ചെയ്ത് എന്നെ വീണ്ടെടുത്തു. ഇന്നെന്റെ ജീവനും അങ്ങയുടെ സ്വന്തമാണ്. (ഗ്രാമത്തലവനു മുന്നിൽ ഗർഷോം തലകുനിക്കുന്നു.)

തൽമൂദ് : ജനത്തിന്റെ വാക്കുകൾക്ക് നീ വില കല്പിക്കേണ്ട. അവർ കാറ്റ് പരത്തുന്ന മേഘങ്ങളാണ്. അധികാരത്തിന്റെ ശബ്ദത്തിന് അവ തലകുനിക്കുന്നു. പാരഡീസയുടെ അധികാരിനാമാണ്. എന്നാൽ ജനത്തെ വഴിതെറ്റിക്കുന്നതും നിനക്കെതിരെ അവരെ തിരിച്ചുവിടുന്നതും പാരഡീസയുടെ ആ പുരോഹിതനാണ്-കാലിബാൻ. എമീമാ, അപ്പന് യാത്രയ്ക്കു സമയമായി. നീ വേഗം കവാടത്തിലേക്കു വരൂ.

(രാജകീയ സംഗീതം അലയടിക്കുമ്പോൾ തൽമൂദ് പുറത്തേക്കു പോകുന്നു. കൂടെ എമീമയും. എമീമ തിരിഞ്ഞ് ഗർഷോമിനെ നോക്കുന്നു. എന്നിട്ട് മുഖം തിരിച്ചു പുറത്തേക്കുപോകുന്നു. രംഗത്ത് ഗർഷോം മാത്രം. ചിത്രത്തൂണിൽ ഒരു കൈചാരി നിൽക്കുന്ന ഗർഷോമിന്റെ മുഖത്തേക്ക് മാത്രം മുകളിൽ നിന്നും പ്രകാശം. എമീമ രംഗത്തെത്തുന്നതോടെ സംഗീതം നിലയ്ക്കുന്നു. രംഗം പ്രകാശിതമായിത്തുടങ്ങുന്നു.)

എമീമ : ഗർഷോം, എന്താണാലോചിച്ചുനിൽക്കുന്നത്?

ഗർഷോം : സിഫില്ലയിലെ തടവറയിൽ നിന്ന് പാരഡീസയുടെ അരമനയിലേക്ക് എന്നെ എത്തിച്ച ദിനങ്ങൾ ഞാനോർത്തുപോയി, എമീമ. നരിച്ചീറുകളും, കടവാവലുകളും നിറഞ്ഞ തടവറയിൽ നിന്ന് ഞാനിന്ന് പാരഡീസയുടെ രാജകുമാരിയോടൊപ്പം.

എമീമ : എന്നെ കളിയാക്കുകയാണോ? ഭരണചക്രം തിരിക്കുന്ന അപ്പന്റെ തിരക്കിട്ട ജീവിതത്തിനിടയിൽ ശരിക്കും ഏകാന്തത അനുഭവിച്ചത് ഞാനല്ലേ. ആ എനിക്ക്, ഇന്നു നിങ്ങളുടെ സാന്നിധ്യം എത്ര ശ്രേഷ്ഠമാണെന്നറിയാമോ?

ഗർഷോം : എമീമാ....

എമീമ : ഉറക്കമില്ലാത്ത രാത്രികളിൽ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കി, പലവട്ടം ഞാനൊരു കിനാവുകണ്ടി



malankaralibrary.com

ട്ടുണ്ട്. ഒരു ചാരക്കുതിരപ്പുറത്തു കയറി സുന്ദരനായ ഒരഭ യാർത്ഥി ഈ അരമനയുടെ വാതിൽക്കൽ വന്നിറങ്ങുന്ന ത്. അതു വെറും സ്വപ്നമായിരുന്നില്ല, ഗർഷോം. ആ മുഖം നിങ്ങളുടേതുപോലെ തന്നെയായിരുന്നു.

ഗർഷോം : ഏകാന്തത എത്ര ഭീകരമാണ്! എമീമ. രാജകീയ സുഖ ങ്ങൾക്കിടയിലും ഏകാന്തത നിന്നെ ദുഃഖിപ്പിക്കുന്നു. ജന്മ നാടുപോലും കൈവിട്ട ഞാനും തുല്യദുഃഖിതനാണ്. പക്ഷേ ഇന്നു നിന്റെ സാന്നിധ്യം എനിക്കു നൽകുക വലിയൊരു ഓർമ്മയാണ്. മുമ്പെങ്ങോ എന്നെ അഗാധമായി സ്നേഹിച്ച ആരുടെയോ ഓർമ്മ.

എമീമ : പാരഡീസയുടെ പുരോഹിതൻ പറയാറുണ്ട്, ഏകാന്തത യിലെ സാന്നിധ്യം ദൈവമാണെന്ന്. അങ്ങനെയെങ്കിൽ ഇന്നെന്റെ ദൈവം നിങ്ങളാണ്.

ഗർഷോം : സിഫില്ലായിലെ തടവറയിൽ എനിക്കൊപ്പം നീയൊരു തട വുപുള്ളിയായിരുന്നെങ്കിൽ ഞാൻ മരണത്തെപ്പോലും സന്തോഷത്തോടെ സ്വീകരിച്ചിരുന്നേനെ. എമീമ, നീയെന്തേ ഒരാണായിപ്പിറന്നില്ല. താഴ്വരകളിലും തെരുവീഥികളിലും സ്വതന്ത്രമായി നമുക്കൊരുമിച്ചു സഞ്ചരിക്കാൻ എന്നെ പ്പോലെ നീയും ഒരാണായിരുന്നെങ്കിൽ !

എമീമ : ഗർഷോം, ഒരു പെണ്ണായി പിറന്നതിൽ ഞാനിന്നു സന്തോ ഷിക്കുന്നു. കാരണം എനിക്കെന്റെ ഗർഷോമിനെ സ്നേഹി ക്കാമല്ലോ. ദുർബ്ബലയാണെങ്കിലും, ഏതു പുരുഷന്റെ വിജ യത്തിനുപിന്നിലും ഒരു സ്തീയുണ്ട്. അവൾ ദുഃഖിക്കു മ്പോൾ കരയുന്നു, പരിഭവം പറയുന്നു, ഒരു തുണയ്ക്കു വേണ്ടിയലയുന്നു. പക്ഷേ നിങ്ങൾ, ആണായി ജനിച്ചതിന്റെ പേരിൽ കരയാൻ പോലും കഴിയാതെ എല്ലാ ദുഃഖങ്ങളും ഉള്ളിലൊതുക്കുന്നു. പുരുഷന്മാരുടെ ദുഃഖങ്ങൾ ആരുമറി യുന്നില്ല.

ഗർഷോം : അർദ്ധനിമീലിതമായ നിന്റെ കണ്ണുകൾ പോലെതന്നെ നിന്റെ കാഴ്ചപ്പാടുകളും എത്ര ആർദ്രമാണ്.....എമീമ.

എമീമ : ഗർഷോം. (എമീമ ഗർഷോമിന്റെ മാറിലേക്കു ചായുന്നു. ഗർഷോം എമീമയുടെ കണ്ണു തുടയ്ക്കുന്നു. പിന്നിൽ നിന്ന് കാലിബാൻ വരുന്നു.)



malankaralibrary.com

കാലിബാൻ : എമീമ, ആകാശത്ത് നീലിമ, പതിവില്ലാത്ത ചാറ്റൽമഴ, പുഴയിലലയിളക്കം, മനസ്സിൽ ശങ്ക. എമീമ, ഇവനുമായി നിനക്കെന്താണു ബന്ധം?

എമീമ : അത്....ഗർഷോമിന്റെ ജീവിതത്തിലെ ദുഃഖങ്ങൾ എന്നോടു പങ്കുവെയ്ക്കുകയായിരുന്നു.

കാലിബാൻ : ദുഃഖങ്ങൾ പങ്കുവെയ്ക്കാൻ നിങ്ങൾക്കിടയിൽ സ്നേഹത്തിന്റെ ഏതു ബന്ധമാണുള്ളത്? പങ്കുവെയ്ക്കാൻ നിനക്കുമുണ്ടോ ദുഃഖങ്ങൾ?

ഗർഷോം : ദുഃഖങ്ങൾ കേൾക്കുന്നത് തൊഴിലാക്കിയവർ അന്ധരായി നിന്നാൽ ആരാണ് അന്യരെ തേടിപ്പോകാത്തത്. സ്നേഹത്തിന്റെ തീവ്രഭാവങ്ങളോട് പ്രതികരിക്കാൻ ശേഷിയില്ലാത്ത നിങ്ങളെപ്പോലുള്ളവർ വൈരാഗ്യത്തിന്റെ മൂടുപടമണിഞ്ഞു നിൽക്കുന്നത് ഞങ്ങളെപ്പോലുള്ള യുവാക്കൾക്കു നേരെ സ്നേഹത്തിന്റെ സ്വർഗ്ഗം കൊട്ടിയടയ്ക്കാനല്ലേ?

കാലിബാൻ : നീർച്ചാലുകൾ കുഴിച്ചു മൂടിയിട്ട് പൊട്ടക്കിണറുകൾ കുത്തുകയാണ് നിങ്ങൾ. പങ്കുവെയ്ക്കുമ്പോൾ പകുതിയാകുന്ന ദുഃഖങ്ങളേ പങ്കുവെയ്ക്കാവൂ. ഇരട്ടിയാകുന്ന ദുഃഖങ്ങൾ നിത്യനാശമുണ്ടാകും.

ഗർഷോം : എനിക്കു കേൾക്കണ്ട നിങ്ങളുടെ ഉപദേശം. മാത്രമല്ല, പണ്ടേ എനിക്കത് വെറുപ്പാണ്.

കാലിബാൻ : സത്യമാണ് നീ പറഞ്ഞത്. സാരോപദേശങ്ങൾക്ക് ചെവി കൊടുക്കാൻ നിനക്കാവില്ല. കാരണം നീ കുറ്റവാളിയാണ്.

എമീമ : അങ്ങെന്താണീ പറയുന്നത്? ഗർഷോമിനെ നാം യുദ്ധം ചെയ്ത് വീണ്ടെടുത്തതല്ലേ. ഇന്നീ നാടിന് ഗർഷോം അതിഥിയാണ്. അങ്ങനെയിരിക്കെ കുറ്റവാളിയെന്നു വിളിച്ചധിക്ഷേപിക്കുന്നത് മോശമല്ലേ?

കാലിബാൻ : എമീമ, ദൈവനിയമങ്ങൾക്കും മനുഷ്യനിയമങ്ങൾക്കും നേരെ കണ്ണടച്ച് മനുഷ്യമനഃസാക്ഷിയെ കബളിപ്പിച്ച നിന്റെ അപ്പന്റെ പാപത്തിന് നീ കൂട്ടുനിൽക്കരുത്. വീടൊരു ക്ഷേത്രമാണ്. രാജ്യവും. സമഭാവനയുടെ പേരിൽ കുറ്റവാളിക്കു കിടക്ക വിരിച്ചാൽ ക്ഷേത്രം സത്രമായി മാറുമെന്നു നീ മറക്കണ്ട.



malankaralibrary.com

ഗർഷോം : നിർത്തൂ നിങ്ങളുടെ വാഗ്വിലാസം. മനുഷ്യമനസ്സുകളിൽ ജ്വലിച്ചിരുന്ന ജീവശക്തിയെ ദൈവമെന്ന മൂഢസങ്കല്പം നൽകി അടിച്ചമർത്തിയിരിക്കുന്ന പുരോഹിതാ, കാലമീ ചങ്ങലകൾപ്പൊട്ടിച്ചു പുറത്തുവന്നാൽ അഭയാർത്ഥിയാ കേണ്ടി വരുക നിങ്ങളായിരിക്കും. പാരഡീസയുടെ താഴി കക്കുടത്തിനു താഴെ ഒരഭയാർത്ഥിയെപ്പോലെ നിങ്ങൾ ലജ്ജിച്ചുനിൽക്കുന്ന കാലം വിദൂരമല്ല. (കാലിബാൻ നിശ്ചല നായി നിൽക്കുന്നു)

(ഗർഷോമും, എമീമയും അകത്തേക്കു പോകുന്നു. കാലിബാൻ രംഗത്തു നടുവിൽ. സംഗീതം അലയടിക്കുന്നു. രംഗം ഇരുളുന്നു. ഒരു റാന്തൽ വിളക്കുമായി എമീമ വരുന്നതോടെ മെല്ലെ പ്രകാശിതമാകുന്നു. എമീമ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തിലേക്കു നോക്കി നിൽക്കുന്നു.)

തൽമൂദ് : എമീമ, എന്താ എന്റെ മകളുടെ മുഖത്തൊരു വാട്ടം.

എമീമ : ഒന്നുമില്ല അപ്പാ, ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കി വെറുതെയൊന്നു നിന്നതാ.

തൽമൂദ് : അതല്ല.....എന്റെ മകളുടെ മനസ്സിൽ എന്തോ ഉണ്ട്. നിന്റെ അമ്മയുമിങ്ങനെയായിരുന്നു. എന്തെങ്കിലും വിഷമം വന്നാൽ നക്ഷത്രങ്ങളെ നോക്കി അങ്ങനെയിരിക്കും. എന്താണേലും നീ അപ്പനോടു പറ.

എമീമ : അപ്പാ, ഇന്ന് ബാവയിവിടെ വന്നിരുന്നു. ഗർഷോമിനെ അപ്പൻ സ്വീകരിച്ചതിനെ ചൊല്ലി ഒത്തിരി ശകാരങ്ങൾ പറഞ്ഞു.

തൽമൂദ് : മോളെ, അയാളൊരു പുരോഹിതനാണ്. ജനത്തിനിടയിൽ അയാൾക്കുള്ള സ്ഥാനം കണക്കിലെടുത്താണ് ഞാനിതുവരെ ക്ഷമിച്ചത്. ഭരണകൂടത്തിനെതിരെ ജനത്തെ തിരിച്ചുവിടുന്ന ആ പുരോഹിതനോട് ഇനിയും അധികകാലം ക്ഷമിക്കുക വയ്യ. അധികമായാൽ ആ നാവു ഞാൻ പിഴുതെടുക്കും. എമീമാ, ഗർഷോം എവിടെ?

എമീമ : വൈകുന്നേരം ഗാദിന്റെ കൂടെ താഴ്വാരത്തിലേക്ക് പോയതാ.

തൽമൂദ് : കൊള്ളാം. രണ്ടുപേരും ഇപ്പോഴും കളിക്കൂട്ടുകാരാണെന്നാ ഭാവം. ദിവസം മുഴുവൻ അവരൊരുമിച്ചാണ്. ഗാദിന്റെ കൂടെ ചേർന്നേപ്പിന്നെ ഗർഷോമിപ്പോഴൊരു തനി പാരഡീസയനായി.`അല്ലേ മോളേ.



malankaralibrary.com

എമീമ : ഗർഷോമിനെ കുറച്ചുകൂടി ഈ ദേശക്കാരനാക്കികൂടെ അപ്പാ?

തൽമൂദ് : മോളേ, നീ പറഞ്ഞുതരുന്നത്.

എമീമ : അപ്പാ....അത് ഗർഷോമിനെ എനിക്ക് സ്വന്തമായിത്തന്നുകൂടെ... (ഒരു നിമിഷം തൽമൂദ് നിശ്ചലനായി നിൽക്കുന്നു. ശേഷം അകത്തേക്ക് പെട്ടെന്നു പോകുന്നു. എമീമ അമ്പരന്നു നില്ക്കുന്നു. തിരിച്ചുവരുമ്പോൾ കൈയിൽ വലിയൊരു ചെപ്പ്. അതിൽ നിന്നും ആഭരണങ്ങൾ അണിയിക്കുന്നു.)

തൽമൂദ് : എമീമ, നിന്റെ ഏതാഗ്രഹത്തിനാണ് ഈ അപ്പൻ എതിരു നിന്നിട്ടുള്ളത്. അവൻ ഈ വീടിനുകൂടി സ്വന്തമാകണമെന്നത് എന്റെ കൂടി മോഹമായിരുന്നു. നിങ്ങൾക്കിടയിൽ പ്രണയം തളിരിടുന്നതുകണ്ട് ഈ അപ്പൻ ഉള്ളിൽ സന്തോഷിക്കുന്നുണ്ടായിരുന്നു മോളേ.

എമീമ : അപ്പാ....(രംഗത്ത് നടുവിൽ രണ്ടുപേരും ആശ്ലേഷിച്ചു നിൽക്കുമ്പോൾ കുതിരവണ്ടിയുടെ ശബ്ദം.)

തൽമൂദ് : അവൻ വരുന്നുണ്ട്. ഈ സന്തോഷവർത്തമാനം നീ തന്നെ അവനെ അറിയിക്ക്.

(കുതിരവണ്ടി നിൽക്കുന്നു. വാതിൽക്കൽ നിന്നുകൊണ്ട് ഗർഷോം ഗാദിനെ യാത്രയാക്കുന്നു.)

ഗർഷോം : ഗാദ്.....നാളെ ജിപ്സിത്തെരുവിൽ വെച്ച് കാണാം.

എമീമ : ഗർഷോം.....ഞാൻ കാത്തിരിക്കുകയായിരുന്നു.

ഗർഷോം : എന്താ.....എമീമ വിശേഷിച്ച്?

എമീമ : ഒരു സന്തോഷ വാർത്ത അറിയിക്കാനുണ്ട്.

ഗർഷോം : ശരി. വേഗം പറ കേൾക്കട്ടെ.

എമീമ : പാരഡീസയുടെ തലവൻ ഈ രാജകുമാരിയുടെ വിവാഹം നിശ്ചയിച്ചു.

ഗർഷോം : സത്യമോ, ആരാണ് മണവാളൻ?

എമീമ : ഒരു കള്ളത്തിരുമാലിയാ.

ഗർഷോം : ഹഹ നല്ല തമാശ. രാജകുമാരിക്ക് മണവാളൻ കള്ളൻ.



malankaralibrary.com

എമീമ : ഗർഷോം കളി കള. ഞാൻ സത്യമായിട്ടു പറയുവാ...നമ്മുടെ വിവാഹത്തിന് അപ്പൻ സമ്മതിച്ചു.

(ഗർഷോം ഞെട്ടുന്നു....പശ്ചാത്തലത്തിൽ ഇടിവെട്ടുന്ന ശബ്ദം)

ഗർഷോം : എമീമ, നീ നീയെന്താ പറഞ്ഞത് നമ്മുടെ വിവാഹമോ?

എമീമ : എന്താ വിശ്വാസമായില്ലേ....ഇതാ കണ്ടില്ലേ. അപ്പനണിയിച്ച ആഭരണങ്ങൾ.

ഗർഷോം : എമീമ, ഈ വിവാഹം നടക്കില്ല.

എമീമ : ഗർഷോം, നിങ്ങളെന്തായി പറയുന്നത്. നിങ്ങളെന്നെ സ്നേഹിച്ചിരുന്നില്ലേ?

ഗർഷോം : സ്നേഹിച്ചിരുന്നു. പക്ഷേ നീ വിചാരിക്കും പോലെ.

എമീമ : ഗർഷോം നിങ്ങളെന്നെ ഒഴിവാക്കാൻ ശ്രമിക്കുകയാ.... ഗർഷോം എമീമയെ സ്നേഹിച്ചിരുന്നു.

ഗർഷോം : എമീമ, നീ ഞാൻ പറയുന്നതുതൊന്നു കേൾക്കൂ....ഞാൻ നിന്നെ സ്നേഹിച്ചു. പക്ഷേ, അപ്പോഴെല്ലാം നിന്നിലൂടെ ഞാനൊരാളെ സ്നേഹിക്കുകയായിരുന്നു. ഒരിക്കലും വേർപ്പെടുത്താനാവാത്തവിധം ഞാനൊരാളെ സ്നേഹിച്ചു പോയി. ഞങ്ങൾക്കിനി വേർപിരിയാനാവില്ല.

എമീമ : എനിക്കൊന്നും മനസ്സിലാകുന്നില്ല.

ഗർഷോം : സത്യമാണു ഞാൻ പറഞ്ഞത്.

എമീമ : എങ്കിൽ.....എങ്കിൽ പറയൂ ആരാണത്?

ഗർഷോം : അത്...

എമീമ : ഈ ദേശത്തുള്ളതാണോ?

ഗർഷോം : അതേ.

എമീമ : എങ്കിൽ ആരാണെങ്കിലും പറയൂ.

ഗർഷോം : അത്...ഇപ്പോഴിവിടുന്നിറങ്ങിപ്പോയ ഗാദ് തന്നെ.

എമീമ : എന്ത്? എന്തായീപ്പറയുന്നത്. അവൻ.....അവനൊരു ആണല്ലേ....

ഗർഷോം : ആണിനെന്താ ആണിനെ സ്നേഹിക്കാൻ പാടില്ലെന്നുണ്ടോ?



malankaralibrary.com

എമീമ : ഗർഷോം, നിങ്ങളെന്നെ ഭ്രാന്തു പിടിപ്പിക്കുന്നു.

ഗർഷോം : എമീമ, നീയെന്നെ വെറുക്കരുത്. ഇനി ഞാനൊരു സത്യം പറയാം. ഞാൻ നീ വിചാരിക്കുന്ന ആളേയല്ല. നീ ആഗ്രഹിക്കുന്നതുപോലെ നിന്നെ സ്നേഹിക്കാൻ എനിക്കാവില്ല. ഞാനാരാണെന്നറിഞ്ഞാൽ നീയെന്നെ വെറുക്കും.

എമീമ : ഇല്ല, ഗർഷോമിനെ വെറുക്കാൻ എമീമക്കാവില്ല.

ഗർഷോം : എമീമാ, നിനക്കൊന്നുമറിയില്ല. നിനക്ക് എന്നെപ്പറ്റിയെന്തറിയാം. സിഫില്ലയിൽ വെച്ച് സ്വവർഗ്ഗത്തിൽപ്പെട്ട ഒരുവനെ സ്നേഹിച്ചുപോയതിന്റെ പേരിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവനാണു ഞാൻ. ഇവിടെ വന്നപ്പോൾ ഗാദിനെയും പിരിയാനാവാത്തവിധം ഞാൻ സ്നേഹിച്ചുപോയി. ഒരു പെണ്ണായ നിന്നെ സ്നേഹിക്കാൻ ഒരിക്കലും എനിക്ക് കഴിയില്ല.

(തൽമൂദ് എല്ലാം കേട്ടുകൊണ്ട് ഇറങ്ങിവരുന്നു.)

തൽമൂദ് : ദ്രോഹീ, എന്നിട്ട് നീയെന്തിനിത് ഞങ്ങളിൽ നിന്ന് മറച്ചുവച്ചു?

ഗർഷോം : സ്വവർഗ്ഗാനുരാഗിയെന്ന് മുദ്രകുത്തി സിഫില്ലയിലെ ജനങ്ങൾ ഒരു മൃഗത്തോട് എന്നപോലെയാണ് എനനോട് പെരുമാറിയത്. എന്നോട് നിങ്ങളറിഞ്ഞാൽ ഇവിടെയും എനിക്കാഗതിവരുമെന്ന് ഞാൻ ഭയന്നു. ശരീരത്തിന്റെ മോഹങ്ങൾ എനിക്കുമാത്രം നിഷേധിക്കാൻ ഇനിയാരെയും അനുവദിക്കില്ലെന്ന് ഞാനുറച്ചു. അതുകൊണ്ടു തന്നെയാണ് നിങ്ങളുടെ മുൻപിലും ഞാനാസത്യം മറച്ചുവച്ചത്.

തൽമൂദ് : ഇല്ല....നീ ചതിയനാണ്. പുരോഹിതന്റെ വാക്കുപോലും ധിക്കരിച്ച് നിനക്ക് അഭയം നൽകിയ എന്നെ നീ ജനത്തിനു മുന്നിൽ അപഹാസ്യനാക്കിത്തീർത്തു. ഇല്ല...ഇനി നീ ജീവിച്ചിരിക്കാൻ പാടില്ല. (തൽമൂദ് വാളെടുക്കുന്നു. ഗർഷോം കഠാര വലിച്ചൂരുന്നു. എമീമയെ കടന്നുപിടിക്കുന്നു)

ഗർഷോം : തൊട്ടുപോകരുതെന്നെ. ഇനി ഒരടിവച്ചാൽ ഇവൾ ജീവനോടെ ഉണ്ടാകില്ല. വെറുക്കപ്പെട്ടവനെന്ന വിളികേട്ട് ഞാൻ മടുത്തു. പക്ഷേ നിങ്ങളൊക്കെ ഒന്നു മനസ്സിലാക്കണം. ആണിന് പെണ്ണിനെയും പെണ്ണിന് ആണിനെയും മാത്രമേ



malankaralibrary.com

സ്നേഹിക്കാൻ കഴിയൂ എന്ന നിങ്ങളുടെ ചിന്ത മൗഢ്യമാണ്. ഒരിക്കൽ നിങ്ങൾ സ്നേഹപൂർവ്വം സ്വീകരിച്ച ഈ നാട്ടിൽ നിന്ന് ഞാനിനി പോകില്ല. പാരഡീസയിലെ മൗലികവാദികൾക്ക് മുന്നിൽ ഗാദും ഞാനും വിവാഹിതരായിത്തന്നെ ഈ നാട്ടിൽ കഴിയും. അതിനാരെങ്കിലും എതിരുനിന്നാൽ നിയമാനുവാദം തന്ന് നിങ്ങൾതന്നെ ഞങ്ങളെ സംരക്ഷിക്കും. നിങ്ങളെക്കൊണ്ട് അതു ഞാൻ ചെയ്യിപ്പിക്കും. (എമീമയെ മുന്നിലേക്ക് വലിച്ചിട്ട് ഗർഷോം പുറത്തേക്കു പോകുന്നു)

(എമീമ അരണ്ട വെളിച്ചത്തിൽ. കഴിഞ്ഞുപോയ ഓരോന്നും അവളുടെ മനസ്സിലൂടെ കടന്നുപോകുന്നു. ഗർഷോമിനെ കാണുന്നു. ഓടിച്ചെല്ലുമ്പോൾ മായുന്നു. തൽമൂദ് കടന്നുവരുന്നു.)

തൽമൂദ് : മോളേ....

എമീമ : അപ്പാ....

തൽമൂദ് : എന്റെ മകളുടെ മനസ്സു നീറുന്നതു കണ്ടിട്ട് ഈ അപ്പനു സഹിക്കാനാവുന്നില്ല മോളേ...

എമീമ : ഞാനെല്ലാം മറക്കാൻ ശ്രമിക്കുകയാണപ്പാ.

തൽമൂദ് : എമീമ, ഈ അപ്പനു നീ മാപ്പു തരൂ മോളേ. എല്ലാത്തിനും ഉത്തരവാദി ഈ ഞാനാണ്. അഭയാർത്ഥിക്ക് അഭയംകൊടുത്ത് സൽപ്പേരു നിലനിർത്താൻ ശ്രമിച്ചപ്പോൾ നന്മതിന്മകളെക്കുറിച്ച് ഞാൻ ചിന്തിച്ചില്ല, പാരഡീസയുടെ ഭാവിയെപ്പറ്റി ചിന്തിച്ചില്ല. നിന്നെ പറഞ്ഞു മോഹിപ്പിച്ച ഈ അപ്പനോട് നിനക്ക് ദേഷ്യമുണ്ടോ മോളേ?

എമീമ : ഇല്ലപ്പാ, ഒരു കുറ്റവാളിയെ അവൻ ചെയ്ത തെറ്റെന്താണെന്നറിയാതെ ഞാൻ സ്നേഹിക്കരുതായിരുന്നു.

തൽമൂദ് : അവനാരാണെന്ന് ജനമറിഞ്ഞാൽ അവർ എന്നെ കാർക്കിച്ചുതുപ്പും. പാരഡീസ തൽമൂദിനെ വെറുക്കും. സത്യമറിഞ്ഞ ആ നിമിഷം ഞാനവനെ ഇല്ലാതാക്കേണ്ടിയിരുന്നു. പക്ഷേ നിന്റെ മുമ്പിൽ വച്ചതു ചെയ്യാൻ എനിക്കു കഴിഞ്ഞില്ല. കാരണം നീയവനെ എത്രമാത്രം സ്നേഹിച്ചുവെന്ന് എനിക്കറിയാം.

എമീമ : ഇല്ലപ്പാ, എനിക്കെന്റെ അപ്പന്റെ അഭിമാനമാണ് വലുത്. എങ്ങനെയും അപ്പനത് നിലനിർത്തണം. അതിനയാളൊരു



malankaralibrary.com

തടസ്സമാണെങ്കിൽ അപ്പനയാളെ കൊന്നുകളഞ്ഞേക്കൂ. (കരയുന്നു)

തൽമൂദ് : മോളേ....

എമീമ : അതേ അപ്പാ, അപ്പന്റെ എമീമ തന്നെയായിതു പറയുന്നത്. (എമീമ അകത്തേക്ക് പോകുന്നു. തൽമൂദ് ചിന്താനിമഗ്നനായി നിൽക്കുന്നു. രംഗത്തേക്ക് കാലിബാൻ കടന്നുവരുന്നു.)

തൽമൂദ് : ബാവാ, നിങ്ങൾ?

കാലിബാൻ : അതേ, ബാവ എല്ലാമറിഞ്ഞുകഴിഞ്ഞു. കുതിരപ്പാളയത്തിലും വാർത്ത പടർന്നുകഴിഞ്ഞു. തൽമൂദ്, വരുത്തി വച്ച വിനകളോർത്തു ദുഃഖിക്കേണ്ട സമയമല്ലിത്. കർമ്മനിരതനായി തലമുറയോടു മാപ്പു പറഞ്ഞ് വരും വിപത്തിൽനിന്നു പാരഡീസയെ രക്ഷിക്കണം.

തൽമൂദ് : ബാവാ, പുരോഹിതനായ നിങ്ങൾ ജയിച്ചു. പാരഡീസയെക്കുറിച്ചുള്ള നിങ്ങളുടെ ദർശനങ്ങൾ ശരിയായിരുന്നുവെന്നു ലോകം വിധിക്കാൻ പോകുന്നു. കത്തിച്ചുകളഞ്ഞ നിങ്ങളുടെ വേദശാസനകൾ ഇന്നെന്നെ നോക്കി പരിഹസിക്കുന്നു.

കാലിബാൻ : പറഞ്ഞു ജയിക്കുവാനും വാദിച്ചു തോൽപ്പിക്കാനുമല്ല ഈ പുരോഹിതൻ വന്നത്. പ്രബുദ്ധനാക്കാനും, വഴി കാണിക്കാനുമാണ്. എന്റെ വാക്കുകളെ ധിക്കരിച്ചതിനെക്കുറിച്ചു ചിന്തിക്കേണ്ട. വരാൻ പോകുന്ന മഹാവിപത്തിൽനിന്ന് പാരഡീസയെ രക്ഷിക്കാൻ നാമൊന്നിച്ചേ പറ്റൂ.

തൽമൂദ് : പാരഡീസയ്ക്കുവേണ്ടി ഞാനെന്തുചെയ്യണമെന്നാണ് അങ്ങു പറയുന്നത്?

കാലിബാൻ : ഈ മണ്ണിൽ സ്വവർഗ്ഗവിവാഹം നടക്കാൻ പാടില്ല. സിഫില്ലയോട് സന്ധിസംഭാഷണം നടത്തി കുറ്റവാളിയെ വിട്ടുകൊടുക്കുക. യുദ്ധത്തിൽ പിടിച്ചെടുത്തവ രണ്ടുമടങ്ങായി തിരിച്ചുകൊടുക്കുക. അജ്ഞതയാൽ വരുത്തിവച്ച മഹാവിപത്തിനെ തുടച്ചുനീക്കാൻ ഈ പരിഹാരകൃത്യങ്ങൾ ധാരാളം മതി.



malankaralibrary.com

തൽമൂദ് : ഇല്ലാ.....പാരഡീസയുടെ തലവൻ മാപ്പുപറയാനോ? ലോകത്തിനുമുമ്പിൽ നേടിയെടുത്ത യുദ്ധവിജയത്തിനു കളങ്കം ചാർത്തി അഭയാർത്ഥിയെ തിരിച്ചുകൊടുക്കാനോ.... സാധ്യമല്ല.

കാലിബാൻ : സ്വാർത്ഥപരമായി ചിന്തിക്കേണ്ട സമയമല്ലിത്. താത്ക്കാലികമായുണ്ടാകുന്ന മാനക്കേടോർത്ത് ഇന്നിതു ചെയ്തില്ലെങ്കിൽ തലമുറകൾക്കു മുന്നിൽ നിങ്ങളെന്നും അപരാധിയായിരിക്കും. വരുംലോകം നിങ്ങളെ പഴിക്കും.

തൽമൂദ് : ഇല്ല....ലോകത്തിനുമുമ്പിൽ വിഡ്ഢിയാകാൻ ഈ തൽമൂദിനു മനസ്സില്ല. തെറ്റുപറ്റിയതെനിക്കാണെങ്കിൽ ഞാനതു തിരുത്തും. തെറ്റിനെ തെറ്റുകൊണ്ടുതന്നെ. അടുത്ത അമാവാസിയിൽ ഗർഷോമും, ഗാദും തമ്മിലുള്ള വിവാഹം. ആണും, പെണ്ണും തമ്മിലുള്ള വിവാഹം കണ്ടുമടുത്ത പാരഡീസിയൻ ദേശക്കാർക്ക് തൽമൂദ് ഒന്നാമന്റെ നിയമാനുവാദം-സ്വവർഗ്ഗവിവാഹം.

കാലിബാൻ : തൽമൂദ്, തെറ്റിൽ നിന്നും തെറ്റിലേക്കാണ് നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്.

തൽമൂദ് : ബാവാ, നിങ്ങൾക്കുപോകാം. എന്റെ വാക്കുകൾക്കു മാറ്റമില്ല. സ്വവർഗ്ഗവിവാഹം നടക്കുക തന്നെ ചെയ്യും. പുതുമകളെ കൈനീട്ടി സ്വീകരിക്കുന്ന യുവത്വം ഈ അനുവാദം ആഘോഷിക്കും.

കാലിബാൻ : നിൽക്കൂ, തിരഞ്ഞെടുത്ത തെറ്റിൽ നിങ്ങൾ ഉറച്ചുനിൽക്കുകയാണെങ്കിൽ ഒന്നുകൂടെ കേട്ടുകൊള്ളുക. പാരഡീസയുടെ ഭരണകൂടത്തിനുവേണ്ടി ഇനി ഒരിക്കൽ കൂടി ഞാനൊരു വേദശാസനം എഴുതില്ല. ദാ....ഈ എഴുത്ത് ദണ്ഡ് നിങ്ങൾ തന്നെ എടുത്തുകൊള്ളൂ.....(തൽമൂദ് എഴുത്തുദണ്ഡു വാങ്ങിയശേഷം പുച്ഛത്തോടെ ഒടിക്കുന്നു) പക്ഷേ, ഒന്നു നിങ്ങളോർത്തോ, ദൈവത്തിലും നന്മയിലും വിശ്വസിക്കുന്നവർ പാരഡീസയിലുണ്ടെങ്കിൽ അന്യനാട്ടിലേക്ക് അവർ ഓടിപ്പോകും. അഭയാർത്ഥി സ്വീകരണത്തിൽ പേരുകേട്ട പാരഡീസയ്ക്ക് അതൊരപവാദമായിരിക്കും.



malankaralibrary.com

തൽമൂദ് : ഹേ പുരോഹിത, രാജ്യനിയമങ്ങളോട് സഹകരിക്കാൻ നിങ്ങൾക്കാവില്ലെങ്കിൽ പ്രതിഷേധത്തിന്റെ മുരടനക്കാതെ നിങ്ങൾക്കു പോകാം. പാരഡീസയുടെ ഭരണകൂടത്തിന് ഇനിയൊരു പുരോഹിതൻ വേണ്ട...

(തൽമൂദ് അകത്തേക്കു പോകുന്നു. നടുവിൽ കാലിബാൻ തനിച്ച് നിൽക്കുന്നു. ഒടിഞ്ഞുപോയ വേദങ്ണ്ഡ് എടുത്തുപിടിച്ചുകൊണ്ട്.)

കാലിബാൻ : ഇല്ല, ഈ മണ്ണുവിട്ടു പോകാൻ എനിക്കവകാശമില്ല. പാരഡീസയുടെ രക്ഷ. എന്റെ നിയോഗമാണ്. നന്മയുടെ പുലരിവിടരുവോളം ഈ അരമനയുടെ വാതിൽക്കൽ കാലിബാൻ കാത്തിരിക്കും, അഭയാർത്ഥിയെപ്പോലെ.

(കാലിബാൻ ഒരു വശത്തേക്കു പോയി ഇരിക്കുന്നു. പശ്ചാത്തലത്തിൽ ശോകസംഗീതത്തെ കീറി മുറിച്ചുകൊണ്ട് ഒരു കുതിരവണ്ടി പാത്തുവരുന്നു. രംഗം സംഘർഷപൂർണ്ണമാകുന്നു. റിഷി ദേഷ്യത്തോടെ കടന്നുവരുന്നു.)

കാലിബാൻ : റിഷി.....നീ?

തൽമൂദ് : നിൽക്കവിടെ..എന്നെ ധിക്കരിച്ച് ഇറങ്ങിപ്പോയിട്ട് ഇപ്പോൾ എന്തിനിങ്ങോട്ടു വന്നു?

റിഷി : മാറി നിൽക്കാൻ. ഒരിക്കൽ ഞാൻ പറഞ്ഞു, ഇനി എന്നെ വരുത്തിക്കരുതെന്ന് (അകത്തേക്കു പോയി ഉടവാളുമായി തിരിച്ചുവരുന്നു)

തൽമൂദ് : റിഷി, പൂർവ്വികരുടെ ഉടവാളാണത്. നിനക്കതെടുക്കാൻ അധികാരമില്ല. തിരിച്ചുവയ്ക്കത്.

റിഷി : അധികാരത്തെക്കുറിച്ച് ഇനി മിണ്ടിപ്പോകരുത്. (ഒടിഞ്ഞ വേദദണ്ഡെടുക്കുന്നു) അധികാരത്തെ ജനം മറുതലിക്കുമ്പോൾ അധികാരം ദൈവദത്തമാണെന്ന് അവരെ പഠിപ്പിക്കുന്ന പുരോഹിതന്റെ വേദദണ്ഡ് ഒടിഞ്ഞുകഴിഞ്ഞു. ഇനിയീ നാട്ടിൽ രാജാധികാരത്തെ ആരും മാനിക്കില്ല.

തൽമൂദ് : റിഷീ, ഞാനാണു പറയുന്നത്, ഉടവാൾ ഇവിടെ തരാൻ.

റിഷി : വേണ്ട, എന്നെ തടയാൻ നിന്നാൽ പൂർവ്വികരുടെ ഉടവാളുകൊണ്ട് നിങ്ങളെ ഞാൻ കൊല്ലും. (കഴുത്തിന് നേരെ പിടിക്കുന്നു) ഈ ജനത്തോട് നിങ്ങൾ ചെയ്ത തെറ്റ് എനിക്കു തിരുത്തണം. പാരഡീസയുടെ ആ ശാപമൃഗത്തെ-ഗർഷോമിനെ ഞാനിന്നു വെട്ടിനുറുക്കും.



malankaralibrary.com

കാലിബാൻ : മോനേ റിഷീ, അരുത് പൂർവ്വികരുടെ ഉടവാളുകൊണ്ട് നര ഹത്യ ചെയ്ത് നീ ശാപം വരുത്തി വയ്ക്കരുത്.

റിഷി : രാജാധികാരത്തെ സംരക്ഷിക്കാൻ അങ്ങിനി സംസാരിക്കേണ്ടതില്ല. പൗരോഹിത്യവും, ധർമ്മപീഠവും തകർക്കപ്പെട്ട നാട്ടിൽ ഇനി ശരിയും തെറ്റും തീരുമാനിക്കുന്നത് വ്യക്തികൾ (ദ്രുതതാളത്തോടെ രംഗം ചുവക്കുന്നു. പ്രകാശിതമാകുമ്പോൾ റിഷി പുറത്തേക്കു പോകുന്നു.)

കാലിബാൻ : തൽമൂദ്, പാരഡീസയുടെ സംസ്കൃതിയെ സാക്ഷിയാക്കി ഒരിക്കൽക്കൂടി ഞാൻ പറയുന്നു. പൂർവ്വികരുടെ ഉടവാളിൽ രക്തം പുരളാൻ അനുവദിക്കരുത്. അവനെ എങ്ങനെയും തടയണം.

തൽമൂദ് : ഇല്ല, അവനെ ഞാൻ തടയില്ല. അവൻ പോയി വരട്ടെ. എന്റെ നിയമത്തിന് അവനൊരു തെളിവാകും.....പൂർവ്വികരുടെ ഉടവാളുമായി പോയവനാണ് തിരിച്ചുവരുന്നതെങ്കിൽ പൂർവ്വികർ ജയിച്ചു. ഈ തൽമൂദ് തോറ്റു. മറിച്ച് ഗർഷോമാണ് വരുന്നതെങ്കിൽ പാരഡീസയുടെ പൂർവ്വികരും, അവയുടെ മൂല്യശ്രേണികളും തോറ്റു. യഥാർത്ഥവിജയം ഈ തൽമൂദിന് സ്വന്തം (കാലിബാൻ ഞെട്ടിത്തരിച്ചു നിൽക്കുന്നു. വെട്ടം നടുവിൽ നിൽക്കുന്ന തൽമൂദിന്റെ മുഖത്തേക്ക് സംഘർഷഭരിതമായ അന്തരീക്ഷം. കുതിരപ്പടയാളികളുടെ ആരവം. മെല്ലെ വെട്ടം വീഴുമ്പോൾ ആദ്യത്തെ രംഗം. ഡയാന സംസാരം ആരംഭിക്കുന്നു.)

ഡയാന : ബാവാ എന്നിട്ടെന്തുണ്ടായി?

കാലിബാൻ : അതൊരു ദുരന്തത്തിന്റെ ആരംഭമായിരുന്നു. പൂർവ്വികരുടെ ഉടവാളുമായിപ്പോയ റിഷിയെ ഗർഷോമും ഗാദും ചേർന്ന് കൊലപ്പെടുത്തി. തൽമൂദിന്റെ മനസ്സുമാറിയില്ല. പൂർവ്വികരുടെ ഉടവാളുമായി ഗർഷോം തിരിച്ചുവന്നപ്പോൾ അത് തന്റെ വിജയമായി അയാൾ ആഘോഷിച്ചു.

ഡോൺ : സ്വവർഗ്ഗവിവാഹം?

കാലിബാൻ : നടക്കുക തന്നെ ചെയ്തു. അമാവാസി നാളിൽ ഗർഷോമും ഗാദും വിവാഹിതരായി. പാരഡീസയിലെ കുടുംബബന്ധങ്ങൾ തകർന്നു. സൗഹൃദങ്ങൾ മലിനമായി. ആചാര



malankaralibrary.com

ങ്ങളും വിശ്വാസങ്ങളും തകർന്നു. യുവാക്കളിൽ വളരെപ്പേർ അജ്ഞാതരോഗികളായി. ജീവിതത്തെയും ദൈവത്തെയും സ്നേഹിച്ചവർ സിഫില്ലയിലേക്ക് കുടിയേറി.

ഡോൺ : അങ്ങ് എന്തേ അവരോടൊപ്പം പോയില്ല?

കാലിബാൻ : പാരഡീസയുടെ പുരോഹിതനാണു ഞാൻ. തിന്മ പ്രബലമാകുന്ന ലോകത്തിൽനിന്ന് ഒളിച്ചോടേണ്ടവനല്ല പുരോഹിതൻ. നന്മയുടെ പുലരിക്കായി അവൻ കാലാതിർത്തിയോളം കാത്തിരിക്കണം; അന്യസ്ഥലത്ത് ഒരഭയാർത്ഥിയെപ്പോലെ.

ഡോൺ : നന്മയുടെ പുലരി. അതെങ്ങനെ ഇനി പാരഡീസയ്ക്കുണ്ടാകും?

കാലിബാൻ : ഉണ്ടാകും. അതിന് കടൽകടന്നുവന്ന നിങ്ങളുടെ സംഘം ഇവിടെ കുടിയേറിപ്പാർക്കണം. നിങ്ങളുടെ കുടുംബജീവിതം ഇവിടെയാരംഭിക്കുമ്പോൾ മനുഷ്യത്വം മരവിച്ച പാരഡീസയിൽ സ്നേഹത്തിന്റെ പൂക്കൾ വിരിയും. മണ്ണിൽ ജീവന്റെ പുതിയ വിത്തുകൾ വിതച്ചു തുടങ്ങുമ്പോഴേയ്ക്കും ദൈവസാന്നിധ്യത്തിന്റെ മഴയുമെത്തും. നിങ്ങളുടെ കുഞ്ഞിന്റെ കരച്ചിൽ ഈ ദേശത്തിന്റെ ഹൃദയത്തുടിപ്പുകളെ തൊട്ടുണർത്തും. ദൈവികഛായയിൽ മക്കൾ ജനിക്കുന്നതോടെ പാരഡീസ പഴയ സമൃദ്ധി വീണ്ടെടുക്കും.

ഡോൺ : പാരഡീസയുടെ പുലരി വീണ്ടെടുക്കുന്ന ഞങ്ങളുടെ മകന് എന്താണ് പേരിടേണ്ടതെന്ന് അങ്ങുതന്നെ പറഞ്ഞാലും.

കാലിബാൻ : അവനിടാൻ ഒരു പേരേയുള്ളൂ.....ഗർഷോം.

(കാലിബാൻ മുകളിലത്തെ പടിയിൽ നിന്നുകൊണ്ട് ഡോണിനെയും സംഘത്തെയും അനുഗ്രഹിക്കുന്നു. ശുഭസൂചകമായ ഗീതത്തിന്റെ ഈരടിയിൽ കർട്ടൻ മെല്ലെത്താഴുന്നു.

✻



malankaralibrary.com



MALANKARA
LIBRARY

malankaralibrary.com



ക്രിസ്തീയമൂല്യങ്ങളും തിരുവചനസന്ദേശങ്ങളും സഭയിലും സമൂഹത്തിലും കലയിലൂടെ അവതരിപ്പിക്കാൻ കുട്ടികൾക്കും മുതിർന്നവർക്കും ഏറെ സഹായകമാണ് ഈ ചെറുഗ്രന്ഥം. അതിരൂപതാമത്സരവേദികളിൽ തുടർച്ചയായി സമ്മാനാർഹമായിട്ടുള്ള ഇതിലെ വചനരംഗാവതരണങ്ങൾ സമകാലീന സമൂഹത്തിലെ പ്രശ്നങ്ങൾക്ക് വചനത്തിലൂടെ ഉത്തരം നല്കുവാൻ ശ്രമിക്കുന്നു.



BP No. 135
ബഥനി പബ്ലിക്കേഷൻസ്
കോട്ടയം-686 010

malankaralibrary.com